ശ്രീപാദംവക ചിലവിനു [illegible]-ാമാണ്ടത്തേക്ക വേണ്ടുന്ന വെളിച്ചെണ്ണ പറ ഒന്നേക്ക [illegible] കാലെമുണ്ടാണിയും നല്ലെണ്ണ പറ ഒന്നേക്ക [illegible] മഞ്ഞൾ തുലാം ഒന്നേക്ക [illegible] വാറൽമുളക തുലാം ഒന്നേക്ക [illegible] നല്ലമുളക തുലാം ഒന്നേക്ക [illegible] കടുക തുലാം ഒന്നേക്ക [illegible] അരയ്ക്കാലും ഉലുവാ തുലാം ഒന്നേക്ക [illegible] കാലും ചുക്ക തുലാം ഒന്നേക്ക [illegible] ഏലം തുലാം ഒന്നേക്ക [illegible] ഓമം തുലാം ഒന്നേക്ക [illegible] ചന്ദനം തുലാം ഒന്നേക്ക [illegible] ഇലിപ്പപ്പിണ്ണാക്ക തുലാം ഒന്നേക്ക [illegible] ജീരകം തുലാം ഒന്നേക്ക [illegible] നാടൻപാക്ക തുലാം ഒന്നേക്ക [illegible] അരയും കുടമ്പുളി തുലാം ഒന്നേക്ക [illegible] കാലും വടിപ്പുളി തുലാം ഒന്നേക്ക [illegible] കാലും മഞ്ഞണമെഴുക തുലാം ഒന്നേക്ക [illegible] കുന്തിരിക്കം തുലാം ഒന്നേക്ക [illegible] അരയും പതിയൻ ശക്കര തുലാം ഒന്നേക്ക [illegible] മുക്കാലും ഉണ്ടശക്കര തുലാം ഒന്നേക്ക [illegible] ചെറുപയറ പറ ഒന്നേക്ക [illegible] അരയും ഉഴുന്ന പറ ഒന്നേക്ക [illegible] പെരുമ്പയറ പറ ഒന്നേക്ക [illegible] പുന്നക്കെണ്ണ പറ ഒന്നേക്ക [illegible] പണം വിലക്കം കൊത്തമ്പാലരി തുലാം ഒന്നേക്ക [illegible] കാലെമുണ്ടാണിയും അഷ്ടഗന്ധം പലം ഒന്നേക്ക [illegible] മുണ്ടാണി അരമാകാണിയും വെറ്റിലപാക്ക റാത്തൽ ഒന്നേക്ക [illegible] അരമാകാണിയും മുതിര പറ ഒന്നേക്ക [illegible] മുക്കാലും കടല പറ ഒന്നേക്ക [illegible] മുക്കാലെ അരയ്ക്കാലും തുവരൻപരിപ്പ പറ ഒന്നേക്ക [illegible] കാലെ അരയ്ക്കാലും എള്ള പറ ഒന്നേക്ക [illegible] ചൂടം പലം ഒന്നേക്ക [illegible] കാലെ മുണ്ടാണിയും കക്കണ്ട തുലാം ഒന്നേക്ക [illegible] മുക്കാലും പനിനീര ഇടങ്ങഴി ഒന്നേക്ക [illegible] സാമ്പ്രാണി പലം ഒന്നേക്ക കാലെമാകാണിയും ആവണക്കെണ്ണ ഇടങ്ങഴി ഒന്നേക്ക [illegible] അരയും വേപ്പെണ്ണ ഇടങ്ങഴി ഒന്നേക്ക [illegible] മുണ്ടാണിയും മണ്ണെണ്ണ ഇടങ്ങഴി ഒന്നേക്ക ഒന്നും ശക്കരഎണ്ണ ഇടങ്ങഴി ഒന്നേക്ക [illegible] മുക്കാലെ മുണ്ടാണിയും തേൻ ഇടങ്ങഴി ഒന്നേക്ക [illegible] കായം പലം ഒന്നേക്ക [illegible] അരയും പരുത്തിക്കുരു തുലാം ഒന്നേക്ക [illegible] ഗോതമ്പ പറ ഒന്നേക്ക [illegible] അരയും എള്ളുംപിണ്ണാക്ക തുലാം ഒന്നേക്ക [illegible] കാലെ മുണ്ടാണിയും കാപ്പിഅരി റാത്തൽ ഒന്നേക്ക [illegible] തിരിനൂൽ തുലാം ഒന്നേക്ക [illegible] മുക്കാലും പണം വിലയിൽ ഏല്പിക്കുന്ന ചരക്കിനു നൂറിനു [illegible] പണം വീതം കുറച്ചും കത്തക കൊടുത്തിരിക്കുന്ന അവധി [illegible]-ാമാണ്ട കർക്കടകമാസം വരെ തീരുന്നതും [illegible]-ാമാണ്ടത്തെ ചിലവിനു താഴെ പട്ടികയിൽ പറയുംപ്രകാരമുള്ള സാമാനങ്ങൾ വേണ്ടുന്നതും ആകകൊണ്ട പ്രസിദ്ധപ്പെടുത്തുന്നതെന്തെന്നാൽ

വെളിച്ചെണ്ണ	പറ	[illegible]	പരുത്തിക്കുരു	തുലാം	[illegible]
ശക്കരഎണ്ണ	ടി	[illegible]	കാപ്പിഅരി	ടി	[illegible]
നല്ലെണ്ണ	ടി	[illegible]	കൊത്തമ്പാലരി	ടി	[illegible]
ആവണക്കെണ്ണ	ടി	[illegible]	കായം	ടി	[illegible]
മണ്ണെണ്ണ	ടി	[illegible]	മഞ്ഞൾ	ടി	[illegible]
തേൻ	ടി	[illegible]	വാറൽമുളക	ടി	[illegible]
ചെറുപയറ	ടി	[illegible]	നല്ലമുളക	ടി	[illegible]
ഉഴുന്ന	ടി	[illegible]	കടുക	ടി	[illegible]
മുതിര	ടി	[illegible]	ഉലുവാ	ടി	[illegible]
തുവരൻപരിപ്പ	ടി	[illegible]	ജീരകം	ടി	[illegible]
ഗോതമ്പ	ടി	[illegible]	എള്ളുംപിണ്ണാക്ക	ടി	[illegible]
കടല	ടി	[illegible]	വെറ്റിലപാക്ക	ടി	[illegible]
എള്ള	ടി	[illegible]	ചന്ദനം	ടി	[illegible]
പെരുമ്പയറ	ടി	[illegible]	പതിയൻശക്കര	ടി	[illegible]
വേപ്പെണ്ണ	ഇടങ്ങഴി	[illegible]	ഉണ്ടശക്കര	ടി	[illegible]
ചൂടം	പലം	[illegible]	പഞ്ചസാര	ടി	[illegible]
സാമ്പ്രാണി	ടി	[illegible]	നാടൻപാക്ക	ടി	[illegible]
കുന്തിരിക്കം	ടി	[illegible]	ചുക്ക	ടി	[illegible]
അഷ്ടഗന്ധം	ടി	[illegible]	കക്കണ്ട	ടി	[illegible]
[illegible]	ടി	[illegible]	തിരിനൂൽ	ടി	[illegible]

മേലെഴുതിയതിന്നണ്ണം [illegible] കൂട്ടം സാമാനങ്ങൾ ആവശ്യം ഉള്ളത ശേഖരിച്ച ഏല്പിക്കയും [illegible] വകക്ക മുറപോലെ രണ്ട ജാമ്യം സ്ഥിരപ്പെടുത്തുകയൊ ഡെമണി വെയ്ക്കയൊ ചെയ്യുകയും ചെയ്യുന്നതിനു മനസ്സുള്ള ആളുകളെ ശ്രീപാദം നിത്യച്ചിലവിൽ വരുത്തി നിറുത്തി ലേലം വിളിപ്പിച്ച എല്ലാ സാമാനങ്ങൾക്കും ഒന്നിച്ചെങ്കിലും ഏതാനും സാമാനങ്ങൾക്ക ചില്ലറയായിട്ടെങ്കിലും സഹായവിലക്ക ആളെപ്പെടുന്നതു പോലെ കത്തക കൊടുക്കുന്നതാവെന്നും നിശ്ചയിച്ചിരിക്കുന്നതും ലേലത്തിൽ ചേരുന്ന ആളുകൾ ജാമ്യമൊ ഡെമണിയൊ [illegible] ഉടമ്പടി എഴുതിവെച്ച കത്തക നടക്കമെന്നുള്ള ഉറപ്പിനു വേണ്ടി ലേലസമയം

൨൫൰ ബ്രിട്ടീഷ് രൂപാ ഡെമണി കെട്ടിവെയ്ക്കേണ്ടതും അങ്ങിനെ രൂപാ കെട്ടിവെക്കാത്ത ആളുകളെ ലേലത്തിനു ചേർക്കുന്നതല്ലാത്തതും ആകയാൽ അതിനുള്ളും ൧൦൮൩ കത്തക ഏറ്റുനടപ്പാൻ മനസ്സുള്ള ആളുകൾ ൧൦൮൨ വരുന്ന കർക്കടകമാസം ൧൨-നു പകൽ ൧൨ മണിക്കു മേൽപ്രകാരം രൂപായോടുകൂടി ശ്രീപാദം നിത്യച്ചിലവിൽ ഹാജരായി ബോധിപ്പിച്ചു കൊള്ളുകയും വേണം.

ലേലം അവസാനിച്ചുകൂടുമ്പോൾ മേലെഴുതിയതുപോലെ കെട്ടിവെക്കുന്ന രൂപായിൽ കത്തകക്കു ഏല്പിക്കുന്നവരുടെ രൂപാ ഡെമണിക്കു ഉപയോഗപ്പെടുത്തുകയും ശേഷംപേരു കെട്ടിവെക്കുന്ന രൂപാ ഉടനെ തിരിച്ചുകൊടുപ്പിക്കയും ചെയ്യുന്നതാകുന്നു. മേൽപ്രകാരം ഉള്ള സാമാനങ്ങൾ തുകയിൽ കൂടിയോ കുറച്ചോ ഏല്പിക്കണമെന്നു എപ്പോഴെങ്കിലും ചട്ടംകെട്ടുന്നു എങ്കിൽ അപ്പോൾ അതിനുള്ളവും ഏല്പിക്കേണ്ടതാകുന്നു.

ലേലം സ്ഥിരപ്പെട്ടതിന്റെ ശേഷം ജാമ്യം മുതലായതു ഉറപ്പാക്കി ഉടമ്പടി എഴുതിവച്ചു കത്തക നടക്കാതിരിക്കയോ മറ്റു ഏതെങ്കിലും സംഗതിവശാൽ പിൻമാറുകയോ ചെയ്യുന്നപക്ഷം കത്തകക്കു ഏല്പിക്കുന്നവരെ കത്തകയിൽ നിന്നും പിരുത്തി ആവർത്തിച്ചു ലേലം വിളിപ്പിച്ചു ഏല്പിക്കുന്നവർക്കു കൊടുക്കയും അങ്ങിനെ കൊടുക്കുന്നതിൽ നഷ്ടം വരുന്ന പണത്തിനു ആദ്യലേലക്കാരനെക്കൊണ്ടു ഉത്തരവാദം ചെയ്യിക്കയും ലേലസമയം വച്ച ഡെമണി പ്രായശ്ചിത്തമായി മുതൽക്കൂട്ടുകയും ചെയ്യും. എന്നാൽ രണ്ടാമത്തെ ലേലത്തിൽ ലാഭം വരുന്നപണം ആദ്യലേലക്കാരൻ അവകാശം പറഞ്ഞുകൂടുന്നതല്ല.

ഇതിലേക്കു എഴുതി ബോധിപ്പിച്ച അനുവാദം ഉണ്ടാകുന്നതുപോലെ സ്ഥിരപ്പെടുത്തി മുറക്കു ഉടമ്പടി എഴുതിവച്ചു നടത്തിക്കേണ്ടുന്നതാകുന്നു എന്നു

൧൦൮൨ മാണ്ടു മിഥുനമാസം ൩൧-നു

ശ്രീപാദം മാനേജർ,
ശംകരൻ കൃഷ്ണൻ.

നമ്പർ ൨൯൯. രായസം.

ശ്രീപാദം കച്ചേരിയിൽ നിന്നും പരസ്യം ചെയ്യുന്നതു എന്തെന്നാൽ

ശ്രീപാദം വകക്കു എണ്ണക്കാപ്പു ഉൾപ്പെട്ട ചിലവിനു ൧൦൮൩ മാണ്ടത്തേക്കു വേണ്ടുന്ന അങ്ങാടി മരുന്നുകളിൽ നിരക്കിൽ ഉൾപ്പെട്ട മരുന്നുകൾക്കു ൧൦൮൨ മാണ്ടു മേടമാസം ൧-നു മുതൽ ൩൦-നു വരെയുള്ള നിരക്കനുസരിച്ചു വിലവച്ചു അതിൽ നിന്നും ഏല്പിക്കുന്ന മരുന്നുകൾക്കു നൂററിനു നാലേ മാകാണി പണവും നിരക്കിൽ ഉൾപ്പെടാത്തെയുള്ള മരുന്നുകൾക്കു കൊത്തുവാൾ മുഖാന്തിരം വിലവെപ്പിച്ചുവരുത്തി അതിൽ നിന്നും നൂററിനു നാലേ മാകാണി പണവും കുറച്ചു ഏല്പിക്കത്തക്കവണ്ണം ഉടമ്പടിചെയ്തു കത്തക കൊടുത്തിരിക്കുന്ന കാലാവധി ൧൦൮൨-മാണ്ടു കർക്കടകമാസം വരെ കഴിയുന്നതും ൧൦൮൩ മാണ്ടത്തെ ചിലവിനു വേണ്ട അങ്ങാടിമരുന്നുകൾ ശേഖരപ്പെടുത്തി ഏല്പിക്കയും ആ വകക്കു വേണ്ട ജാമ്യം സ്ഥിരപ്പെടുത്തുകയോ ഡെമണി കെട്ടിവെക്കയോ ചെയ്കയും ചെയ്യുന്നതിനു മനസ്സുള്ള ആളുകളെ ശ്രീപാദം നിത്യച്ചിലവിൽ വരുത്തിനിറുത്തി ലേലം വിളിപ്പിച്ചു സഹായവിലക്കു ഏല്പെടുന്നതുപോലെ കത്തക കൊടുക്കത്തക്കവണ്ണം നിശ്ചയിച്ചിരിക്കുന്നതും ആകുന്നു

ലേലത്തിൽ ചേരുന്ന ആളുകൾ ജാമ്യമോ ഡെമണിയോ ഉറപ്പാക്കി ഉടമ്പടി എഴുതിവച്ചു കത്തക നടക്കേണ്ടുന്നുള്ള ഉറപ്പിനുവേണ്ടി ലേലസമയം ൧൫൰ ബ്രിട്ടീഷ് രൂപാ ഡെമണി കെട്ടിവെക്കേണ്ടതും അങ്ങനെ കെട്ടിവെക്കാത്ത ആളുകളെ ലേലത്തിൽ ചേർക്കുന്നതല്ലാത്തതും ആകയാൽ അതിനുള്ളും ൧൦൮൩ കത്തക ഏറ്റുനടപ്പാൻ മനസ്സുള്ള ആളുകൾ ൧൦൮൨ വരുന്ന കർക്കടകമാസം ൧൨-നു പകൽ ൧൨ മണിക്കു മേൽപ്രകാരം രൂപായോടുകൂടി ശ്രീപാദം നിത്യച്ചിലവിൽ ഹാജരായി ബോധിപ്പിച്ചു കൊള്ളുകയുംവേണം.

ലേലം അവസാനിച്ചുകൂടുമ്പോൾ മേലെഴുതിയതുപോലെ കെട്ടിവെക്കുന്ന രൂപായിൽ കത്തകക്കു ഏല്പിക്കുന്നവരുടെ രൂപാ ഡെമണിക്കു ഉപയോഗപ്പെടുത്തുകയും ശേഷംപേരു കെട്ടിവെക്കുന്ന രൂപാ ഉടനെ തിരിച്ചു കൊടുപ്പിക്കയും ചെയ്യുന്നതാകുന്നു.

ലേലം സ്ഥിരപ്പെട്ടതിന്റെ ശേഷം ജാമ്യം മുതലായതു ഉറപ്പാക്കി ഉടമ്പടി എഴുതിവച്ചു കത്തക നടക്കാതിരിക്കയോ മറ്റു ഏതെങ്കിലും സംഗതിവശാൽ പിൻമാറുകയോ ചെയ്യുന്ന പക്ഷം കത്തകക്കു ഏല്പിക്കുന്നവരെ കത്തകയിൽ നിന്നും പിരുത്തി ആവർത്തിച്ചു ലേലം വിളിപ്പിച്ചു ഏല്പിക്കുന്നവർക്കു കൊടുക്കയും അങ്ങനെ കൊടുക്കുന്നതിൽ നഷ്ടംവരുന്ന പണത്തിനു ആദ്യ ലേലക്കാരനെക്കൊണ്ടു ഉത്തരവാദം ചെയ്യിക്കയും ലേലസമയം വച്ച ഡെമണി പ്രായശ്ചിത്തമായി മുതൽക്കൂട്ടുകയും ചെയ്യും എന്നാൽ രണ്ടാമത്തെ ലേലത്തിൽ ലാഭം വരുന്ന പണത്തിനു ആദ്യ ലേലക്കാരനു അവകാശം പറഞ്ഞുകൂടുന്നതല്ലാ ഇതിലേക്കു എഴുതി ബോധിപ്പിച്ച അനുവാദം ഉണ്ടാകുന്നതുപോലെ സ്ഥിരപ്പെടുത്തി മുറക്കു ഉടമ്പടി എഴുതിവച്ചു നടത്തിക്കേണ്ടുന്നതാകുന്നു എന്നു ൧൦൮൨ മാണ്ടു മിഥുനമാസം ൩൧-നു

ശ്രീപാദം മാനേജർ ശംകരൻ കൃഷ്ണൻ.

രായസം.

നമ്പ്ര ൨൨൯

ശ്രീപാദം കച്ചേരിയിൽ നിന്നും പരസ്യം ചെയ്യുന്നതു എന്തെന്നാൽ

ശ്രീപാദം വകക്കു ൧൦൯൭-ാമാണ്ടത്തെ ചിലവിനു വെണ്ടുന്ന വിറകു രണ്ടര തുലാത്തിൽ കുറ്റംകെട്ടു ഒന്നുക്കു രണ്ടു ചക്രം മൂന്നു കാശും മൂന്നു തുലാത്തിൽ ശ്രാക്കെട്ടു ഒന്നുക്കു രണ്ടു ചക്രം ഒൻപതു കാശും വിലക്കു കുത്തക കൊടുത്തിട്ടുള്ള കാലാവധി ൯൬-ാമാണ്ടു കൎക്കടക മാസം വരെ കഴിയുന്നതും ൧൦൯൭-ാമാണ്ടത്തെ ചിലവിനു താഴെ പട്ടികയിൽ പറയുംപ്രകാരമുള്ള വിറകു വെണ്ടുന്നതും ആകകൊണ്ടു പ്രസിദ്ധപ്പെടുത്തുന്നതു എന്തെന്നാൽ

കുറ്റംകെട്ടു	൧൦൦൦൦	ശ്രാക്കെട്ടു	൨൧൦൦

മെലെഴുതിയ കുറ്റംകെട്ടും ശ്രാക്കെട്ടും ആവശ്യം ഉള്ളതു ശെഖരിച്ചു ഏല്പിക്കയും ആവകക്കു ജാമ്യം സ്ഥിരപ്പെടുത്തുകയൊ ഡെമണി വെക്കയൊ രണ്ടും ചെയ്യുന്നതിനു മനസ്സുള്ള ആളുകളെ ശ്രീപാദത്തു നിത്യച്ചിലവിൽ വരുത്തി നിറുത്തി ലെലം വിളിപ്പിച്ചു സഹായ വിലക്കു ഏലപ്പെടുന്നതുപൊലെ കുത്തക കൊടുക്കത്തക്കവണ്ണം നിശ്ചയിച്ചിരിക്കുന്നതും ലെലത്തിൽ ചെരുന്ന ആളുകൾ ജാമ്യമൊ ഡെമണിയൊ ഉറപ്പാക്കി ഉടമ്പടി എഴുതിവച്ചു കുത്തക നടക്കുമെന്നുള്ള ഉറപ്പിനു വെണ്ടി ലെല സമയം ൨൫ ബ്രിട്ടീഷ് രൂപാ ഡെമണി കെട്ടിവെക്കെണ്ടതും അങ്ങിനെ കെട്ടിവെക്കാത്ത ആളുകളെ ലെലത്തിൽ ചെൎക്കുന്നതല്ലാത്തതും ആകയാൽ അതിന്മണ്ണം ൯൬ ഈ കുത്തക ഏറ്റു നടപ്പാൻ മനസ്സുള്ള ആളുകൾ ൯൬ വരുന്ന കൎക്കടക മാസം ൧൫-നു പകൽ ൧൨ മണിക്കു രൂപായൊടു കൂടി ശ്രീപാദം നിത്യച്ചിലവിൽ ഹാജരായി ബൊധിപ്പിച്ചു കൊള്ളുകയും വെണം.

ലെലം അവസാനിച്ചു കൂടുമ്പൊൾ മെലെഴുതിയതുപൊലെ കെട്ടിവെക്കുന്ന രൂപായിൽ കുത്തകക്കു ഏല്പെടുന്നവരുടെ രൂപാ ഡെമണിക്കു ഉപയൊഗപ്പെടുത്തുകയും ശെഷം പെരു കെട്ടിവെക്കുന്ന രൂപാ ഉടനെ തിരിച്ചു കൊടുപ്പിക്കയും ചെയ്യുന്നതാകുന്നു.

ലെലം സ്ഥിരപ്പെട്ടതിന്റെ ശെഷം ജാമ്യം മുതലായതു ഉറപ്പാക്കി ഉടമ്പടി എഴുതി വെച്ചു കുത്തക നടത്താതിരിക്കയൊ മറ്റു ഏതെങ്കിലും സംഗതി വശാൽ പിൻമാറുകയൊ ചെയ്യുന്ന പക്ഷം കുത്തകക്കു ഏല്പെടുന്നവരെ ൯൬ കുത്തകയിൽ നിന്നും വിടുത്തി ആവൎത്തിച്ചു ലെലം വിളിപ്പിച്ചു ഏല്പെടുന്നവൎക്കു കൊടുക്കയും അങ്ങിനെ കൊടുക്കുന്നതിൽ നഷ്ടം വരുന്ന പണത്തിനു ആദ്യലെലക്കാരനെ കൊണ്ടു ഉത്തരവാദം ചെയ്യിക്കയും ലെല സമയം വച്ച ഡെമണി പ്രായശ്ചിത്തമായിട്ടു മുതൽക്കൂട്ടുകയും ചെയ്യും. എന്നാൽ രണ്ടാമതു ലെലത്തിൽ ലാഭം വരുന്ന പണത്തിനു ആദ്യ ലെലക്കാരനു അവകാശം പറഞ്ഞുകൂടുന്നതല്ലാ. ഇതിലെക്കു എഴുതി ബൊധിപ്പിച്ചു അനുവാദം ഉണ്ടാകുന്നതു പൊലെ സ്ഥിരപ്പെടുത്തി മുറക്കു ഉടമ്പടി എഴുതിവച്ചു നടത്തിക്കുമെന്നുള്ളതാകുന്നു എന്നു ൧൦൯൬-ാമാണ്ടു മിഥുനമാസം ൨൧-നു

ശ്രീപാദം മാനെജർ രാമശങ്കരൻകൃഷ്ണൻ.

നമ്പ്ര ൨൨൭.

രായസം.

ശ്രീപാദം കച്ചേരിയിൽ നിന്നും പരസ്യം ചെയ്യുന്നതു എന്തെന്നാൽ

ശ്രീപാദം വകക്കു ൧൦൯൬-ാമാണ്ടത്തെ ചിലവിനു ൧൨ അര മുഴം നീളം ഒന്നര മുഴം വീതിയിൽ ൨൫ രൂപാ തൂക്കത്തിൽ ഉറുമാൽ പച്ചവടം ഒന്നുക്കു ഏഴെ കാലും ൧൪ മുഴം നീളം ഒന്നര അരക്കാൽ മുഴം വീതി ൻ൦ രൂപാ തൂക്കത്തിൽ പച്ചവടം ഒന്നുക്കു എട്ടെകാൽ മുണ്ടാണി മുക്കാ മാകാണിയും പണം വിലക്കു കുത്തക കൊടുത്തിരിക്കുന്ന കാലാവധി ൯൬-ാമാണ്ടു കൎക്കടക മാസം വരെ കഴിയുന്നതും ൧൦൯൭-ാമാണ്ടത്തെ ചിലവിനു താഴെ പട്ടികയിൽ പറയുംപ്രകാരമുള്ള പച്ചവടങ്ങൾ വെണ്ടുന്നതുമാകകൊണ്ടു പ്രസിദ്ധപ്പെടുത്തുന്നതു എന്തെന്നാൽ

൧൨ അര മുഴം നീളം ൧ അര മുഴം വീതി ൨൫ രൂപാ തൂക്കത്തിൽ പച്ചവടം ൨൦൦.
൧൪ മുഴം നീളം ൧ അര അരക്കാൽ മുഴം വീതി ൻ൦ രൂപാ തൂക്കത്തിൽ പച്ചവടം ൨൧൫

മെലെഴുതിയ പച്ചവടങ്ങൾ ആവശ്യം ഉള്ളതു ശെഖരിച്ചു ഏല്പിക്കയും ആവകക്കു ജാമ്യം സ്ഥിരപ്പെടുത്തുകയൊ ഡെമണി വെക്കയൊ രണ്ടും ചെയ്യുന്നതിനു മനസ്സുള്ള ആളുകളെ ശ്രീപാദം നിത്യച്ചിലവിൽ വരുത്തി നിറുത്തി ലെലം വിളിപ്പിച്ചു സഹായ വിലക്കു ഏലപ്പെടുന്നതുപൊലെ കുത്തക കൊടുക്കത്തക്കവണ്ണം നിശ്ചയിച്ചിരിക്കുന്നതും ലെലത്തിൽ ചെ

തന്ന ആളുകളും ജാമ്യമോ ഡെമാണ്ടോ ഉള്ള പ്പാക്കി ഉടമ്പടി എഴുതിവച്ചു കുത്തക നടത്തേണ്ടതുള്ള ഉറുപ്പികയോ ലേല സമയം ഏഴു ബ്രിട്ടീഷ് രൂപാ ഡെമാണ്ടി കെട്ടിവെക്കേണ്ടതും അങ്ങിനെ കെട്ടിവെക്കാത്ത ആളുകളെ ലേലത്തിൽ ചേർക്കുന്നതല്ലാത്തതുമാകയാൽ അതിന്നുള്ളവരും കുത്തക ഏറ്റു നടപ്പാൻ മനസ്സുള്ള ആളുകളും ൧൦൮൨ കർക്കടകമാസം [illegible] മേൽപ്രകാരം രൂപായോടുകൂടി ശ്രീപാദം നിതൃപ്പിച്ചാൽ ഹാജരായി ബോധിപ്പിച്ചു കൊള്ളുകയും വേണം.

ലേലം അവസാനിച്ചുകഴിഞ്ഞാലും മേലെഴുതിയതുപോലെ കെട്ടിവെക്കുന്ന രൂപായിൽ കുത്തകക്കു ഏല്പിക്കുന്നവരുടെ രൂപാ ഡെമാണ്ടിക്കു ഉപയോഗപ്പെടുത്തുകയും ശേഷംപേരുടെ കെട്ടിവെക്കുന്ന രൂപാ ഉടനെ തിരിച്ചു കൊടുക്കയും ചെയ്യുന്നതാകുന്നു.

ലേലം സ്ഥിരപ്പെട്ടതിന്റെ ശേഷം ജാമ്യം മുതലായതു ഉറപ്പാക്കി ഉടമ്പടി എഴുതിവച്ചു കുത്തക നടക്കാതിരിക്കയോ മറ്റു ഏതെങ്കിലും സംഗതിവശാൽ പിൻമാറുകയോ ചെയ്യുന്ന പക്ഷം കുത്തകക്കു ഏല്പിക്കുന്നവരെ കുത്തകയിൽനിന്നും വിട്ടത്തി ആവശ്യത്തിന്നു ലേലം വിളിപ്പിച്ചു ഏല്പിക്കുന്നവർക്കു കൊടുക്കയും അങ്ങിനെ കൊടുക്കുന്നതിൽ നഷ്ടം വരുന്ന പണത്തിനു ആദ്യ ലേലക്കാരനെക്കൊണ്ടു ഉത്തരവാദം ചെയ്യിക്കയും ലേലസമയം വച്ച ഡെമാണ്ടി പ്രായശ്ചിത്തമായി മുതൽകൂട്ടുകയും ചെയ്യും. എന്നാൽ രണ്ടാമതു ലേലത്തിൽ ലാഭം വരുന്ന പണത്തിന്നു ആദ്യലേലക്കാരനു അവകാശം ഉണ്ടായിരിക്കുന്നതല്ല. ഇതിലേക്കു ഏഴുതി ബോധിപ്പിച്ചു അനുവാദം ഉണ്ടാകുന്നതുപോലെ സ്ഥിരപ്പെടുത്തി മുറക്കു ഉടമ്പടി എഴുതിവച്ചു നടത്തിക്കേണ്ടതുള്ളതാണെന്നു ൧൦൮൨ാമാണ്ടു മിഥുനമാസം ൨൪നു.

ശ്രീപാദം മാനേജർ ശേഖരൻ കൃഷ്ണൻ.

കൊട്ടയം ഡിവിഷൻ കച്ചേരിയിൽ നിന്നും
പരസ്യം ചെയ്യുന്നതെന്തെന്നാൽ

ഏറ്റുമാനൂർ താലൂക്കിൽ കിടങ്ങൂർ സുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിൽ വെച്ചു ൧൦൮൩ാമാണ്ടു കന്നിമാസം ൨൭നു ഒരു ദിവസത്തേക്കു നടത്തിപ്പാനുള്ള അഷ്ടമി തിരുനാൾ പട്ടത്താനം അടിയന്തിരത്തിനു വേണ്ട കോപ്പുകൾ കുത്തകയായി ഏല്പിക്കുന്നതിനു കർക്കടകമാസം ൨൮നു താലൂക്കിലും ൩൨നു-ം കച്ചേരിയിലും വെച്ചു ലേലംചെയ്യുന്നതിനു നിശ്ചയിച്ചിരിക്കുന്നു. ഓരോരുത്തരും ൫ രൂപാ വീതം ഡെമാണ്ടി വെക്കാതെ ലേലത്തിൽ ചേരുന്നതിനു അനുവദിക്കുന്നതല്ല. കുത്തകക്കു ഏല്പിക്കുന്നവരുടെ മേൽ സർക്കാരിലെ യുക്തംപോലെ ഗവൎമ്മെന്റനുവാദപ്രകാരം ലേലം സ്ഥിരപ്പെടുത്തിയാൽ ഒരു ഭാഗം ഡെമാണ്ടിയും ലേലക്കാരന്റെ ചിലവിന്മേൽ ഉടമ്പടിയും വെപ്പിച്ചു കുത്തക കൊടുത്തു നടത്തിക്കുന്നതും അടിയന്തിരം കഴിഞ്ഞുകണക്കു തീർപ്പിച്ചു പണം കൊടുപ്പിക്കുന്നതും ആകുന്നു.

ലേലത്തിൽ ചേരുന്നതിനു ഡെമാണ്ടി വച്ചിട്ടുള്ളതിൽ ലേലം സ്ഥിരപ്പെടുന്നവരുടെ തുക അവർ കുത്തകയുടെ ഉറപ്പിനു വേണ്ടുന്ന ഡെമാണ്ടിക്കു ഉപയോഗപ്പെടുത്തുകയും ശേഷം പേരുടെ ഡെമാണ്ടി ഉടൻ തിരിച്ചു കൊടുക്കുകയും ചെയ്യുന്നതാണ്. ലേലത്തിനു പിടിച്ചതിന്റെശേഷം ഉടമ്പടി മുതലായതു വെക്കാതെയോ ഉടമ്പടി വച്ചതിന്റെ ശേഷം അതിലെ താല്പര്യപ്രകാരം ശരിയായി നടക്കാതെയോ ഇരുന്നാൽ ഡെമാണ്ടി വച്ചിട്ടുള്ള സംഖ്യ പ്രായശ്ചിത്തമായി മുതൽകൂട്ടുന്നതു കൂടാതെ വേറെ വിധം ഏല്പിച്ചെങ്കിലും നടത്തിക്കുന്നതിൽവച്ചു ഉണ്ടാകുന്ന സകല നഷ്ടങ്ങളും കരക്കടശ്ശീലപോലെ ലേലക്കാരനിൽനിന്നും ഈടാക്കുന്നതാണ്.

൧൦൮൨ാമാണ്ടു ആനിമാസം ൨൫നു.

ദിവാൻപേഷ്കാർ പത്മനാഭൻ ശങ്കരൻ
പകരം ഹെ: അസിസ്റ്റന്റു
എം. പപ്പുപിള്ള.

കൊട്ടയം ഡിവിഷൻ കച്ചേരിയിൽനിന്നും
പരസ്യംചെയ്യുന്നതു എന്തെന്നാൽ

ആലങ്ങാട്ട താലൂക്കിൽ തിരുവാലൂർ ഊട്ടിൽ വെച്ചു ൧൦൮൩ ാമാണ്ടു നടത്തിപ്പാനുള്ള തിങ്ങൾ അടിയന്തിരത്തിനു വേണ്ട കോപ്പുകൾ കുത്തകയായി ഏല്പിക്കുന്നതിനു ൧൦൮൨ാമാണ്ടു കർക്കടകമാസം ൧൭നു താലൂക്കിലും ൨൭നു-ം കച്ചേരിയിലും വച്ചു ലേലം ചെയ്യുന്നതിനു നിശ്ചയിച്ചിരിക്കുന്നു. ഓരോരുത്തരും ൫ രൂപാ വീതം ഡെമാണ്ടി വെക്കാതെ ലേലത്തിൽ ചേരുന്നതിനു അനുവദിക്കുന്നതല്ല. കുത്തകക്കു ഏല്പിക്കുന്നവരുടെ മേൽ സർക്കാരിലെ യുക്തംപോലെ ഗവൎമ്മെന്റു അനുവാദപ്രകാരം ലേലം സ്ഥിരപ്പെടുത്തിയാൽ ഒരു ഭാഗം ഡെമാണ്ടി

യും ലേലക്കാരൻ വിലവിവരങ്ങൾ ഉടനെ വിധം ബോധിപ്പിച്ച തുക തൊട്ടത്തെ നടത്തിയാൽ മുതലും അടിയന്തിരം കഴിഞ്ഞു കണക്ക തീർപ്പിച്ച പണം ബോധിപ്പിക്കുന്നതും ആകുന്നു.

ലേലത്തിൽ ചെലവു ചെയ്ത പണം വിട്ടിട്ടുള്ളതിൽ ലേലം സ്ഥിരപ്പെടുന്നവരെ ഉടമസ്ഥരുടെ വസ്തുവിന്റെ ബോധിപ്പിക്കപ്പെട്ടതും ഉപയോഗപ്പെടുത്തുകയും കൊടുക്കുകയും ചെയ്യുന്നതാകുന്നു. ലേലത്തിൽ പിടിച്ചതിൽ പണം ഉടനെ കെട്ടിവെക്കാത്ത പക്ഷം വീണ്ടും ലേലം ചെയ്ത ഇതിലെ ബാക്കി ശരിയായി നടക്കാതെ ഇരുന്നാൽ പണം വിട്ടിട്ടുള്ള സംഖ്യ പ്രായശ്ചിത്തമായി മുതൽകൂട്ടുന്നതുകൂടാതെ വീണ്ടും ലേലം ചെയ്ത നടത്തിക്കുന്നതിൽ വച്ചു ഉണ്ടാകുന്ന സകല നഷ്ടങ്ങളും ഒന്നാമത്തെ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതാണു.

൧൦൭൨-ാമാണ്ടു ആനിമാസം ൨൦-ന

ദിവാൻപേഷ്കാർ പത്മനാഭൻ ശങ്കരൻ,
പകരം അ: അസിസ്റ്റന്റ,
എം. പപ്പുപിള്ള.

നമ്പർ ൧൭൫൩

നൊട്ടീസു

ഹജൂരിൽ നിന്നും ൧൮൦൭ ഏപ്രിൽ ൧൭-൨൭ാം നമ്പരിൽ എഴുതിവന്ന മെമ്മോ പ്രകാരം ൧൭-൩൭ാം നമ്പരിൽ ഉണ്ടായിരിക്കുന്ന ഉത്തരവിലെ കല്പനപ്രകാരം കൊട്ടയം താലൂക്കിൽ ചേർന്ന അയ്മനം പ്രവൃത്തിയിൽ കുടശകരയിൽ മിഷ്യൻ പള്ളിക്കൂടത്തിന്റെ സമീപവും താഴെ പറയുന്ന സ്ഥലത്തും ഒരു കാളച്ചന്ത നടപ്പാക്കുന്നതാകുന്നു.

ആണ്ടിൽ ചിങ്ങം, തുലാം, ധനു, കുംഭം, മെടം ഈ മാസങ്ങളിൽ ൧൫ ൨൦ ൦ തിയതികളിൽ ൧൧-ാം ഞായറാഴ്ച വന്നാൽ ൨൦ ൨൧ ൦ തിയതികളിലും ൨൦-ാം ഞായറാഴ്ച വന്നാൽ ൧൯ ൦ ൧൮ ൦ തിയതികളിലും ടി ചന്തയിൽ കാളവാണിഭം നടത്തപ്പെടുന്നതാകുന്നു.

൭൨ മിഥുനം ൧൯-ന

കൊട്ടയം തഹശീൽദാർ ആർ. കൃഷ്ണപിള്ള.

ചന്തസ്ഥലം.

വസ്തു ഇരിക്കുന്ന				വസ്തു വിവരം	അളവുകൾ				
താലൂക്ക	പ്രവൃത്തി	മുറി	പേരിൽ പതിവുകാരന്റെ പേര			കിഴക്ക	തെക്ക	മെക്ക	വടക്ക
കൊട്ടയം	അയ്മനം	കുടശ	ചീരട്ടമൺ കൃഷ്ണനിൽ കരം ഒഴിവു	ചീരട്ടമൺ കൃഷ്ണനിൽ കരം ഒഴിവു	കിഴക്ക ൨൦ മെക്ക ൧൯ തെക്ക ൪൦ വടക്ക ൩൯	കൃഷ്ണൻ വക പുരയിടം	ടി	ടി	ടി

Notices of unclaimed properties.

നമ്പ്ര ൧൭൨൯

പാറശ്ശാല ൨ാം ക്ലാസു മജിസ്ത്രേട്ടു കൊട്ടിൽനിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

ഈ കൊട്ടിൽ ൧൮൯൭ൽ ഫയൽ ചെയ്ത നമ്പ്ര്‌ൽ ൨ാം പ്രതിയായ പുതിയിടം സംസ്ഥാനം, മധുര ജില്ലാ വടക്കെ വാശ്ശരിയിൽ ഗോവിന്ദരായന്റെ പക്കൽനിന്നും ലക്ഷ്യം വകയായി എടുത്തു ഹാജരാക്കിയതും വിധിപ്രകാരം മേൽപ്രസ്താവിച്ച പ്രതിക്കു തിരിച്ചു കൊടുക്കേണ്ടതും ആയ (കാശുമാല) ഈ കൊട്ടിൽ ലേലത്തിൽ വിറ്റിട്ടുള്ള വില ഒന്നും ലേലത്തിൽ വിറ്റിട്ടുള്ള ഈ കൊട്ടിൽ മുതൽ വച്ചിട്ടുള്ള പണം പതിനാലു ഹാജരായി വാങ്ങിക്കൊള്ളണമെന്നു പ്രതിക്കു നൊട്ടീസു കൊടുത്തതനുസരിച്ചു ഇതുവരെ ഹാജരായി വാങ്ങിയിട്ടില്ലെന്നു കാണുന്നതിനാൽ ഈ പരസ്യത്തിലെ തീയതി മുതൽ മൂന്നു ദിവസത്തിനകം മേൽവിവരിച്ച പണം പതിനാലും ഈ കൊട്ടുമുൻപാകെ ഹാജരായി വാങ്ങിക്കൊള്ളേണ്ടതാകുന്നു. അല്ലാത്തപക്ഷം അവധി കഴിഞ്ഞ ഉടനെ മുഴുവൻ സർക്കാരിലേക്കു മുതൽ കൂട്ടുന്നതാകുന്നു എന്നു ൭൨ ഇടവം ൩൧-ന.

൨ാം ക്ലാസു മജിസ്ത്രേട്ടു എം. സുബ്രഹ്മണ്യയ്യൻ.

ചേർത്തല താലൂക്ക കച്ചേരിയിൽ നിന്നും

പരസ്യം ചെയ്യുന്നതു എന്തെന്നാൽ

ഇറവൂർ ദേ. സം. വക ഉപയോഗമില്ലാത്ത പഴയ മര ഉരുപ്പടികൾ ൮൨-ാം വരുന്ന കർക്കടകമാസം ൨൦-ാം- സ്ഥലത്തു വച്ചു ലേലം ചെയ്യുന്നതിന നിശ്ചയിച്ചിരിക്കുന്നതിനാൽ മനസ്സുള്ളവർ ഹാജരായി വിളികേൾക്കയും നാലിൽ ഒന്നു ഡെപ്പോസിറ്റ ഉടനെയും ശേഷം സംഖ്യ ഉത്തരവു വന്നു തെയ്യപ്പെട്ടതുമ്പഴും ഹാജരായി ഒടുക്കുകയും ചെയ്യേണ്ടതാകുന്നു. അതിന്മണ്ണം ഡെപ്പോസിറ്റൊ ശേഷം സംഖ്യയൊ ഒടുക്കാതെയിരുന്നാൽ അവ വെച്ചു ലേലം ചെയ്യാനും കുറവു വരുന്നതായാൽ അതിന്റെ ഉത്തരവാദിത്വം [illegible] ഉത്തരവാദം ചെയ്യിക്കുന്നതിനും ഇടവരുന്നതാണ് എന്നു ൮൨. ഇടവം ൮-ാം-

കാര്യം വിചാരിക്കുന്ന,

ഡിപ്പുടി തഹശീൽദാർ കുമാരപിള്ള.

സാമാന വിവരം

കഴുക്കോൽ, പുറവെട്ടു, പലക, വാരി, മുതലായതു ൧ മുതൽ ൩൨൨ വരെ നമ്പർ ഉരുപ്പടികളാകുന്നു

Private Advertisement.

പറവൂർ മുൻസിപ്പുകോട്ടു ൧൦൮൨-ൽ അസൽ നമ്പ്ര ൭൨൭.

വാദികൾ

൧. മുഴിക്കുളത്തു പള്ളിയിൽ കൈക്കാരന്മ പാറക്കടവു പ്രവൃത്തിയിൽ കുന്നുകരശ്ശേരി മുറിയിൽ മഴുവഞ്ചേരി പാണാട്ട നസ്രാണി ൬൫ വയസ്സായ വർക്കി മാത്തു ൨. ചെങ്ങമനാട്ട പ്രവൃത്തിയിൽ മള്ളുശ്ശേരി കരയിൽ കാച്ചപ്പിള്ളി നസ്രാണി ൭൫ വയസ്സായ മത്തായി ഇട്ടീര.

പ്രതികൾ

൧. ടി പ്രവൃത്തിയിൽ പാറപ്പുറശ്ശേരി കരയിൽ മാരാമറ്റത്തില്ലത്തു മലയാള ബ്രാഹ്മണൻ മക്കവഴി ഗൃഹഭരണം വെള്ളപ്പ നാരായണൻ എന്നു സ്ഥാനപ്പെരുള്ള ൫൭ വയസ്സായ ജനാർദ്ദനൻ ദാമോദരൻ നമ്പൂരിപ്പാട ൨. ടിയിൽ ൩൩ വയസ്സായ നാരായണൻ ജനാർദ്ദനൻ നമ്പൂരിപ്പാട.

൧൦൭൫ ഉറുപ്പിക മാസത്തിൽ നൂററുക്കു മുക്കാൽവീതം പലിശയോടുകൂടി വൃശ്ചികം ൩൦-ാം കൊടുക്കാമെന്നു അവധിവച്ചു ൭൦ വൃശ്ചികം ൨൦-ാം- അന്നു പള്ളിയിൽ കൈക്കാരനായിരുന്ന പഞ്ഞിപ്പിള്ളി വർക്കി തൊമ്മി താഴിക്കാരൻ ലോനൻ കുന്നുവറിയതു വികാരി കരിയതു അബ്രഹാം കത്തനാര ഇവരുടെ പേക്കു ൧-ാം പ്രതി എഴുതിക്കൊടുത്ത കടപ്പത്ര പ്രകാരം മുതൽ പലിശ കൊടുപ്പിലേക്കു ൭൨൩ [illegible] പലിശ ചിലവുസഹിതം ൧-ാം പ്രതിയുടെ കയ്യിനാലും ൧-ാം പ്രതിയുടെ തറവാട്ടു സ്വത്തിന്മേൽ സ്ഥാപിച്ചും പള്ളിക്കായി വാദികൾക്കു കൊടുപ്പിക്കണമെന്നു ൫൦൩ രൂപാ ൭ ചക്രം ൩ കാശിനു അന്യായം

ടി പള്ളിയോഗക്കാരായി അനേകം പേർ ഉണ്ടെന്നും അവർ എല്ലാവരും ചേന്നു വ്യവഹാരം കൊടുപ്പാൻ സാദ്ധ്യമായി വരുന്നതല്ലെന്നും അവർക്കു എല്ലാപേൎക്കും വെണ്ടി വ്യവഹാരം നടത്തുവാൻ വാദികൾക്കു അനുവാദം കൊടുക്കണമെന്നും അതിന്നു യോഗക്കാൎക്കു ആക്ഷേപം ഉണ്ടെങ്കിൽ ബോധിപ്പിപ്പാൻ വിവരം ഗവര്‍മെന്റു ഗസെററിൽ പ്രസിദ്ധപ്പെടുത്തണമെന്നും വാദികൾ ഹർജി ബോധിപ്പിച്ചിരിക്കുന്നു.

ടി നമ്പ്ര ൮-ാം വരുന്ന കർക്കടകമാസം ൨൨-ാം- വിചാരണയ്ക്കു വച്ചിരിക്കുന്നതും ടി പള്ളിയോഗക്കാരിൽ ആൎക്കെങ്കിലും വാദികൾ തനിച്ചു വ്യവഹാരം നടത്തുന്നതിൽ ആക്ഷേപം ഉണ്ടെങ്കിൽ ആ സംഗതി അവരൊ വക്കീലൊ ടി വിചാരണദിവസം പകൽ ൧൧ മണിക്കു ഈ കോട്ടിൽ ഹാജരായി ബോധിപ്പിപ്പാനുള്ളതും ആകുന്നു.

അപ്രകാരം ചെയ്യാഞ്ഞാൽ വാദികളെ തനിച്ചുവച്ചു ടി കേസു നടത്തി തീർച്ച ചെയ്യുന്നതാകുന്നു എന്നു തെര്യപ്പെടുത്തിയിരിക്കുന്നു

൧൦൮൨-ാമാണ്ടു മിഥുനമാസം ൧൯-ാം-

ഉത്തരവുപ്രകാരം,

ഹെഡ് ഗുമസ്താ പത്മനാഭപിള്ള.

സിവിൽ നിയമം ൬൩ ാം വകുപ്പുപ്രകാരം ചെയ്യുന്ന പരസ്യം.

കോട്ടയം മുൻസിപ്പു കോട്ടിൽ ൧൧൦൫-ാമാണ്ടു വക സ്മാൾ നമ്പർ ൨൩൮൭ ാമതു.

വാദി.

കോട്ടയം കിരാപ്പുഴ കരയിൽ അറക്കൽ പറമ്പിൽ നാരായണൻ രാമൻ

വക്കീൽ പി. ശിവരാമപിള്ള.

പ്രതി.

ചെത്തല മാരാരിക്കുളം കാട്ടൂര മുറിയിൽ പള്ളിയെക്കൽ നാരായണൻ കെ ശവൻ,

പ്രതിയെ തെര്യപ്പെടുത്തുന്നതു.

പ്രതിയുടെമെൽ ചാ ഞ്ഞ പണത്തിനായി വാദി ബോധിപ്പിച്ച ടി വ്യവഹാരത്തിൽ സമൻസയച്ചതിൽ പ്രതി കൈപ്പററാതെ ഒളിച്ചുമാറി നടക്കുന്നതും ടി നമ്പർ ൧൧൦൫ മാണ്ട കർക്കടകമാസം ൨൨ നു വിചാരണെക്കു വച്ചിരിക്കുന്നതും ആകയാൽ അന്നെ ദിവസം പകൽ ൧൧ മണിക്കു പ്രതിയോ അധികാരം സിദ്ധിച്ച വക്കീലോ ൧൦ കൊടതിമുമ്പാകെ ഹാജരാകാത്ത പക്ഷം ടി നമ്പർ എക്സ്പാട്ടിയായി തീരുമാനിക്കുന്നതായിരിക്കും എന്നു ൧൧൦൫ മിഥുനം ൨൫ നു

ഉത്തരവുംപ്രകാരം ഹെഡ് ഗുമസ്താ,

ജെ. ശിവശങ്കരയ്യൻ.

പത്മനാഭപുരം മുൻസിപ്പുകോട്ടിൽ ൧൧൦൫ ാമാണ്ടു സ്മാൾ നമ്പ്ര ൬൭൧.

സിവിൽ നിയമം ൬൩ ാം വകുപ്പുംപ്രകാരം പരസ്യം

വാദി

കടിയപട്ടണം അധികാരത്തിൽ ൧൦ ത്തക്കാട്ട ദേശത്തു ടി ഊരിൽ വാണിപനഗരത്താരിൽ തനിക്കാടി ഭഗവതിച്ചെട്ടിയാർ.

പ്രതികൾ

൧. കോട്ടാറു പിടാക കേശവിയിൽ രാമൻപുത്തൂരിൽ ക്രിസ്ത്യാനി മയ്യമിക്കേൽ അന്തോണിമുത്തു. ൨. ടിയിൽ ടി വകപ്പടി പി. എ. ദേവസഹായം. ൩. ടി കേശവിയിൽ പുന്നക്കാട്ടു വിളയിൽ ടി വകപ്പടി മത്തിക്കേൽ ഏശുവടിയാൻ.

നാഞ്ചിനാട്ടു മയ്യനായകി ഡിസ്ട്രസ്ട്രായ മരണ പ്രാവിഡണ്ടു ലിമിററഡ് എന്ന പേരോടുകൂടി രാമൻപുത്തൂരിൽ സ്ഥാപിച്ചിട്ടുള്ള കമ്പനിയിൽ വാദി ശാസ്ത്രനായി പങ്കെടി മീരാൻ മീരാൻപിള്ളയുടെ പേരിൽ ഒരു ചിട്ടിക്ക ചേന്നു ചെട്ടിവരവു പ്രതികൾ ചിട്ടിയെ അലപ്പിച്ച ഹേതുവാൽ വാദിക്ക ചിട്ടികെട്ടാൻ മാറ്റമില്ലാതെ പോയതുകൊണ്ടു വാദി കെട്ടീട്ടുള്ള പ്രീമിയ്യം ൧൧൦൨ ചലിശയുമുൾപ്പടെ പണം (൧൨൨ അ ൨) ഉം ഇതുപത്തിനാലെ അരകാല്യം മേല്പലിശയും ചിലവും കിട്ടണമെന്നു വാദി മേൽ പറഞ്ഞവരെ പ്രതികളാക്കി വ്യവഹാരം കൊടുത്തിരിക്കുന്നതിനാൽ കമ്പനി സംബന്ധമായി ഉള്ളവർ ൧൦ വ്യവഹാരത്തിനെപ്പററി വല്ല ആക്ഷേപവും ഉണ്ടെങ്കിൽ വാദിയായൊ പ്രതിയായൊ ചേന്നുകൊള്ളുന്നതിനു ൧൧൦൫ ാമാണ്ടു കർക്കടകമാസം ൧൯ നു ഞായറാഴ്ച പകൽ ൧൧ മണിക്കു സകല തെളിവോടുകൂടി ഹാജരായി ബോധിപ്പിച്ചുകൊള്ളേണ്ടതാകുന്നു അല്ലെങ്കിൽ അവരെ കൂടാതെ തീച്ച ചെയ്യുന്നതാണ്.

൧൧൦൫ ാമാണ്ടു മിഥുനമാസം ൨൫ നു

വാദി വക്കീൽ വി. പി. വേലുപ്പിള്ള.

ഉത്തരവിൻപ്രകാരം,

ആക്റ്റിംഗ് ഹെഡ് ഗുമസ്താ വി. കൃഷ്ണയ്യർ.

ഹരിപ്പാട്ടു മുൻസിപ്പുകോട്ടിൽ ൧൧൦൫ സിവിൽ നമ്പർ ൩൯൫ ാമതു

വാദി

കിഴക്കേക്കര പ്ലാപ്പിള മുറിയിൽ രാമനാത്തു മഠത്തിൽ നാരായണൻ രാമൻപോററി.

വക്കീൽ ശങ്കരവാദ്ധ്യാർ

൩ ാം പ്രതി

പ്രാക്കാട്ടു ശ്രീവേണുഗോപാല ദേവ സ്വം അധികാരി കൊട്ടയം പ്രവൃത്തിയിൽ ടി കരയിൽ പടിപ്പുര മഠത്തിൽ പപ്പുനായകൻ ഗോവിന്ദനായകൻ.

൪ ാം പ്രതി ടിയിൽ അധികാരി പ്രാക്കാട്ടു പ്രവൃത്തിയിൽ ടി മുറിയിൽ പുളിമൂട്ടിൽ അനന്തകൃഷ്ണ രാമകൃഷ്ണ.

സിവിൽ നിയമം ൬൯ ാം വകുപ്പുപ്രകാരം പരസ്യം ചെയ്യുന്നതു.

ടി നമ്പരിൽ ൩, ൪ം പ്രതികൾ പ്രാക്കാട്ടു ദേവസ്വം അധികാരികൾ ആയിരിക്കുന്നതിനാലൊണ്ടു അതുകൂടെ ആ പ്രതികളെ കക്ഷിചെയ്തു അന്യായം ബോധിപ്പിച്ചതാകുന്നു എന്നാൽ ദേവസ്വം വകയ്ക്കായി ൩, ൪, പ്രതികളെ കക്ഷിചേർത്തിരിക്കുന്ന വ്യവഹാരം ദേവസ്വത്തിനെ ബന്ധിക്കുന്നതിലേക്കു കോട്ടിൽ നിന്നും അനുവാദം ഉണ്ടാകേണ്ടതും അതിൽ വച്ചു ദേവസ്വത്തിൽ ഉൾപ്പെട്ട മററു ആരെങ്കിലും ആക്ഷേപം ഉണ്ടായിരുന്നാൽ ആ വിവരം ഗസററിൽ പരസ്യം ചെയ്യണമെന്നു വാദി വക്കീൽ അപേക്ഷിച്ചിട്ടുള്ളതും ആകയാൽ ഈ നമ്പർ വിചാരണ ദിവസമായ ഈ മാസം [illegible] പകൽ ൧൧ മണിക്കു മേൽപ്പറഞ്ഞ പ്രതികളോ വക്കീലന്മാരോ ഈ കോട്ടിൽ ഹാജരായിക്കൊള്ളേണ്ടതാകുന്നു അപ്രകാരം ചെയ്യാതെയിരുന്നാൽ പ്രതികളെ കൂടാതെ ഈ നമ്പർ തീർച്ചപ്പെടുത്തുന്നതാകുന്നു.

൧൦൮൨ മിഥുനം ൩൧-

ഉത്തരവിൻപ്രകാരം
ഹെഡ് ഗുമസ്താ കൃഷ്ണപിള്ള.

ഹരിപ്പാട്ടു മുൻസീഫ് കോട്ടിൽ
൧൦൮൨ സി. നമ്പർ ൯൭.

വാദി

ആലപ്പുഴ പ്രവൃത്തിയിൽ ടി മുറിയിൽ ലായത്തു പറമ്പിൽ നിന്നും മാവേലിക്കര കൊററാർകാവു മുറിയിൽ കൊച്ചുപിള്ള മഠത്തിൽ താമസിക്കുന്ന തട്ടാൻ കൃഷ്ണൻ നാരായണൻ

പ്രതികൾ

൧ മാവേലിക്കര പ്രവൃത്തിയിൽ കണ്ടിയൂർ മുറിയിൽ കല്ലുങ്കൽ കിഴക്കേതിൽ കീചരിക്കുട്ടി ഒട്ടു

കൂടുതൽ ൨ ാം പ്രതി ആലപ്പുഴ പ്രവൃത്തിയിൽ ടി മുറിയിൽ ലായത്തു പറമ്പിൽ തട്ടാൻ കൃഷ്ണൻ രാമലിംഗം

സിവിൽ നിയമം ൬൯ ാം വകുപ്പുപ്രകാരം പരസ്യം ചെയ്യുന്നതു

ടി നമ്പരിൽ വാദിയുടെ അനുജൻ കൃഷ്ണൻ രാമലിംഗം തട്ടാനെ കൂടി കക്ഷിചേർക്കേണ്ടതും ഈ പ്രതി ൻ വക്കീലായി ശൌന്തരി [illegible] യിപ്പോയി വാസസ്ഥലം അറിയാൻ പാടില്ലാതെയിരിക്കുന്നതും ഈ വിവരം ഗസററിൽ പരസ്യം ചെയ്യണമെന്നു വാദിവക്കീൽ അപേക്ഷിച്ചു ഉത്തരവു [illegible] യിട്ടുള്ളതും ആകയാൽ ഈ നമ്പർ വിചാരണ ദിവസമായ ഈ [illegible] പകൽ ൧൧ മണിക്കു കൂടുതൽ പ്രതിയോ പകരം വക്കീലോ ഹാജരായി കൊള്ളേണ്ടതാകുന്നു. അപ്രകാരം ഹാജരാകാതെ പോയാൽ പ്രതിയെ കൂടാതെ ഈ നമ്പർ തീർച്ചപ്പെടുത്തുന്നതും ആകുന്നു.

൧൦൮൨ മാണ്ടു ആനിമാസം ൨൭

ഉത്തരവിൻപ്രകാരം,
ഹെഡ് ഗുമസ്താ കൃഷ്ണപിള്ള.

നെയ്യാററിൻകര താലൂക്കിൽ നെയ്യാററിൻകര അധികാരത്തിൽ തിരുപുറത്തു മേലേത്തു കാട്ടുവിളയിൽ കരമൻ പത്മനാഭൻ നാടാൻ സകലമാനപേരെയും തെര്യപ്പെടുത്തുന്നതു.

ഞാൻ ഏർപ്പെട്ടിട്ടുള്ള കൊടുക്കൽവാങ്ങൽ മുതലായ സകല ഇടപാടുകളിലും ഇംഗ്ലീഷിൽ എന്റെ കയ്യൊപ്പു പേരും ഒപ്പും മാത്രം വച്ചുപോന്നതിനെ ൧൦൮൨ ആനി ൧൫ മുതൽ ഭേദപ്പെടുത്തി, മേലാലുള്ള സകല ഇടപാടുകളിലും ഇംഗ്ലീഷിൽ എന്റെ കയ്യൊപ്പു പേരും ഒപ്പും കൂടാതെ, ചുററും "കരമൻ പത്മനാഭൻ, കാട്ടുവിള," എന്നും, നടുവിൽ "നെയ്യാററിൻകര" എന്നും ഉള്ള ഒരു മുദ്രകൂടെ വച്ചുകൊള്ളുന്നതിനു നിശ്ചയിച്ചിരിക്കുന്നതിനാൽ, ടി തീയതി മുതൽ മേല്പറഞ്ഞ മുദ്രകൂടി വെക്കാതെ കാണുന്ന യാതൊരു രേഖകളും എന്നെ ബാധിക്കുന്നതല്ലാത്തതാകുന്നു.

കരമൻ പത്മനാഭൻ നാടാൻ (ഒപ്പു)
(മുദ്ര)

൧൦൮൨ മാണ്ടു ആനിമാസം ൨൦-

൧൦൯൭-ാമാണ്ടു ഇടവമാസം ൨൦-ാംനു ചെങ്ങന്നൂർ പ്രവൃത്തിയിൽ പാറപ്പുറത്തു മുറിയിൽ മാരാമറ്റത്തു ഇല്ലത്തു ചെല്ലപ്പൻനാരായണൻ എന്നും ഈ താലൂക്കിൽ പ്രവൃത്തിയിൽ തൃക്കൊടിത്താനം കരയിൽ കരിന്തടത്തു പൊന്നമ്പലത്തിൽ എന്നും വെച്ചൂർ പ്രവൃത്തിയിൽ കൊതവറ കരയിൽ ... നാരായണൻ ... പ്രവൃത്തിയിൽ ... പുറക്കരയിൽ ... ജനാർദ്ദനൻകൃഷ്ണൻ എന്നും സ്ഥാനപ്പേരുകളുള്ള മാരാമറ്റത്തു ... ഇല്ലത്തു ... വയസ്സുള്ള വെഴികാട്ടത്തു ജനാർദ്ദനൻരാമൻ നമ്പൂരിപ്പാട് എന്നാളൂർ പ്രവൃത്തിയിൽ ... കരയിൽ കല്ലേലി ഇല്ലത്തു നാരായണൻനമ്പൂരി മകൻ ... വയസ്സായ ... നീലകണ്ഠൻ നമ്പൂരിക്ക എഴുതികൊടുത്ത പൊതുവക്കാലത്തു.

നമ്മുടെ ജ്യേഷ്ഠൻ ജനാർദ്ദനൻ ദാമോദരൻ നമ്പൂരിപ്പാട് കുടുംബഭരണത്തിൽനിന്നു ഒഴിയുകയാൽ അന്നുമുതൽ മലയാളശാസ്ത്രപ്രകാരം നാം കുടുംബ ... ആയി തീർന്നിട്ടുള്ളതു കൊണ്ടു നമ്മുടെ കീഴിൽ കാര്യാദികൾ അന്വേഷിക്കുന്നതിനു തന്നെ ഇന്നുമുതൽ നിയമിച്ചിരിക്കുന്നതിനാൽ തിരുവിതാംകൂർ സംസ്ഥാനത്തുള്ള നമ്മുടെ ദേശവഴികളിൽ നിന്നും ദേവസ്വം ബ്രഹ്മസ്വം വക ഇനങ്ങളിൽ പിരിയാനുള്ള പാട്ടമിച്ചവാരങ്ങളെ പിരിക്കുകയും പിരിയാതെവരുന്ന മുതലുകൾക്ക അന്യായം വക്കാലത്തു മുതലായതു തയ്യാറാക്കി നമ്മെക്കൊണ്ടു ഒപ്പിടുവിച്ചു കോടതികളിൽകൊടുത്തു വ്യവഹാരം നടത്തുന്നതിനും വിധിനടത്തുഹർജികൾ താൻതന്നെ ഒപ്പിട്ടു സത്യബോധപ്പെടുത്തി കോടതികളിൽ കൊടുത്തു മുതൽ വസൂൽചെയ്യുന്നതിനും കാലാകാലങ്ങളിൽ ആവശ്യകാരം പൊളിച്ചെഴുത്തുകാരം മുതലായതുകൾ പിരിച്ചു നമ്മെ ബോദ്ധ്യപ്പെടുത്തി ആധാരങ്ങൾ എഴുതി നമ്മെക്കൊണ്ടു ഒപ്പിടുവിച്ചു നമ്പർ പുസ്തകത്തിൽ പകർത്തി നമ്പരിട്ടു രജിസ്റ്റർചെയ്തു കൊടുക്കുന്നതിനും എതിർ എഴുതി വാങ്ങുന്നതിനും റവന്യൂ, മജിസ്ട്രേട്ടു, രണ്ടെഴുത്തു രജിസ്ട്രേഷൻ ഈ കച്ചേരികളിൽ ഹാജരായി അന്യായം ഹർജി അപ്പീലുകൾ താൻതന്നെ ഒപ്പിട്ടുകൊടുത്തു കാര്യങ്ങൾ നമുക്കു ദോഷം കൂടാത്ത വിധം നിർവഹിക്കുന്നതിനും പിരിവു ചിലവുവകക്കു അതാതു ദിവസം നാൾവഴി എഴുതി ഒപ്പിട്ടു സൂക്ഷിച്ചും ആവശ്യപ്പെടുമ്പോൾ നമ്മെ കാണിക്കയും മാസാവസാനത്തിൽ ഓരോപ്രതി മാസന്ത്യ കണക്കുകൾ എഴുതി നമ്മുടെ കൈവശം തരികയും ആണ്ടവസാനത്തിൽ സകല കണക്കുകളും തീർത്തു ചിലവുകഴിച്ചു ഇരിപ്പുള്ള സംഖ്യ നമ്മെ ബോദ്ധ്യപ്പെടുത്തി രസീതു വാങ്ങുകയും ചെയ്യുന്നതിനും ഇതുകൂടാതെ നാം അപ്പോഴപ്പോൾ തന്നെ നിർദ്ദേശിച്ചു ചിലവുകൾചെയ്തു കാര്യങ്ങൾ സത്യമായും ന്യായമായും നടത്തുന്നതിനും. ഇതിനാൽ നാം അധികാരപ്പെടുത്തിയിരിക്കുന്നു. തന്റെ കാര്യാന്വേഷണം നമുക്കു തൃപ്തികരമല്ലെന്നു തോന്നുന്നപക്ഷം ഒരു നോട്ടീസുമൂലം ഇതിനെ ദുർബലപ്പെടുത്തുകയും അപ്പോൾ സകല കണക്കുകളും തീർത്തു ബാക്കിയുണ്ടാകുന്നപണവും കണക്കുകളും മററു പ്രമാണങ്ങളും നമ്മെ ബോദ്ധ്യപ്പെടുത്തി രസീതു വാങ്ങുകയും ചെയ്തുകൊള്ളണം. മെയ്പ്പണ്ടത്തു കൂടാതെ നമ്മുടെവക മാരാമത്തു ക്ഷേത്രം ജീർണ്ണോദ്ധാരണം ചെയ്തു കലശം മുതലായതു നടത്തി വേഗത്തിൽ അഭിവൃദ്ധിയിൽ വരുത്തുകയും ചെയ്യണം. ... ശമ്പളം അതാതു സമയം നാം നിശ്ചയിക്കുന്നതുപോലെ തരികയും ചെയ്യും.

ഇപ്രകാരം സമ്മതിച്ചു എഴുതികൊടുത്തത ടി. ജനാർദ്ദനൻരാമൻനമ്പൂരിപ്പാട (ഒപ്പ്).

ടി നാരായണൻനീലകണ്ഠൻ നമ്പൂരി (ഒപ്പ്).

NOTICE.


The undersigned intends moving, two months hence, the Honourable the High Court of Travancore to enrol him as a vakil thereof.

R. GOPALA PILLAI, B. A., B. L.

നോട്ടീസു

തിരുവിതാംകൂർ ഹൈക്കോടതി മുമ്പാകെ വ്യവഹരിക്കുന്നതിനു രണ്ടു മാസം കഴിഞ്ഞു ഞാൻ സന്നതിനു അപേക്ഷിക്കാൻ നിശ്ചയിച്ചിരിക്കുന്നു.

ആർ. ഗോപാലപിള്ള ബി. ഏ., ബി. എൽ.



TRAVANCORE GOVERNMENT GAZETTE.

TRIVANDRUM, TUESDAY, July 16, 1907. / Karkadakam 1, 1082.

EDUCATIONAL DEPARTMENT.

Text Book Committee.

Miss S. B. Williams, M. A., is appointed a Member of the Text Book Committee.

M. R. Ry. T. Lakshmana Pillai Avergal, B. A., is appointed a Member of the Text Book Committee.

Confirmation.

Mr. K. Padmanabha Pillai appointed Acting 1st Assistant of the Trivandrum Vernacular High School for boys is confirmed in that appointment *vice* Mr. A. M. Kumara Pillai, B. A., B. L., resigned.

NOTICE

In supersession of the Rules for the collection of fees from the students attending the S. M. R. V. Technical Institute, Nagercoil, dated 23rd June 1907, it is hereby notified that the following rules have been sanctioned to take effect from 1st Avany 1083.

(1) Fees shall be paid by the students on or before the 15th of every Malabar month.

(2) If they be paid after the 15th and before the 20th a fine of two annas per student shall be levied.

(3) If fees be not paid by the evening of the 20th the names of the defaulters shall be struck off the rolls.

(4) No student shall be allowed to sit for a Terminal Examination unless he has paid his fee for the whole term.

(By order.)

Huzur Cutcherry,
Trivandrum,
4th July 1907

K. V. RANGASWAMI AIYANGAR,
Ag. Educational Secretary.

Notice.

The High Schools mentioned in the appended statement have been recognised by the Government of His Highness the Maharajah of Travancore for the year 1907.

List of High Schools Recognised by the Travancore Government for 1907.

Serial No.	Name of School.		Government, Aided, or Unaided.
1	His Highness the Maharajah's High School,	Trivandrum ...	Government.
2	Do for Girls.	Do ...	Do
3	The Holy Angels' Convent High School,	Do ...	Aided.
4	St. Joseph's High School,	Do ...	Do
5	The Town High School,	Do ...	Do
6	The Fort High School,	Do ...	Do
7	The Native High School,	Do ...	Do
8	The Scott Christian High School,	Nagercoil ...	Do
9	His Highness the Maharajah's High School,	Kottar ...	Government.
10	Do Do	Quilon ...	Do
11	Do Do	Mavelikara ...	Do
12	St. Aloysius High School,	Quilon ...	Aided.
13	Shunmukha Vilasam High School,	Haripad ...	Unaided.
14	Bishop Hodges High School,	Mavelikara ...	Do
16	Nayar Samajam High School,	Mannar ...	Aided.
16	Mar Gregorius High School,	Thiruvallah ...	Do
17	Syrian Christian Seminary High School,	Thiruvallah ...	Do
18	His Highness the Maharajah's High School,	Parur ...	Government.
19	Do Do	Alleppey ...	Do
20	Baker Memorial High School for Girls,	Kottayam ...	Aided.
21	C. M. S. High School,	Do ...	Unaided.
22	Mar Thomas Seminary High School	Do ...	Aided.
23	Mar Dionysius Seminary High School	Do ...	Do
24	Sanatana Dharma Vidyasala High School,	Alleppey ...	Do
25	Leo XIII, High School	Do ...	Do
26	Thalavadi High School,	Thalavadi ...	Do
27	St. Aloysius High School,	Edathuva ...	Do
28	St. Berchman's High School,	Changanachery ...	Do
29	St. Ephraim's High School.	Mannanam ...	Do

Huzur Cutcherry,
Trivandrum,
13th July 1907.

(By order)
K. V. RANGASWAMI AIYANGAR,
Ag. Educational Secretary.

വിദ്യാഭ്യാസ സംഘങ്ങളുടെ രചനക്കും ഘടനക്കും നടത്തിപ്പിനും ഉള്ള ചട്ടങ്ങൾ.

൧. ൧൦൮൨ലെ ആണ്ട ൨൨-ാം ഇ/൧൦൬൦-ാം നമ്പരിൽ ഉണ്ടായിട്ടുള്ള ഗവൺമെണ്ട പ്രൊസീഡിംഗ്സ അനുസരിച്ച ഏർപ്പെടുത്തിയ സംഘങ്ങൾ വിദ്യാഭ്യാസ സംഘങ്ങൾ എന്ന വിളിക്കപ്പെടുന്നതാകുന്നു.

൨. ഓരോ വിദ്യാഭ്യാസ സംഘവും ഉദ്യോഗസ്ഥന്മാരായി സാമാജികസ്ഥാനം വഹിക്കുന്ന സാമാജികന്മാർ പുറമെ ഗവൺമെണ്ട അതാതു കാലം നിയമിക്കുന്നതിൽ കവിയാതേയും ൧൦-ൽ കുറയാതേയും ഉള്ള എണ്ണം സാമാജികന്മാർ ചേർന്നതായിരിക്കും.

൩. സാമാജികന്മാരെ ഗവൺമെണ്ട സ്വമേധയായൊ ഡിവിഷൻ പേഷ്കാരുടേയും റേഞ്ച ഇൻസ്പെക്ടർമാരുടേയും ശിപാർശയിന്മേലൊ നിയോഗിക്കുന്നതാകുന്നു. ഗവൺമെണ്ട ഓരോ സംഘത്തിന്റേയും സാമാജികന്മാരിൽ ഒരാളെ അതിലെ അദ്ധ്യക്ഷൻ ആയി നിയമിക്കുന്നതാകുന്നു.

൪. റേഞ്ച ഇൻസ്പെക്ടർമാരും അസിസ്റ്റണ്ട ഇൻസ്പെക്ടർമാരും സബ അസിസ്റ്റണ്ട ഇൻസ്പെക്ടർമാരും അവരവരുടെ അധികാരാതിർത്തിക്കകത്തു ഉള്ള എല്ലാ സംഘങ്ങളിലും ഉദ്യോഗസ്ഥന്മാരായി സാമാജികന്മാരായി ഇരിക്കുന്നതാകുന്നു.

൫. ഒരു വിദ്യാഭ്യാസ സംഘത്തിലേക്ക സാമാജികന്മാരായി നിയമിക്കുന്നതിന ഗവൺമെണ്ടിലേക്ക ശിപാർശ ചെയ്യുന്നതിൽ അങ്ങിനെ ശിപാർശ ചെയ്യപ്പെട്ട ആളുകളുടെ വിദ്യാഭ്യാസ യോഗ്യതയേയും സ്ഥാനത്തേയും വിദ്യാഭ്യാസത്തിൽ അനുഭവം വല്ലതും ഉണ്ടെങ്കിൽ അതിനേയും വിദ്യാഭ്യാസ വിഷയങ്ങളിൽ ഉള്ള താല്പര്യത്തേയും ഗണിക്കേണ്ടതാകുന്നു.

൬. പാഠശാലകളിലെ വാദ്ധ്യാർമാരും മാനേജർമാരും പാഠശാലകളിൽ നേരിട്ട ബാദ്ധ്യതയുള്ള മറ്റുള്ളവരും സാമാജിക സ്ഥാനത്തിന അനിയോജ്യന്മാർ അല്ല. എന്നാൽ ഈ പാഠശാലകളിന്മേൽ അധികാരം ഉള്ള സംഘങ്ങളിൽ അവർ സാമാജികന്മാരായി ഇരിക്കാൻ പാടില്ല.

൭. ഓരോ സംഘത്തിനും ഉള്ള സാമാജികന്മാരെ ഓരോ വർഗ്ഗത്തിനും കഴിയുന്നതും പ്രാതിനിധ്യം ഉണ്ടായിരിക്കത്തക്കവണ്ണവും ഓരോ സ്ഥലത്തിന്റേയും വിദ്യാഭ്യാസ വിഷയമായ ആവശ്യങ്ങൾക്ക മതിയായ ശ്രദ്ധ ലഭിക്കത്തക്കവണ്ണവും തിരിഞ്ഞു എടുക്കേണ്ടതാകുന്നു.

൮. നിയുക്തന്മാർ ആയ സാമാജികന്മാർ സാധാരണമായി മൂന്ന കൊല്ലം കാലത്തേക്ക സ്ഥാനം വഹിക്കുന്നതാകുന്നു. അവരുടെ സാധാരണ കാലാവധി അവസാനിക്കുമ്പോൾ അവർ വീണ്ടും നിയമിക്കപ്പെടുന്നതിന അർഹന്മാർ ആകുന്നു.

൯. വല്ല സാമാജികനേയും ഒരു സംഘത്തിൽ വെച്ചുകൊണ്ടിരിക്കുന്നതു അനുചിതം ആണെന്ന ഗവൺമെണ്ടിന തോന്നുമ്പോൾ അയാളെ ഏതു കാലത്തും ഗവൺമെണ്ട സംഘത്തിൽ നിന്ന നീക്കാവുന്നതാകുന്നു.

൧൦. ഗവൺമെണ്ട മതിയായ കാരണത്തിന്മേൽ ഒരു മുഴുവൻ സംഘത്തേയും പിരിക്കാവുന്നതാകുന്നു.

൧൧. നിയമിക്കപ്പെട്ട ഒരു സാമാജികന ആ സ്ഥാനം രാജി കൊടുക്കേണ്ടി ഇരുന്നാൽ ആ സംഘത്തിലെ അദ്ധ്യക്ഷന ആ വിവരത്തിലേക്ക ഒരു ലേഖനം എഴുതി ഏതു കാലത്തും സ്വസ്ഥാനത്തെ രാജി കൊടുക്കാവുന്നതാകുന്നു.

൧൨. തുടർച്ചയായി ൩ യോഗങ്ങൾക്ക ഹാജരാകാതിരിക്കുന്ന ഒരു നിയുക്തൻ ആയ സാമാജികൻ സംഘത്തിൽ ഉള്ള സ്വസ്ഥാനത്തെ ഉപേക്ഷിക്കുന്നതാകുന്നു. എന്നാൽ അങ്ങിനെ ഹാജരാകാതിരുന്നതിന മതിയായ സമാധാനം ഉണ്ടായിരുന്നാൽ ഗവൺമെണ്ട അയാൾക്ക വീണ്ടും ആ സ്ഥാനം കൊടുക്കുന്നതാകുന്നു.

൧൩. ഓരോ സംഘത്തിലേക്കും നിശ്ചിതം ആയ പ്രദേശത്തിന അകത്തു ഗവൺമെണ്ട നിശ്ചയിക്കുന്ന പാഠശാലകളിന്മേൽ അധികാരം ഉള്ളതാകുന്നു.

൧൪. ഈ സംഘങ്ങൾ ചെയ്യുന്ന ജോലി ശമ്പളം ഇല്ലാത്ത ജോലി ആകുന്നു.

൧൫. ഓരോ സംഘത്തിലേയും അദ്ധ്യക്ഷന ആവശ്യം ഉള്ള കടലാസ മുതലായ എഴുത്തു സാമാനങ്ങളും രെജിസ്റ്റർ പുസ്തകങ്ങളും സക്കാർ ഗസറ്റിലെ വിദ്യാഭ്യാസ വിഷയമായ ഭാഗങ്ങളും കൊടുക്കുന്നതാകുന്നു. ഓരോ അദ്ധ്യക്ഷനും അഞ്ചലിൽ എഴുത്തുകുത്തുകളെ അഞ്ചൽ വഴി കൂലി കൂടാതെ അയക്കാവുന്നതും ആകുന്നു.

൧൬. വിദ്യാഭ്യാസ സംഘത്തിന്റെ വ്യാപ്തിയിൽ താഴെ എഴുതിയിരിക്കുന്ന വിഷയങ്ങൾ ഉൾപ്പെടുന്നതാകുന്നു:—

(a) ആ സ്ഥലത്തിലെ വിദ്യാഭ്യാസ വിഷയം ആയ ആവശ്യങ്ങൾ;

(b) ഇപ്പോൾ ഉള്ള പാഠശാലകളെക്കൊണ്ടു ആവശ്യങ്ങൾ എത്രത്തോളം സാധിക്കപ്പെടുന്നു;

(c) പുതിയ പാഠശാലകൾ സ്ഥാപിക്കേണ്ട ആവശ്യകത;

(d) ഇപ്പോൾ ഉള്ള പാഠശാലകളിൽ ഉള്ള സ്റ്റാൻഡേർഡിനെ കുറയ്ക്കുകയോ കൂട്ടുകയോ ചെയ്യു എന്നു ഭേദം വരുത്തണം;

(e) ഇപ്പോൾ ഉള്ള ഏതെങ്കിലും പാഠശാലയെ സ്ഥിരമായോ തല്ക്കാലത്തേക്കോ നിറുത്തുന്നതിന്റെ ഔചിത്യം;

(f) പ്രത്യേക വർഗ്ഗക്കാരുടെ വിദ്യാഭ്യാസത്തിലേക്കോ പ്രത്യേകം വിധത്തിൽ ഉള്ള പാഠങ്ങൾ പഠിപ്പിക്കുന്നതിലേക്കോ പ്രത്യേകം ഏർപ്പാടു ചെയ്യേണ്ടതിനെ കുറിച്ചുള്ള അഭിപ്രായം;

(g) സ്ത്രീകളിൽ വിദ്യാഭ്യാസത്തെ വ്യാപിപ്പിക്കൽ;

(h) പാഠശാലകൾക്കു ഉചിതമായ സ്ഥലത്തെ കുറിച്ചുള്ള അഭിപ്രായങ്ങൾ;

(i) പാഠശാലാ ഗൃഹങ്ങൾ പണിയിക്കുന്ന വിഷയത്തിലും വിദ്യാഭ്യാസ കാര്യങ്ങൾക്കായി മൂലധനങ്ങളെ സ്വീകരിക്കുന്ന വിഷയത്തിലും ഉള്ള സഹായം;

(j) പാഠശാലക്കു കൂടുതൽ ആയി വേണ്ട സ്ഥലം, ശുചീകരണത്തിനുള്ള ആവശ്യകങ്ങൾ, അകസാമാനങ്ങൾ, യന്ത്രസാമഗ്രികൾ, പുസ്തകശാല, വിഹാരസ്ഥലം ഇവയെ സംബന്ധിച്ചുള്ള അഭിപ്രായങ്ങൾ;

(k) കൃഷിതോട്ടങ്ങൾ മുതലായ പ്രത്യേക സ്ഥലങ്ങളിലും, കാലന്തോറും നടത്തുന്ന പ്രസംഗങ്ങളിലും, മാജിക്ലാന്റേൺ പ്രദർശനത്തിലും വിദ്യാഭ്യാസോപയുക്തങ്ങൾ ആയ മറ്റു പ്രകാരങ്ങളിലും വിദ്യാർത്ഥികൾ ഹാജരാകുന്നതിലേക്കുള്ള നിർദ്ദേശങ്ങൾ;

പാഠശാലകളെ ചെന്നു നോക്കുകയും, വാദ്ധ്യാർമാരുടേയും വിദ്യാർത്ഥികളുടേയും ഹാജരിനെ കുറിച്ചും അവരുടെ സാധാരണ നടത്തിപ്പിനെയും വ്യവസ്ഥിതിയെയും കുറിച്ചും കാണുന്ന വിവരങ്ങളെ അഫിഷ്യൽ വിസിട്ടേർസ് ബുക്കിൽ എഴുതുകയും ചെയ്ക;

(m) പാഠശാലകൾക്കു സാഹായിക ധനം കൊടുക്കുകയോ നിറുത്തുകയോ കൂട്ടികൊടുക്കുകയോ കുറക്കുകയോ ചെയ്യേണ്ടതിനെപ്പറ്റിയുള്ള ഉപദേശങ്ങൾ;

൧൭. താഴെ എഴുതിയിരിക്കുന്ന സംഗതികൾ വിദ്യാഭ്യാസ സംഘങ്ങളുടെ വ്യാപ്തിയിൽ ഉൾപ്പെടുക ഇല്ലാ

(a) പാഠശാലകളിൽ പഠിപ്പിക്കലിലൊ അവയിലെ വ്യവസ്ഥിതിയിലൊ ഉള്ള ഭേദം;

(b) വാദ്ധ്യാർമാരുടെ നിയമനം, സ്ഥലംമാറ്റൽ, പണിയിൽ നിന്നു നീക്കൽ, പ്രമോഷൻ, ശിക്ഷ കൊടുക്കൽ ഇവ;

(c) വാദ്ധ്യാർമാരുടേയൊ വിദ്യാർത്ഥികളുടേയൊ ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥന്മാരുടേയൊ പേരിൽ ഉള്ള ആവലാധികളെ വാങ്ങുകയോ അവയെ കുറിച്ചു വിചാരണ നടത്തുകയൊ ചെയ്ക;

(d) പാഠശാലകളുടെ വരവു, ചിലവു, മുതൽ, കടം ഇവയെ കുറിച്ചോ ഭരണത്തെ കുറിച്ചോ ഉള്ള നിയന്ത്രണം;

(e) വാദ്ധ്യാർമാർക്കോ വിദ്യാർത്ഥികൾക്കോ സിബ്ബന്തികൾക്കോ അനുമതികളോ ശാസനങ്ങളോ കൊടുക്കൽ;

൧൮. വിദ്യാഭ്യാസ വിഷയത്തിനു ഹാനിയെ ജനിപ്പിക്കാവുന്നതായ ഔദാസീന്യം, കക്ഷിവഴക്കു, ജാതിവിരോധങ്ങൾ, സ്ഥലത്തുള്ള മത്സരങ്ങൾ, മറ്റു ശകാരിവിശേഷങ്ങൾ, തർക്കങ്ങൾ അല്ലെങ്കിൽ അഭിപ്രായങ്ങൾ, ഇവയെ തടുക്കുന്നതിലോ, ഇല്ലാതാക്കുന്നതിലോ ഡിപ്പാർട്ടുമെണ്ടിലെ ഉദ്യോഗസ്ഥന്മാരോടു ഒന്നിച്ചു ചേർന്നു വിദ്യാഭ്യാസ സംഘങ്ങൾ പ്രവർത്തിക്കും എന്നു ആശംസിക്കുന്നു

൧൯. ഓരോ വിദ്യാഭ്യാസ സംഘവും സാധാരണം ആയി മാസത്തിൽ ഒരിക്കൽ വീതം എങ്കിലും യോഗം കൂടേണ്ടതാകുന്നു.

൨൦. സംഘത്തിലെ അദ്ധ്യക്ഷൻ യോഗം കൂടേണ്ടതായ ദിവസവും, സമയവും, സ്ഥലവും, പര്യാലോചിക്കേണ്ട സംഗതികളും വിവരിച്ചു ഒരു അറിയിപ്പു കൊടുത്തു ഓരോ യോഗം കൂടിക്കേണ്ടതാകുന്നു,

൨൧. ഒരു അറിയിപ്പ യോഗത്തിനു നിശ്ചയിച്ചിട്ടുള്ള ദിവസത്തിനു മൂന്നു ദിവസത്തിൽ കുറയാതെ മുൻകൂട്ടി അയക്കേണ്ടതാകുന്നു.

൨൨. അദ്ധ്യക്ഷൻ ഇല്ലന്നുവരികിൽ ഉദ്യോഗസ്ഥനായി സാമാജികസ്ഥാനം വഹിക്കുന്നവർ അല്ലാത്ത മൂന്നിൽ കുറയാത്ത എണ്ണം സാമാജികന്മാർ എഴുതി ഒപ്പിട്ടിട്ടുള്ള ആവശ്യം അനുസരിച്ച യോഗം കൂട്ടാവുന്നതാകുന്നു.

൨൩. സംഘത്തിലെ ഇരുപതിൽ കുറവില്ലാത്ത എണ്ണം സാമാജികന്മാർ എഴുതി ഒപ്പിട്ട ആവശ്യപ്പെടുമ്പോൾ ഏതു സമയത്തും വിശേഷാൽയോഗം കൂടാവുന്നതാകുന്നു.

൨൪. അദ്ധ്യക്ഷൻ ഹാജരാകാതിരുന്നാൽ സാമാജികന്മാരിൽ ഒരാളെ അന്നത്തെ യോഗത്തിലെ അദ്ധ്യക്ഷൻ ആയി നിയമിക്കണം.

൨൫. ഒരു സംഘത്തിലെ അംഗങ്ങൾ ആയി നിയമിക്കപ്പെട്ട സാമാജികന്മാരിൽ പകുതിയിൽ അധികം എണ്ണം ഹാജരായിരുന്നാൽ അതു സംഘം കൂടുന്നതിനുള്ള മതിയായ എണ്ണം സാമാജികന്മാർ ആയിരിക്കും.

൨൬. സംഘം കൂടുന്നതിനു മതിയായ എണ്ണം സാമാജികന്മാർ ഹാജരില്ലാത്തതുകൊണ്ട ഒരു യോഗം നടത്തപ്പെടാതെ പോകുന്നതായാൽ കല്പിക്കപ്പെടത്തിട്ടുള്ള കാലംകഴിഞ്ഞു പുതുതായ ഒരു യോഗം കൂട്ടാവുന്നതാകുന്നു.

൨൭. അദ്ധ്യക്ഷൻ യോഗത്തിലെ ക്രമാനുസാരണമായ നടത്തുകയും ഓരോ വിഷയത്തെയും ക്രമാനുസരണമായി യോഗത്തിൽ ബോധിപ്പിച്ച പ്രതിപാദിക്കുന്നതിനും ചുമതലപ്പെട്ട ആൾ ആകുന്നു.

൨൮. യോഗത്തിനു നിശ്ചയിച്ചിട്ടുള്ള സമയത്തിനു ൨൪ മണിക്കൂറിനു കുറയാതെയുള്ള സമയത്തിനു മുമ്പിൽ അദ്ധ്യക്ഷനു അറിയിപ്പ കൊടുക്കുന്നതായാൽ യോഗത്തിനു ഉള്ള അറിയിപ്പിൽ വിവരിച്ചിട്ടില്ലാത്ത ഏതു വിഷയത്തെ കുറിച്ചും പൎയ്യാലോചിക്കണം എന്നു ഒരു സാമാജികനു അഭിപ്രായപ്പെടാവുന്നതാകുന്നു.

൨൯. ഹാജരായിരിക്കുന്നവരും സമ്മതം കൊടുക്കുന്നവരും ആയ സാമാജികന്മാർ എല്ലാവരുമോ അവരിൽ ഭൂരിപക്ഷമോ സമ്മതിച്ച അഭിപ്രായപ്പെട്ടാൽ അല്ലാതെ പ്രത്യക്ഷം ആയ യാതൊരു സംഗതിയും അനുവദിക്കപ്പെട്ടതായി ഗണിക്കപ്പെടുന്നതല്ല.

൩൦. സമ്മതപത്രങ്ങളും തുല്യങ്ങളും ആയിവരുന്ന സംഗതികളിൽ അദ്ധ്യക്ഷന്റെ അഭിപ്രായം ബലപ്പെടുന്നതാകുന്നു.

൩൧. അദ്ധ്യക്ഷൻ ഒരു യോഗത്തിൽ അനുവദിക്കപ്പെടുന്ന ഓരോ നിശ്ചയത്തെയും താൻതന്നെ രേഖപ്പെടുത്തുകയൊ അല്ലെങ്കിൽ രേഖപ്പെടുത്തിക്കയൊ ചെയ്കയും അതിന്റെ ഒരു പകൎപ്പ താൻ ഒപ്പിട്ട ൩ ദിവസത്തിനകം റേഞ്ച് ഇൻസ്പെക്ടൎക്ക അയക്കുകയും ചെയ്യേണ്ടതാകുന്നു.

൩൨. ഓരോ വിദ്യാഭ്യാസസംഘവും പതിവായി ഏതു സ്ഥലത്തു കൂടണം എന്നു റേഞ്ച ഇൻസ്പെക്ടർ നിശ്ചയിച്ച വിവരം സംഘത്തെ അറിയപ്പെടുത്തണം.

൩൩. ഓരോ സംഘത്തിലെയും അദ്ധ്യക്ഷൻ താഴെ എഴുതിയിരിക്കുന്ന റെക്കാൎഡുകളും രെജിസ്റ്ററുകളും എഴുതി വെച്ചിരിക്കേണ്ടതാകുന്നു.

(a) കിട്ടിയ ലെട്ടറുകളുടെ ഫൈൽ അവ കിട്ടിയ മുറക്കു;

(b) സംഘത്തിൽ നിന്നു അയക്കുന്ന എഴുത്തുകളും, അറിയിപ്പുകളും, മറ്റു ലേഖനങ്ങളും ഇവയുടെ പകൎപ്പുകളൊ സംഗ്രഹങ്ങളൊ ഒരു റെജിസ്ടർ;

(c) സംഘം നിശ്ചയിക്കുന്ന നിശ്ചയങ്ങളുടേയും സംഘമൊ ഓരോ സാമാജികനോ പരിശോധിച്ച കാലത്തിൽ ചെയ്ത നിരൂപണങ്ങളും, അഭിപ്രായങ്ങളും, വിമൎശനങ്ങളും, മുതലായവയുടെ വകക്കു പുസ്തകം.

൩൪. ഈ പുസ്തകങ്ങളും എല്ലാം അദ്ധ്യക്ഷന്റെ സൂക്ഷിപ്പിൽ ഇരിക്കേണ്ടതാകുന്നു; എന്നാൽ ഏതു സാമാജികനും ആവശ്യപ്പെടുമ്പോൾ അവയെ പരിശോധിക്കാവുന്നതാകുന്നു.

൩൫. സംഘത്തിലെ സാമാജികന്മാരും ഇൻസ്പെക്ടിങ്ങ് ആഫിസൎമാരും തമ്മിൽ ഉള്ള എഴുത്തുകുത്തുകളും അദ്ധ്യക്ഷൻ മുഖേന വേണ്ടതാകുന്നു.

൩൬. ഗവൎമ്മെണ്ട് വിവേചിക്ക വല്ല സംഗതിയെ കുറിച്ചും എഴുതി അയക്കണം എന്നു സംഘത്തിനു ആഗ്രഹം ഉണ്ടെങ്കിൽ അതു എഴുതി റേഞ്ച് ഇൻസ്പെക്ടർ മുഖേന അയക്കേണ്ടതാകുന്നു.

൫൭. ഇൻസ്പെക്ടിങ്ങ് ആഫീസർമാൎക്ക അല്ലാതെ സംസ്ഥാനത്തിലെ യാതൊരു ഡിപ്പാൎട്ടുമെണ്ടിലേക്കൊ ഉദ്യോഗസ്ഥന്മാൎക്കൊ നേരിട്ടു എഴുതി അയക്കുന്നതിനു വിദ്യാഭ്യാസസംഘത്തിനു അധികാരം ഇല്ലാ.

൫൮. ൪൦-ം ചട്ടങ്ങളിൽ ൧൬ (L) വകുപ്പു അനുസരിച്ചു ഒരു വിദ്യാഭ്യാസ സംഘമോ അതിലെ വല്ല സാമാജികന്മാരോ വിസിട്ടേൎസ് ബുക്കിൽ എഴുതീട്ടുള്ള അഭിപ്രായങ്ങളുടെ ഒരു പകൎപ്പു ആ പാഠശാലയിലെ ഹെഡ് മാസ്റ്ററോ ഹെഡ് മിസ്ട്രെസ്സോ എഴുതി തനിക്കു അഭിപ്രായം വല്ലതും പറയാൻ ഉണ്ടായിരുന്നാൽ അതോടുകൂടി ഒരു ആഴ്ചവട്ടത്തിനകം റേഞ്ച് ഇൻസ്പെക്ടൎക്കു അയക്കേണ്ടതാകുന്നു.

൫൯. വിദ്യാഭ്യാസ സംഘത്തിന്റെ വ്യാപ്തിയിൽ ഉൾപ്പെടുന്നതായ സംഗതിയെ കുറിച്ചു സംഘം ആവശ്യപ്പെടുന്ന ഏതു വിവരവും റേഞ്ച് ഇൻസ്പെക്ടർ ഉണ്ടാക്കികൊടുക്കേണ്ടതാകുന്നു.

൬൦. സംഘത്തിന്റെ നിശ്ചയങ്ങളേയോ സംഘം എഴുതി അയച്ചിട്ടുള്ള സംഗതികളേയൊ സംബന്ധിച്ചു റേഞ്ച് ഇൻസ്പെക്ടരൊ ഗവൎമ്മെണ്ടൊ കൊടുക്കുന്ന എല്ലാ ഉത്തരവുകളേയും സൎക്കാർ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തീട്ടില്ലാത്ത വിദ്യാഭ്യാസവിഷയകം ആയ പ്രൊസീഡിംഗ്സുകളേയും റേഞ്ച് ഇൻസ്പെക്ടർ ഉടനുടൻ അദ്ധ്യക്ഷനു എഴുതി അയക്കേണ്ടതാകുന്നു.

൬൧. തന്റെ റേഞ്ചിൽ ഉള്ള വിദ്യാഭ്യാസ സംഘങ്ങളുടെ നടത്തിപ്പിന്റെ മുഖ്യ ലക്ഷണങ്ങളെക്കുറിച്ചു ഒരു സംഗ്രഹം ആയ റിപ്പോട് ഓരോ റേഞ്ച് ഇൻസ്പെക്ടരും (അഫീഷ്യൽ) കൊല്ലത്തിന്റെ ഓരോ പാദവൎഷത്തിന്റേയും ആദിയിൽ ഗവൎമ്മെണ്ടിലേക്കു അയക്കേണ്ടതാകുന്നു.

൬൨. ഓരോ റേഞ്ച് ഇൻസ്പെക്ടരും സാമയികമായ ഉപദേശത്താലും ഹാൎദ്ദം ആയ സഹകരണത്താലും വിദ്യാഭ്യാസ സംഘങ്ങളുടെ ഫലവത്തായ പ്രവൎത്തനത്തെ പോഷിപ്പിക്കുന്നതിനു തന്നാൽ കഴിയുന്നതെല്ലാം ചെയ്യേണ്ടതാകുന്നു.

Proceedings of the Government of His Highness the Maha Rajah of Travancore.

Read :—

(1) *Letter No. 21 dated 25-5-07 from the Inspector of Schools, Central Range.*

(2) *Letter No. 337 dated 7-6-07 from the Inspector of Schools, Southern Range.*

(3) *Letter No. 417 dated 21-6-07 from the Inspector of Schools, Northern Range, with enclosures.*

(4) *Letter No. 166 dated 25-6-07 from the Principal, His Highness the Maharajah's College and High School, Trivandrum.*

(5) *Read also the Fee Regulations published under date the 14th July 1906.*

The Inspector of Schools, Central Range, brought to the notice of Government the absence of any reference to the levy of admission fees in the Fee Regulations published by them under date the 14th July 1906 and the consequent want of uniformity in the levy of this fee in the several schools in the State. He therefore requested for a general ruling of Government on the subject and recommended the total prohibition of the levy of these fees in all the schools in the State, especially in view of the fact that the general fees of the schools have been recently enhanced by the said Fee Regulations.

The opinions of the other Inspectors of Schools and the Principal of His Highness the Maharajah's College and High School were invited on the subject.

The Acting Inspector of Schools, Southern Range, agreed with the Inspector of the Central Range and recommended the total prohibition of admission fees.

The Inspector of Schools, Nothern Range, ascertained the views of the Managers of the important aided schools in his Range, on the subject, which were generally opposed to the abolition of the admission fees and with which the Inspector also agreed.

The Principal of the College and High School pointed out that the practice of levying entrance fees from pupils who do not come from Government Schools was in vogue in the High School attached to the College, from Form I and above. He thought that the levy of admission fees was desirable and justifiable in the Higher Classes where the cost of Education falls so largely on the Managers and that the practice was objectionable in Primary and Middle School Classes where the levying of such fees might hamper education.

ORDER THEREON NO. E. 2179 DATED 29TH JUNE 1907.

In view of the opinions expressed above, Government do not think it desirable to prohibit the levy of admission fees altogether, especially having regard to the objections raised by the Managers of Aided Schools. They, at the same time, think that there should be a uniformity in the practice of the several aided schools in the State. They therefore rule (1) that no admission fee should be levied in classes below Form II and (2) that the maximum admission fee for each class should be the monthly fee levied for that class.

The present practice of levying no admission fees in the Government mofussil schools will however continue as at present.

S. GOPALACHARIYAR,
Dewan.

തിരുവിതാംകോട്ട ഗവൎമ്മെണ്ട പ്രൊസീഡിംഗ്സ്.

സംസ്ഥാനത്തിൽ ഉള്ള ഗവൎമ്മെന്റ് ഇംഗ്ലീഷ് പള്ളിക്കൂടങ്ങൾക്കും സഹായധനം ലഭിക്കുന്ന ഇംഗ്ലീഷ് പള്ളിക്കൂടങ്ങൾക്കും പൊതുവായി ഒരു കമ്പാരെടിവ് പരീക്ഷ ഏൎപ്പെടുത്തുന്നതു അഭിലഷണീയം ആകുന്നു എന്നു അഭിപ്രായപ്പെട്ടു സെന്ട്രൽ റേഞ്ച് പള്ളിക്കൂടം ഇൻസ്പെക്ടർ ൧൯൦൭ ഏപ്രിൽ ൧൨-ാം൹ എഴുതിയ ലെട്ടർ വായിച്ചു.

ഈ ലെററിനെപ്പററി ഏതാനും അഭിപ്രായങ്ങൾ പ്രസ്താവിച്ചു വടക്കൻ റേഞ്ച് പള്ളിക്കൂടം ഇൻസ്പെക്ടർ ൧൯൦൭ ഏപ്രിൽ ൨൯-ാം൹ ൨൨൦-ാം നമ്പരായി എഴുതിയ ലെട്ടർ വായിച്ചു.

ഈ വിഷയത്തെക്കുറിച്ചുതന്നെ തെക്കൻറേഞ്ച് ഇൻസ്പെക്ടർ ൧൯൦൭ മെ ൨൩-ാം൹ ൨൧൨-ാം നമ്പരിൽ എഴുതിയ ലെട്ടർ വായിച്ചു.

ഇപ്പോൾ എഡ്യുക്കേഷണൽ സെക്രട്ടരിയുടെ നേതൃത്വത്തിൽ ഗവൎമ്മെന്റ് വക ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിലെ ൩-ാം ഫാറത്തിലേക്കും അഞ്ചാം ഫാറത്തിലേക്കും ആണ്ടുതോറും ഓരോ കമ്പാരെടിവ് പരീക്ഷകൾ നടത്തപ്പെട്ടുവരുന്നുണ്ടു. ഈ പരീക്ഷകളിൽ ജയിച്ചവരെ മാത്രമെ സൎക്കാർ പള്ളിക്കൂടങ്ങളിലെ ൪-ാം ക്ലാസിലേക്കും ൬-ാം ക്ലാസിലേക്കും മാററുന്നൊള്ളു. ഈ കമ്പാരെടിവ് പരീക്ഷയിൽ സംസ്ഥാനത്തു സഹായധനം ലഭിക്കുന്നവയൊ ഗവൎമ്മെന്റ് അനുമതി ലഭിച്ചിട്ടുള്ളവയൊ ആയ മററു പള്ളിക്കൂടങ്ങൾ യാതൊന്നും ചേരുന്നില്ല. ഇപ്പറഞ്ഞ പള്ളിക്കൂടങ്ങളിൽ അതതിലെ ഹെഡ്മാസ്റ്റർ നടത്തുന്ന പരീക്ഷകളുടെ ഫലങ്ങൾ അനുസരിച്ചു പ്രമോഷൻ കൊടുക്കുന്നു. എന്നാൽ ചോദ്യക്കടലാസുകളേയും മാൎക്ക ലിസ്റ്റുകളേയും അതതു റേഞ്ചിലെ ഇൻസ്പെക്ടൎക്കു അംഗീകരണത്തിനായി അയക്കാറും ഉണ്ടു. ഇൻസ്പെക്ടരുടെ മററു ജോലി വളരെ ഭാരം ആയും അടിയന്തരം ആയും ഇരിക്കുന്ന വൎഷാന്തരങ്ങളിലും വൎഷാരംഭങ്ങളിലും ഇൻസ്പെക്ടൎക്കു റേഞ്ചിൽ ഉള്ള എല്ലാ പള്ളിക്കൂടങ്ങളിൽ നിന്നും ചോദ്യക്കടലാസുകളും മാൎക്ക ലിസ്റ്റുകളും ഏകകാലത്തിൽ കിട്ടുന്നതുകൊണ്ടും താമസം കൂടാതെ അവയെ ഇൻസ്പെക്ടർ അതതു പള്ളിക്കൂടത്തിനു മടക്കി അയച്ചുകൊടുക്കേണ്ടിയിരിക്കുന്നതുകൊണ്ടും ഈ പള്ളിക്കൂടങ്ങളിൽ ആണ്ടുതോറും പ്രമോഷൻ കൊടുക്കുന്നതിലേക്കുള്ള പരീക്ഷകളുടെ പൎയ്യവേക്ഷണം പള്ളിക്കൂടം ഇൻസ്പെക്ടർമാരെ ഏല്പിച്ചിട്ടുള്ളതിനെ അവർ മിക്ക സംഗതികളിലും നാമമാത്രമായേ നടത്തുന്നൊള്ളു എന്നുള്ളതു സുവിദിതം ആകുന്നു. സഹായധനം ലഭിക്കുന്ന പാഠശാലകളിലേയും ഗവൎമ്മെന്റ് അനുമതി ലഭിച്ചിട്ടുള്ള മററു കുടിവക പാഠശാലകളിലേയും ഹെഡ്മാസ്റ്റർമാർ പ്രമോഷൻ കൊടുത്ത വകക്കു കൊടുക്കുന്ന സൎട്ടിഫിക്കെട്ട് കൊണ്ടുവരുന്ന വിദ്യാൎത്ഥികളെ തിരുവനന്തപുരത്തിനു വെളിയിൽ ഉള്ള ഗവൎമ്മെന്റ് പള്ളിക്കൂടങ്ങളിൽ മേൽ ക്ലാസിൽ ചേൎക്കാറും ഉണ്ടു.

കുടിവക പള്ളിക്കൂടങ്ങളിൽ ചിലവയിലെ അധികാരസ്ഥന്മാർ പ്രമോഷൻ കൊടുക്കുന്നതിൽ വേണ്ടിടത്തോളം ഔചിത്യവും ജാഗ്രതയും കാണിക്കുന്നില്ല എന്നും, ഇതു ഹേതുവായി, പള്ളിക്കൂടങ്ങളിലെ പഠനപരിമാണം വളരെ താണുപോകുന്നു എന്നും കഴിഞ്ഞ കുറെ വൎഷങ്ങൾ ആയി പരാതികൾ കൂടക്കൂടെ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഈ സംസ്ഥാനത്തുള്ള കുടിവക ഹൈസ്കൂളുകളിൽ പഠനത്തിന്റെയും പരീക്ഷയുടേയും പരിമാണത്തെ കുറച്ചിരിക്കുന്നതിനെപ്പററി കാളേജ് അധികാരസ്ഥന്മാർ ആവൎത്തിച്ചു പരാതി പറഞ്ഞിട്ടുണ്ടു. മുഴുവനും ഗവൎമ്മെന്റ് വക പള്ളിക്കൂടങ്ങളിൽ തന്നെ പഠിച്ചിട്ടില്ലാത്തവരും കമ്പാരെടിവ് പരീക്ഷകളിലെ ഫലത്തിന്മേൽ പ്രമോഷൻ കൊടുക്കപ്പെടാത്തവരും ആയ വിദ്യാൎത്ഥികളിൽ ഭൂരിപക്ഷക്കാരും പള്ളിക്കൂടത്തിലേയും സൎവകലാശാലയിലേയും പരീക്ഷകളിൽ തോല്ക്കുന്നതായി പ്രകടിപ്പെടുത്തുന്ന കണക്കുകൾ കാണിച്ചു ഇതിൽ ശ്രദ്ധ വെക്കണം എന്നും അവർ അപേക്ഷിച്ചിട്ടുണ്ടു.

ഈ ന്യൂനതകളിൽ ചിലതിനെ നീക്കുന്നതിലേക്കായി ഗവൎമ്മെന്റ് വക പള്ളിക്കൂടങ്ങൾക്കും സഹായധനം ലഭിക്കുന്ന പള്ളിക്കൂടങ്ങൾക്കും ഗവൎമ്മെന്റ് അനുമതി ലഭിച്ചിട്ടുള്ള കുടിപ്പള്ളിക്കൂടങ്ങൾക്കും, പൊതുവായി കമ്പാരെടിവ് പരീക്ഷ ഏൎപ്പെടുത്തേണ്ടതാണെന്നു സെന്ട്രൽ റേഞ്ച് പള്ളിക്കൂടം ഇൻസ്പെക്ടർ ഗവൎമ്മെന്റിലേക്കു എഴുതി ബോധിപ്പിച്ചു. ഈ വിഷയത്തിൽ മററു റേഞ്ച് ഇൻസ്പെക്ടർമാരുടെയും അഭിപ്രായങ്ങളും ഗ്രഹിച്ചു എഴുത്തുകുത്തു നടത്തി അന്വേഷണം നടത്തിയതിൽ, സെന്ട്രൽ റേഞ്ച് ഇൻസ്പെക്ടരുടെ അഭിപ്രായത്തിനു അനുകൂലം ആയും പ്രതികൂലം ആയും താഴെ പറയുന്ന വാദങ്ങൾ ജനിച്ചിരിക്കുന്നു.

പൊതുവായ കമ്പാരെടിവ് പരീക്ഷ ഏൎപ്പെടുത്തുന്നതിനു അനുകൂലം ആയ വാദങ്ങൾ :—

(൧) പരീക്ഷയുടെ പരിമാണം സംബന്ധിച്ച പള്ളിക്കൂടങ്ങൾ തമ്മിൽ ഉള്ള വ്യത്യാസം. ഗവൎമ്മെണ്ട് കമ്പാരെടിവ് പരീക്ഷയുടെ പരിമാണം, കുടിപ്പള്ളിക്കൂടങ്ങളുടെ പരിമാണത്തെക്കാൾ ഉയൎന്നതായിരിക്കുന്നതിനാൽ, ഗവൎമ്മെണ്ട് പള്ളിക്കൂടങ്ങളിൽ നിന്ന കുടിപ്പള്ളിക്കൂടങ്ങളിലേക്ക വിദ്യാൎത്ഥികൾ കൂട്ടമായി ചെന്നു ചേരുന്നു. ഈ ഏൎപ്പാട അത്യാവശ്യമല്ലാത്ത മാത്സൎയ്യത്തെ പ്രോത്സാഹിപ്പിക്കുന്നതിന്ന അനുകൂലമായിരിക്കയും, വ്യവസ്ഥിതിയേയും, വിദ്യാഭ്യാസ വിഷയകമായ ഗുണപുഷ്ടിയേയും ന്യൂനപ്പെടുത്തുകയും ചെയ്യുന്നു. എത്രയും കുറവായി പരിശ്രമവും പഠിപ്പുംകൊണ്ട പ്രമോഷൻ ഏതു പള്ളിക്കൂടത്തിൽ ലഭിക്കുമൊ ആ പള്ളിക്കൂടത്തിലേക്ക വിദ്യാൎത്ഥികൾ കൂട്ടം ആയി ചെന്നു ചേരുന്നു.

(൨) ഇൻസ്പെക്ടൎമാർ, സഹായധനം വാങ്ങിക്കുന്ന പള്ളിക്കൂടങ്ങളിലെ ചോദ്യക്കടലാസുകളെ പരിശോധിക്കയും, അവയിൽ പ്രൊമോഷന്നായി നടത്തുന്ന പരീക്ഷകളിലെ ഉത്തരക്കടലാസുകളെ നിരൂപണാൎത്ഥം ഒന്നുകൂടി പരിശോധിക്കയും ചെയ്യുവാനുള്ളതായി ഒരു ഏൎപ്പാടുണ്ട. എന്നാൽ എല്ലാ പള്ളിക്കൂടങ്ങളിൽ നിന്നും ഉള്ള കടലാസുകൾ ഏകകാലത്ത ഇൻസ്പെക്ടൎക്ക കിട്ടുകയും, അതുനിമിത്തം അവയെ ലഘുവായി ഒന്ന നിരീക്ഷണം ചെയ്യുന്നതിൽ കൂടുതൽ ആയി ഒന്നും ചെയ്യാൻ അസാധ്യം ആയിരിക്കയും ചെയ്യുന്നതുകൊണ്ട ഈ ജോലി ശരിയായി ചെയ്യപ്പെടുന്നില്ല.

(൩) ഇൻസ്പെക്ടൎമാരുടെ ജോലി ഇതിനിടെ വളരെ കൂടീട്ടുണ്ട; ഇപ്പോൾതന്നെ നാമമാത്രമായി നടക്കുന്ന ഈ നിരൂപണം ചെയ്യുന്നതു മേലാൽ തരമില്ലാത്തവിധം അവൎക്ക ഒന്നുകൂടി പ്രയാസം ഉള്ളതായിതീരും.

(൪) കീഴ് ക്ലാസിലെ ഫീസിനെക്കാൾ ഉയൎന്ന ക്ലാസിലെ ഫീസ് കൂടുതൽ ആയിരിക്കുന്നതുകൊണ്ട പ്രൊമോഷൻ കൊടുക്കുന്നതിനുള്ള പരീക്ഷകളുടെയും പ്രൊമോഷന്റെയും വിഷയത്തിൽ നിഷ്കൎഷയോടുകൂടി പ്രവൎത്തിക്കാതിരിക്കുന്നതിന്ന സഹായധനം വാങ്ങിക്കുന്ന പാഠശാലകളിലെ മാനേജൎമാൎക്ക ബലമായി വിചാരണം ഉണ്ടാകുന്നു. ഉപാദ്ധ്യായൎമാർ തന്നെ പരീക്ഷകന്മാരായും ഇരിക്കുന്നവർ മുഖ്യമാണെന്ന ധരിപ്പിച്ചിട്ടുള്ള പ്രത്യേകഭാഗങ്ങളിൽ എളുപ്പമായ ചോദ്യങ്ങൾ ചോദിക്കുന്നതുകൊണ്ടും, പരീക്ഷകാലത്ത ബാലന്മാർ ചോദ്യക്കടലാസുകൾക്ക ഉത്തരം എഴുതുമ്പോൾ അശ്രദ്ധന്മാരായി ഇരിക്കുന്നതുകൊണ്ടും, ദാക്ഷിണ്യം ആയി മാൎക്ക കൊടുക്കുന്നതുകൊണ്ടും ഈ ഉദ്ദേശ്യം സാധിക്കപ്പെടാം. ഗവൎമ്മെണ്ട് നടത്തുന്ന ഒരു കമ്പാരെടിവ് പരീക്ഷഏൎപ്പാട്ടിൽ ഈ സ്കൂളുകളെ ഉൾപ്പെടുത്തിയാൽ ഈ വക എല്ലാം പ്രയാസം ആയിതീരും.

(൫) ഗവൎമ്മെണ്ട് വക ആയാലും സഹായധനം വാങ്ങിക്കുന്നവയായാലും, എല്ലാ പള്ളിക്കൂടങ്ങളിലും ഒരേതരം ക്ലാസിൽ പാഠപരിമാണത്തിന്ന ഐകരൂപ്യം ഉണ്ടായിരിക്കേണ്ടതു അഭിലഷണീയം ആകുന്നു. ഈ വിധം ഐകരൂപ്യം ഇപ്പോൾ ഇല്ല. അതുകൊണ്ട, കുടിപ്പള്ളിക്കൂടങ്ങളിൽ നിന്ന വരുന്ന വിദ്യാൎത്ഥികളെ തിരുവനന്തപുരം രാജകീയ ഹൈസ്കൂളിൽ മെട്രിക്കുലേഷൻ ക്ലാസിൽ ചേൎക്കുന്നില്ല.

(൬) ഈ സംസ്ഥാനത്തിലെ ഹൈസ്കൂളുകളിൽ പഠനത്തിന്റെയും പരീക്ഷയുടെയും പരിമാണത്തെ കുറച്ചിരിക്കുന്നതിനെപ്പററിയും ഈ വിധം അപൂൎണ്ണപാഠം ഉള്ള വിദ്യാൎത്ഥികൾ കാളേജ് ക്ലാസുകളിൽ വന്ന ചേരുന്നു എന്നും രാജകീയകാളേജിലെ അധികാരസ്ഥന്മാർ കൂടക്കൂടെ പരാതിപ്പെട്ടിട്ടുണ്ട.

(൭) ആദായത്തിന്നായി നടത്തപ്പെടാത്തവയായ, കുടിപ്പള്ളിക്കൂടങ്ങളിൽ അധികം നല്ലവ എല്ലാം, ശരിയായ കരുതലുകളോടുകൂടിയ ഒരു കമ്പാരെടിവ് പരീക്ഷ ഏൎപ്പാട്ടിനെ സ്വീകരിക്കുന്നതിന്ന മനസ്സുള്ളവ ആയിരിക്കുന്നു.

പൊതുവായ കമ്പാരെടിവ് പരീക്ഷ ഏൎപ്പെടുത്തുന്നതിന്ന പ്രതികൂലം ആയ വാദങ്ങൾ.

(൧) പരീക്ഷിക്കപ്പെടേണ്ടവരായ വിദ്യാൎത്ഥികളുടെ സംഖ്യ വലുതായിരിക്കും എന്നുള്ളതുകൊണ്ട, പരീക്ഷയുടെ കാൎയ്യക്ഷമതക്ക കുറവുവരും. ഒരേവിഷയത്തിൽ പരീക്ഷ്യന്മാരുടെ ഉത്തരങ്ങളെ നോക്കി മാൎക്ക ഇടുന്നതു ഏകപരീക്ഷകൻ ആയിരുന്നാൽ ഉത്തരത്തിന്റെ ഗുണദോഷവിവേചനം ശരിയായി നടക്കയില്ല. പരീക്ഷകന്മാർ കേവലം യന്ത്രങ്ങളെപോലെ പ്രവൎത്തിച്ചു എന്നുവരും. ഒരേ വിഷയത്തിലെ പരീക്ഷ്യന്മാരുടെ ഉത്തരങ്ങളെ പല പരീക്ഷകന്മാൎക്കായി കൊടുത്താലൊ അവയെ നോക്കി മാൎക്കകൊടുക്കുന്നതു ഒരുവിധത്തിൽ അല്ലാതിരുന്ന എന്നും വരും.

(൨) ചോദ്യക്കടലാസുകൾ അധികം എണ്ണം വേണ്ടിവരുന്നതാകയാൽ അവയെ അച്ചടിപ്പിച്ച ചോദ്യങ്ങൾ വെളിയിൽ അറിയാതെ അയക്കുന്നതും വളരെ പ്രയാസം ആയിരിക്കും.

(൩) സ്കൂളുകൾ തമ്മിൽ മാത്സൎയ്യത്തെ പ്രോത്സാഹിപ്പിക്കുന്നതുകൊണ്ടു, വിദ്യാൎത്ഥികൾ പരീക്ഷാവധി എടുക്കും ഉയൎന്നതും അദ്ധ്യാപന്മാരുടെ അന്ധാനവും കുറവും നഷ്ടവും ആയ സ്കൂളിന് കൂട്ടം ആയി ചേരുന്നതായിരിക്കും.

(൪) "കഴിഞ്ഞ രണ്ടു ആണ്ടുകളിൽ നടന്ന കംപാരെടിവ് പരീക്ഷയുടെ ഫലത്തെ നോക്കിയതിൽ തൃപ്തികരം ആണെന്നു തോന്നുന്നില്ലാ"

(൫) കുട്ടികളുടെ പരീക്ഷകൾ നടത്തുന്നതുതന്നെ മനോവികാസത്തിനും ബുദ്ധിവൃദ്ധിക്കും ഉപദ്രവകരം ആകുന്നു.

ലേലം സ്വീകരിക്കപ്പെട്ട ആൾ ലേലം സ്ഥിരപ്പെട്ട ഉടനെയും സാമാനങ്ങൾ മാറ്റുന്നതിനു അനുവദിക്കുന്നതിനു മുമ്പെയും ആയി ലേല തുക മുഴുവനും കെട്ടി വെക്കേണ്ടതാകുന്നു.

നിശ്ചയിച്ച തീയതിക്കകം സാമാനങ്ങളെ മാറ്റാതിരുന്നാൽ ഡെപ്പോസിറ്റ് സർക്കാരിലേക്കു ചേർക്കുകയും സാമാനങ്ങൾ തിരിച്ചു ലേലത്തിൽ വിൽക്കുകയും ചെയ്യുന്നതാകുന്നു.

എസ്. ഇ. ഡെകണ്ടുമ്യൂർ,
എക്സിക്യൂട്ടീവ് ഇഞ്ചിനിയർ.

൮൨—൧൧—൦൬.

൧. ബ്രാക്കറ്റ് ടെയിൽ ചെയിൻ നം. എണ്ണം ൧
൨. ബ്രാക്കറ്റ് റിവോൾവിങ് ൧൧ X ൫ ടി ൫
൩. ടി ടി ൯ X ൫ ടി ൩.
൪. ടി ടി ൭ X ൫ ടി ൨൯
൫. ചിമ്മിനികൾ ൨൫ ടി ൯
൬. ടി പി. ആർ. ആൻഡ് സൺസ് ടി ൭
൭. പലമാതിരി ചിമ്മിനികൾ ടി ൧൬
൮. ടിപ്പ് ഉള്ള ചിമ്മിനി ടി ൬
൯. ചാൻഡലിയർ മെഴുകുതിരിഡസൻ ൩൪
൧൦. കാമറു ചിമ്മിനി എണ്ണം ൧൨
൧൧. മൈക്കാ കാമറു ചിമ്മിനി ടി ൪൧
൧൨. പി. ആർ. ആൻഡ്. സൺസ് ചിമ്മിനി ൫ാം നമ്പർ എണ്ണം ൧
൧൩. റാന്തൽ വിളക്കിന്റെ ചിമ്മിനി ൬
൧൪. ചിമ്മിനി ഡസ്റ്റ്പ്ലേറ്റ് ൧൪
൧൫ ടി മൂടി ൩൧
൧൬. കപ്പ് ആൻഡ് സാസർ സെററു ൧
൧൭. ആഫീസ് ക്ലാക്ക എണ്ണം ൧
൧൮. ബ്രാസ്സ് ഡബ്കട്ട് ഷെയിഡ് ടി ൧
൧൯. ടി മെഴുകുതിരിക്ക ടി ൩
൨൦. ....റാന്തൽ കണ്ണാടി ടി ൨൭
൨൧. ഫിഷ്ടെയിൽ ബെയിൻ ബെട്ട് ഗ്ലാസ്സ് ടി ൫
൨൨. ചെയിൻ ടി ൨ X ൨ X ൫ പൌണ്ട് ൫൪൩
൨൩. ചെമ്പു റാന്തൽ എണ്ണം ൪

൨൪. നാട്ടതൊൽ പൌണ്ട് ൩൫
൨൫. മെഴുകുതിരിക്കിണ്ണം മൂടി എണ്ണം ൧
൨൬. മാൻടിൽ ടി ൧
൨൭. നൂൽ കയറു പൌണ്ട് ൩൬
൨൮. റിസെർവായർ ഗ്ലാസ്സ് എണ്ണം ൪
൨൯. സ്ലാപ്പ് ചെയിൻ പൌണ്ട് ൨൨൦
൩൦. സ്പോഞ്ച് ടി ൨൩൨
൩൧. ഷെയ്ഡ് ബ്രാസ്സ് സ്റ്റാൻഡ് റൗണ്ട് എണ്ണം ൧
൩൨. ഷട്ടേഴ്സ് ടിക്ക ടി ൨
൩൩. ഗാർലിക്ക് കമ്പനി തറയിൽ പാവുന്ന ഓട് എണ്ണം ൧൫൭
൩൪. ചെങ്കൽ ഉണ്ടാക്കുന്നതിനു വെച്ചു വെക്കുന്ന ട്രേ ടി ൭
൩൫. ചെത്തി പുരുന്ന ചായം പൌണ്ട് [illegible]
൩൬. ബോട്ടിലുകളിൽ പഴയ പൂട്ടും താക്കോലും ൧
൩൭. കയററു പാ സ്ക്വയർ ഫീററു ൧൫൩൧
൩൮. ഇരുമ്പു ലാംഗ്ലാത്തു ഇണി ടി [illegible]
൩൯. പച്ച മെഴുവിരിപ്പു ടി [illegible]
൪൦. പുവപ്പു ജാലർ പൌണ്ട് [illegible]
൪൧. സാൻസിബാഗ് ടക്കിവെപ്പു എണ്ണം [illegible]
൪൨. പഴയ പുൽപാ ഗജം ൪൧൮
൪൩. അലമാര എണ്ണം ൧
൪൪. സ്റ്റീം പ്രെഷർ ഗാജ് ടി ൧
൪൫. കള്ളിപ്പെട്ടന്ന ഒടിഞ്ഞ കസേര ടി ൭



TRAVANCORE GOVERNMENT GAZETTE.

TRIVANDRUM, TUESDAY, July 16, 1907. / Karkadagom 1, 1082.

TOWN IMPROVEMENT COMMITTEE.

പട്ടണപരിഷ്കരണ കമ്മിററി തിരുവനന്തപുരം.

൧൦൮൨-ാമാണ്ടു [illegible] ഇടവം [illegible] ശനിയാഴ്ച കൂടിയ യോഗത്തിലെ നടപടികൾ.

ഹാജർ:—

മ. രാ. രാ. ആർ. രംഗനാഥയ്യർ അവർകൾ ബി. എ. വൈസ് പ്രസിഡന്റ്.
„ വി. എ. രാമകൃഷ്ണയ്യർ അവർകൾ ബി. എ. ബി. എൽ.
„ കെ. നാരായണൻ തമ്പി അവർകൾ.

൧. കാണിമാറാ മാർക്കെട്ടിൽ നല്ല മീൻ ധാരാളം കിട്ടുന്നില്ലെന്നു കന്റോൺമെന്റിൽ താമസിക്കുന്ന മിസ്റ്റർ എച്ച്. എ. മിഞ്ചിൻ മുതൽപേരുടെ ഹർജിയിന്മേൽ ഉണ്ടായ ഗവൺമെന്റു പ്രൊസീഡിംഗ്സിനെ അയച്ചു ഗവൺമെന്റിൽ നിന്നു വന്ന ൧൦൮൨ മെ [illegible]-ലെ ജി. [illegible] നമ്പർ ലെട്ടർ വായിച്ചു.

ഇതിനെ സംബന്ധിച്ചു മറ്റുള്ള റെക്കാർഡുകളെയും വായിച്ചു.

കുത്തകക്കാരൻ താൻ ചെയ്ത ഉടമ്പടിയിലെ വ്യവസ്ഥകളെ ലംഘിച്ചിട്ടില്ലാത്തതിനാലും മീൻ കിട്ടാത്തതിനു അയാൾ ഉത്തരവാദി അല്ലാത്തതിനാലും അയാളുടെ ഉടമ്പടിയെ റദ്ദു ചെയ്വാൻ മാർഗ്ഗം ഇല്ലെന്നു നിശ്ചയിച്ചു.

൨. തമ്പാനൂർ ചെങ്കൽച്ചൂളയെ ഒരു തോട്ടം ആക്കുന്നതിനു വേണ്ട ചിലവിനു ഒരു അടങ്കൽ അയക്കാൻ ചീഫ് എഞ്ചിനീയർക്കു അയച്ച ലെട്ടറിന്റെ പകർപ്പു അയച്ചു ഗവൺമെന്റിൽ നിന്നു എഴുതിയ ൧൦൮൨ മെ [illegible]-ലെ [illegible]-ാം നമ്പർ ലെട്ടർ വായിച്ചു.

റെക്കാർഡു ചെയ്തു.

൩. തെക്കെ നടക്കു സമീപം പാല്പായസ വ്യാപാരം ചെയ്വാൻ ലൈസൻസിനുള്ള ചില ഹർജികൾ അയച്ചു ഹെല്ത്താഫീസർ എഴുതിയ [illegible]-ലെ [illegible]-ം [illegible]-ം നമ്പർ റിപ്പോർട്ടുകൾ വായിച്ചു.

ഹർജിക്കാർക്കു ലൈസൻസ് കൊടുക്കണം എന്നു നിശ്ചയിച്ചു.

൪. പട്ടണപരിഷ്കരണ കമ്മിട്ടി റെഗുലേഷൻ [illegible] വകുപ്പിൽ കാണിച്ചുവരുന്ന സ്ഥലങ്ങളുടെ ഒരു ലിസ്റ്റ് അയച്ചു (൧൦൮൨ ജനുവരി [illegible]-ലെ [illegible]-ാം നിശ്ചയം നോക്കുക) ഹെല്ത്താഫീസർ എഴുതിയ ൧൦൮൨ ഫെബ്രുവരി [illegible]-ലെ [illegible]-ാം നമ്പർ റിപ്പോർട്ട് വായിച്ചു.

(ക) റെഗുലേഷനിലെ വ്യവസ്ഥകൾ അനുസരിച്ചു ഈ സ്ഥലങ്ങളുടെ ഏതെങ്കിലും ഉടമസ്ഥന്മാർ ലൈസൻസിനു അപേക്ഷിച്ചിട്ടുണ്ടോ എന്നും.

(ഖ) എത്രകാലമായി ഈ സ്ഥലങ്ങളെ കച്ചവടസ്ഥലമായി ഉപയോഗിച്ചു വരുന്നു എന്നും ഹെല്ത്താഫീസർ റിപ്പോർട്ടു ചെയ്യണം എന്നു നിശ്ചയിച്ചു.

൫. റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള ആളുകൾ തങ്ങളുടെ പുരയിടത്തിൽ ഉള്ള കക്കൂസിനെ ഇപ്പോൾ ഇരിക്കുന്ന സ്ഥലത്തിൽ നിന്നു റോഡിലും [illegible] ഉള്ളിലും [illegible] ഇല്ലാത്തതും ആയ മറ്റു വല്ല സ്ഥലത്തേക്കും മാറ്റി ഇടുവിക്കാൻ നോട്ടീസു അയക്കണം എന്നു ശിപാർശ ചെയ്തു എഴുതിയ ഹെല്ത്താഫീസരുടെ ൧൦൮൨ മെ [illegible]-ലെ [illegible]-ാം നമ്പർ റിപ്പോർട്ട് വായിച്ചു.

അപ്രകാരം നോട്ടീസു അയക്കണം എന്നു നിശ്ചയിച്ചു.

ആർ. രംഗനാഥയ്യർ,
വൈസ് പ്രസിഡന്റ്.

പട്ടണപരിഷ്കരണക്കമ്മിററി കൊല്ലം.

൧൦൮൨ മെടം ൩൧-ാം ബുധനാഴ്ച കൂടിയ സാധാരണ യോഗത്തിലെ നടപടികൾ
൧൯൦൭ മെയ് ൧൫-ാം

ഹാജർ.

മ. രാ. രാ. എം. പപ്പുപിള്ള അവർകൾ ബി. എ. വൈസ് പ്രെസിഡണ്ടു.
" കുമാരമെനോൻ അവർകൾ
" ആർ. വെലുപ്പിള്ള അവർകൾ
മിസ്റ്റർ സി. ചെറിയാൻ

൧. ലൈസൻസു കൂടാതെ നാഗമ്പാടം മണപ്പുറത്തിൽ താമസിച്ചതിനു പ്രാസിക്യൂട്ടു ചെയ്യാതിരിക്കാനും ലൈസൻസുഫീസ് ഈടാക്കാതിരിക്കാനും കാരണം ഉണ്ടെങ്കിൽ കാണിക്കണം എന്നു ഇട്ടിരാക്കൊറക്കം, തരിയൻ താമസിയും കൊച്ചുകുഞ്ഞിനും അയച്ച നൊട്ടീസുകൾ വായിച്ചു.

ഇവർ ലൈസൻസുഫീസു കൊടുത്തുകഴിഞ്ഞിരിക്കുന്നതുകൊണ്ടു അവക്കു മാപ്പു കൊടുക്കണം എന്നു നിശ്ചയിച്ചു.

൨. റിപ്പോർട്ടുകളിൽ പറഞ്ഞിട്ടുള്ള മൂന്നുപെരും അവരുടെ കെട്ടിടങ്ങൾക്കു കമ്മിട്ടിയുടെ അനുവാദംകൂടാതെ ഓലമെഞ്ഞതിനു കൊട്ടയം ൨ാം ക്ലാസ് മജിസ്ട്രെട്ട പിഴ ഇട്ടിട്ടുണ്ടെന്നു സാനിട്ടറി ഇൻസ്പെക്ടരുടെ ൪൧൬-ം ൪൨൪-ം നമ്പർ റിപ്പോർട്ടുകളെ വായിച്ചു രെക്കാർഡുചെയ്തു.

൩. ജെയിസ്ഫ്ലൂയിഡും കാർബൊളിക് പൊടിയും വാങ്ങുന്നതിനു ൨൨ രൂപാ അനുവദിക്കണം എന്നു അപെക്ഷിച്ചു. സാനിട്ടറി ഇൻസ്പെക്ടർ എഴുതിയ ൪൨൭-ം നമ്പർ റിപ്പോർട്ടു വായിച്ചു.

'സപ്ലൈസ് ആൻഡ് സെർവിസസ്' എന്ന ഇനത്തിൽ നിന്നു ജെയിസ്ഫ്ലൂയിഡ് മാത്രം വാങ്ങുന്നതിനു ൧൧ രൂപാ അനുവദിക്കണം എന്നു നിശ്ചയിച്ചു.

൪. ചാക്കൊ വക്കി മുതൽപെരായ നമ്പർ പെർ ഇരിക്കുന്ന സ്ഥലത്തു മീൻ വില്ക്കുന്നതിനു ഒരു കട സ്ഥാപിക്കുന്നതിനു അനുവാദം അപെക്ഷിച്ചു. അവർ അയച്ച ൧൯൦൭ മെയ് ൨൩-ലെ ഹർജി വായിച്ചു.

റിപ്പോർട്ടുചെയ്യുന്നതിനായി ഈ ഹർജിയെ സാനിട്ടറി ഇൻസ്പെക്ടർക്കു അയക്കണം എന്നു നിശ്ചയിച്ചു.

൫. റിപ്പോർട്ടിൽ വിവരിച്ചിട്ടുള്ള പുരയിടത്തിൽ ആളുകൾ മലമൂത്രവിസർജ്ജനം ചെയ്യാൻ മാർഗ്ഗം ഇല്ലാത്തവിധത്തിൽ അതിനെ മറച്ചുകെട്ടിയിട്ടില്ലെന്നു സാനിട്ടറി ഇൻസ്പെക്ടരുടെ ൪൩൫-ം നമ്പർ റിപ്പോർട്ടു വായിച്ചു.

രെക്കാർഡുകളും വായിച്ചു.

പുരയിടത്തെ അടച്ചു വൃത്തിയാക്കാൻ നൊട്ടീസു അയച്ചിരുന്ന മാത്തുജൊസഫിനെ നൊട്ടീസു അനുസരിക്കാത്തതിനു പ്രാസിക്യൂട്ടു ചെയ്യണം എന്നു നിശ്ചയിച്ചു.

൬. ഓവർസിയർ സി. മത്തായിക്കു ൧൫ ദിവസത്തെ പ്രിവിലെജ് അവധിക്കു ശിപാർശചെയ്തു സാനിട്ടറി ഇൻസ്പെക്ടർ എഴുതിയ ൪൪൦-ം നമ്പർ റിപ്പോർട്ടു വായിച്ചു.

അവധി അനുവദിക്കണം എന്നും സ്വന്തം ജൊലിക്കു പുറമെ സബ് ഓവർസിയർ ഓവർസിയരുടെ ജൊലിയും നൊക്കെണ്ടതാണെന്നും നിശ്ചയിച്ചു.

൭. സാനിട്ടറി ഇൻസ്പെക്ടരുടെ പക്കൽനിന്നു താഴെ വിവരിക്കുന്ന റിപ്പോർട്ടുകൾ വായിച്ചു.

(൧) റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള ആളുകൾ തങ്ങളുടെ പുരയിടത്തെ വൃത്തിയാക്കി മറച്ചു കെട്ടുവാനും അവിടെയുള്ള കിണററിനു ചുററും മതിൽ ഇല്ലാത്തതുകൊണ്ടു അതിനെ മൂടിവെക്കണം എന്നും ഒരു നൊട്ടീസു അയക്കണം എന്നു ശിപാർശചെയ്തു എഴുതിയ ൪൪൨-ം നമ്പർ റിപ്പോർട്ടു

(൨) റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള ആളുകൾ തങ്ങളുടെ കിണററിനു ചുററും മതിൽ ഇല്ലാത്തതിനാൽ അതിനെ മൂടിവെക്കണം എന്നു ഒരു നൊട്ടീസയക്കാൻ ശിപാർശചെയ്തു എഴുതിയ ൪൪൫-ം നമ്പർ റിപ്പോർട്ടു

൭ ദിവസത്തെ അവധിവച്ചു അപ്രകാരം നൊട്ടീസുകൾ അയക്കണം എന്നു നിശ്ചയിച്ചു.

എം. പപ്പുപിള്ള,
വൈസ് പ്രെസിഡണ്ടു.

പട്ടണപരിഷ്കരണകമ്മിട്ടി കൊട്ടയം.

൧൦൮൨ മെടം ൧൮-ാം ബുധനാഴ്ച കൂടിയ സാധാരണ യോഗത്തിലെ നടപടികൾ.

ഹാജർ.

മ. രാ. രാ. കെ. അനന്തനാരായണയ്യർ അവർകൾ ബി. എ., ബി. എൽ. വൈസ് പ്രസിഡണ്ട.

„ കുമാരമെനോൻ അവർകൾ.

„ ആർ. വെലുപ്പിള്ള അവർകൾ.

മിസ്റ്റർ സി ചെറിയാൻ

൧. വാൎഡ്ഡിൻെറ തൊട്ടകൂടി ജൊലിക്ക സ്ഥിരമായി നിയമിക്കാൻ പൊകുന്ന ശിപായിയുടെ ശമ്പളത്തിനു പണം ഉണ്ടാകുമൊ എന്ന ഗവൎമ്മെണ്ട് ചീഫ് സെക്രട്ടറി ചൊദിച്ച് എഴുതിയ ൧൯൦൭ ഏപ്രിൽ ൧൮-ലെ ൫൩൭-ാം നമ്പർ ലെട്ടർ വായിച്ചു.

ടൌൺ ഫണ്ട ക്ഷീണം കമ്മിട്ടിയിൽ മററു ഒരു ഫണ്ടും ഇല്ലെന്ന ഗവൎമ്മെണ്ടിലെക്ക എഴുതി അയക്കണം എന്നു നിശ്ചയിച്ചു.

൨. കമ്മിട്ടിയിൽ നിന്നു അയച്ച ൧൯൦൭ ഏപ്രിൽ ൧൫-ലെ ൬൨-ാം നമ്പരിൽ വിവരിച്ചിരുന്ന നാലു കിണറുകളെയും ആഴമായി കുഴിക്കുന്നതിനു പണം ഇല്ലെന്നും ഈ വെലയെ എഞ്ചിനീയർ ഡിപ്പാൎട്ടുമെണ്ടിൽ നിന്നു നടത്താൻ മാറ്റമില്ലെന്നും എക്സിക്യൂട്ടിവ് എഞ്ചിനീയർ എഴുതിയ ൧൯൦൭ ഏപ്രിൽ ൨൫-ലെ ൬൫൦-ാം നമ്പർ ലെട്ടർ വായിച്ചു.

ഈ കിണറു വളരെ ഉപയോഗമുള്ളതാകയാൽ ഈ ആണ്ടിൽതന്നെ ഈ വെലകളെ നടത്താൻ കഴിയുമെങ്കിൽ അതിലെക്ക എഞ്ചിനീയർ ഡിപ്പാൎട്ടുമെണ്ടിലെക്ക ഉത്തരവു അയക്കാൻ ഗവൎമ്മെണ്ടിനു എഴുതി അയക്കണം എന്നു നിശ്ചയിച്ചു.

൩. അവരുടെ കെട്ടിടങ്ങൾക്ക ഓലകൊണ്ട പുരമെയുവാൻ അനുവാദം അപെക്ഷിച്ച ഉതുപ്പ ഇട്ടിയുടെയും അച്ചൊ അവിരായുടെയും ഹൎജികൾ വായിച്ചു.

അനുവാദം നിഷെധിക്കണം എന്നു നിശ്ചയിച്ചു.

൪. കമ്മിട്ടിയുടെ അനുവാദം കൂടാതെ അവരുടെ കെട്ടിടങ്ങൾക്ക ഓലകൊണ്ട പുരമെഞ്ഞതിനു റിപ്പൊൎട്ടുകളിൽ വിവരിച്ചിട്ടുള്ള ആളുകളെ പ്രൊസിക്യൂട്ടു ചെയ്യാനു അനുവാദം അപെക്ഷിച്ചു സാനിട്ടറി ഇൻസ്പെക്ടർ എഴുതിയ ൨൧൪, ൨൧൫, ൩൧൩, ൩൧൪, ൩൮൨, ൩൮൭, ൩൮൯ ഈ നമ്പർ റിപ്പൊൎട്ടുകൾ വായിച്ചു.

അനുവാദം കൊടുക്കണം എന്നു നിശ്ചയിച്ചു.

൫. ലൈസൻസു കൂടാതെ നാഗമ്പാടം മണപ്പുറത്തിൽ താമസിക്കുന്നതിനു പ്രൊസിക്യൂട്ടു ചെയ്യാതിരിക്കാൻ കാരണം കാണിച്ചു ലൈസൻസുഫീസായ ൧ രൂപാ ൧൪ ചക്രം ൧൨ കാശു കെട്ടിച്ചും അയ്യാവുകെളൻ എഴുതിയ ഹൎജി വായിച്ചു.

ഫീസു തന്നിരിക്കുന്നതുകൊണ്ട അയാൾക്ക മാപ്പുകൊടുക്കണം എന്നു നിശ്ചയിച്ചു.

കെ. അനന്തനാരായണയ്യർ,
വൈസ് പ്രസിഡണ്ട.

പട്ടണപരിഷ്കരണകമ്മിററി ആലപ്പുഴ.

൧൦൮൨ മെടം ൨൫-ാം ബുധനാഴ്ച കമ്മിട്ടി ആഫീസിൽ വെച്ചു കൂടിയ യൊഗത്തിലെ നടപടികൾ.

ഹാജർ.

മിസ്റ്റർ ജെ. എൻ. ഷെപ്പാ ബി. എ. പ്രസിഡണ്ട.

„ നൌറൊജി ചെസ്ടൊൺജി നസീർ വാലാ.

മ. രാ. രാ. എം. അപ്പാവുപിള്ള.

മിസ്റ്റർ. ഇ. ജെ. ചെറിയാൻകുഞ്ഞു.

യൊഗം കാലത്തു ൮ മണിക്കു തുടങ്ങി.

൧. കഴിഞ്ഞ യൊഗത്തിലെ മിനിട്ടുകൾ വായിച്ചു.

൨. പെരുന്നിൽ വിഷൂചികാ പരന്നിരിക്കുന്നതിനെ സംബന്ധിച്ചു ഗവമ്മെണ്ടിൽ നിന്നു വന്ന താഴെ വിവരിക്കുന്ന ലെട്ടരുകൾ വായിച്ചു.

(൧) വ്യാധിയുള്ള സ്ഥലങ്ങൾ നിശ്ചയിക്കുന്നതിനായി വെണ്ട സംബന്ധതികളെപ്പററി ൧൦൮൨ മെ മിഥുനം ൨൩-ലെ ൨൫൭൭ ാം നമ്പർ.

ഇപ്പൊഴത്തെക്കു ഒരു ഓവർസീയറെ നിയമിക്കണം എന്നു നിശ്ചയിച്ചു ഇതിന്മെലുള്ള നിയമനങ്ങൾ ആവശ്യംപൊലെ ചെയ്യുന്നതായിരിക്കും.

(൨) വിഷൂചിക ഉള്ള കാലത്തെക്കു കമ്മിട്ടിയിൽ ജൊലി ചെയ്യുന്നതിനു രണ്ടു കാൺസ്റ്റെബിളിനെ വിട്ടുകൊടുക്കുന്നതിനെപ്പററി ൧൦൮൨ മിഥുനം ൨൮-ന് എഴുതിയ ൨൫൭൯ ാം നമ്പർ ലെട്ടരും ഇതിനെപ്പററി വെണ്ട ഉത്തരവുകൾ വന്നിട്ടുണ്ടെന്നു സ്ഥലം പൊലീസു ഇൻസ്പെക്ടരുടെ ൧൦൮൨ മെടം ൨൧-ലെ ൨൯൮൨ ാം നമ്പർ റിപ്പൊർട്ടും.

൨ കാൺസ്റ്റബിൾമാരെ പ്രെസിഡെണ്ടിന്റെ അടുക്കൽ റിപ്പൊർട്ടു ചെയ്തുകൊള്ളത്തക്കവണ്ണം ഏൎപ്പാടു ചെയ്വാൻ ഇൻസ്പെക്ടർക്കു എഴുതി അയക്കണം എന്നു നിശ്ചയിച്ചു.

(൩) മെഡിക്കൽ സ്റ്റൊറിൽ നിന്നു രൊഗവിഷപരിഹാരണൌഷധങ്ങൾ കൊടുക്കത്തക്കവണ്ണം ഉത്തരവുകൾ അയച്ചിട്ടുണ്ടെന്നു അറിയിച്ചു ൧൦൮൨ മെ മിഥുനം എഴുതിയ ൨൫൯൭ ാം നമ്പർ ലെട്ടർ.

റിക്കാർട്ടു ചെയ്തു.

൩. കമ്മിട്ടിയുടെ ൧൦൮൩ ാമാണ്ടത്തെ വരവു ചിലവു വകകളുടെ ബഡ്ജറ്റു എസ്റ്റിമെട്ടിനെപ്പററി ആലൊചിച്ചു.

അനുവാദത്തിനായി ഗവമ്മെണ്ടിലെക്കു അയക്കണം എന്നു നിശ്ചയിച്ചു.

൪. ജനനമരണ കണക്കുകൾക്കുള്ള പുത്തൻ ഫാറങ്ങൾ ഗവമ്മെണ്ടിൽ നിന്നു അനുവദിച്ചുകഴിഞ്ഞു എന്നു സാനിട്ടറി കമ്മിഷണരുടെ ൧൯൦൭ ഏപ്രിൽ ൨൩-ലെ ൨൧൭൩ ാം നമ്പർ ലെട്ടർ വായിച്ചു.

റിക്കാർട്ടു ചെയ്തു.

൫. ൧൦൮൩ ാമാണ്ടിൽ കച്ചവടം ചെയ്യുന്നതിനു താഴെ വിവരിക്കുന്ന ആളുകൾക്കു പ്രെസിഡെണ്ടു ലൈസൻസു കൊടുത്തതിനുള്ള ലിസ്റ്റു വായിച്ചു.

൧ അബ്ദുൾകാദിർ ചെറിയ
൨. കുട്ടിയമ്മ മാഹമ്മത്
൩. കരിയൻതൊമ്മ
൪. ആലിമഹമ്മത്
൫. നൂറുദ്ദീൻ വടക്കെ കമാൽദീൻ കൊയാ
} കൊപ്രായിൽ ചില്ലറ കച്ചവടത്തിനു

൬. നാഗെന്ദ്രപ്പിള്ള അച്ചുതപ്പിള്ള
൭. ബാപ്പു അബ്ദുൽകാദിർ
൮. കൃഷ്ണൻ നാരായണൻ
൯. നാരായണൻ നാരായണൻ
൧൦. അടിമ ആബ്ബുബെക്കർ
} മഞ്ഞളുക്കു ചില്ലറ കച്ചവടത്തിനു

൧൧. മെസ്സർസ ബെസ്റ്റ ആൻഡ് കമ്പനി മഞ്ഞളുക്കു മൊത്ത കച്ചവടത്തിനു.

കൊടുത്തിട്ടുള്ള ലൈസൻസിനെ സ്ഥിരപ്പെടുത്തണം എന്നു നിശ്ചയിച്ചു.

൬. ഇപ്പൊൾ മലംകൊരി ശുദ്ധി ചെയ്യുന്നതിനുള്ള ഏൎപ്പാടു നടത്തുന്നതിൽ ഉണ്ടാകുന്ന ന്യൂനതകളെ ആലൊചിക്കുമ്പൊൾ കമ്മിട്ടിയുടെ അഭിപ്രായത്തിൽ ഇതിനുള്ള ചട്ടങ്ങളെ ഭേദപ്പെടുത്തെണ്ടതാണെന്നു തൊന്നുന്നു അതിനാൽ പ്രെസിഡെണ്ടും മെഡിക്കൽ ആഫീസരും മിസ്റ്റർ ചെറിയാൻ മത്തായും മിസ്റ്റർ നെറൊണയും ഒരു സബ്ബ് കമ്മിട്ടിയായി ചെന്നു ടി ചട്ടങ്ങളെ പരിശൊധിച്ചു കമ്മിട്ടിയുടെ ആലൊചനക്കായി ഭേദപ്പെടുത്തി എഴുതണം എന്നു നിശ്ചയിച്ചു.

യൊഗം കാലത്തു ൧൦ മണിക്കു പിരിഞ്ഞു.

കെ. എൻ. പിള്ള.
പ്രെസിഡണ്ടു.

പട്ടണ പരിഷ്കരണ കമ്മിററി കൊല്ലം.

൧൦൮൨ മിഥുനം ൩൧ ശനിയാഴ്ച കൂടിയ സാധാരണ യോഗത്തിലെ നടപടി.

ഹാജർ.

മ. രാ. രാ. എൻ. രാജാരാമരായർ അവർകൾ ബി. എ. വൈസ് പ്രസിഡണ്ട്.
„ എസ്. വെങ്കിട്ടരാമനായിഡു അവർകൾ എൽ. എം. എസ്.
മിസ്റ്റർ എ. ആർ. സാമി.

യോഗകാര്യം വൈകുന്നേരം ൬ മണിക്കു തുടങ്ങി.

൧. തിരുവനന്തപുരം പ. പ. കമ്മിട്ടി നിശ്ചയിച്ച ഒരു തീരുമാനത്തിന്മേൽ ഉണ്ടായ ഗവമെന്റു പ്രൊസീഡിങ്ങിന്റെ പ്രതി ഈ കമ്മിട്ടിയുടെ അറിവിന്നായി അയച്ച ഗവമെണ്ടു ചീഫ്സെക്രട്ടറി ഫെബ്രുവരി ൨൧-ം ൧൧൩൦-ാം നമ്പരിൽ എഴുതിയ ലറർ വായിച്ചു.
റെക്കാർഡ് ചെയ്തു.

൨. കന്ദസ്വാമി കൊന്നൂരുടെ പുരയിടത്തിൽ ഉള്ള കക്കൂസിന്റെ വിഷയത്തിൽ കമ്മിട്ടിയുടെ മുന്നത്തെ തീരുമാനത്തെ ലംഘിച്ചതിലേക്കു അയാളെ പ്രാസിക്യൂട്ടു ചെയ്യാതിരിക്കാൻ കാരണം ഉണ്ടെങ്കിൽ കാണിക്കണം എന്നു അയാൾക്കു അയച്ച നോട്ടീസു വായിച്ചു.

കമ്മിട്ടിയുടെ മുമ്പാകെ ഹാജരാക്കിയ അയാളുടെ സമാധാനവും വായിച്ചു.

കക്കൂസിനെ അശുചിയായി വച്ചിരുന്നതിലേക്കു ഇയാളെ താക്കീതു ചെയ്തിരിക്കുന്നു.

൩. അനുവാദം കൂടാതെ പബ്ലിക് റോഡിൽ ഒരു പന്തൽ കെട്ടിയതിനെപ്പററി ഒരു മഹസർ അയച്ച …… നമ്പരിൽ സാനിട്ടറി ഇൻസ്പെക്ടർ എഴുതിയ റിപ്പോർട്ടു വായിച്ചു.

റെഗുലേഷൻ ൩൩-ാം വകുപ്പനുസരിച്ചു പ്രാസിക്യൂട്ടു ചെയ്യാതിരിക്കാൻ കാരണം ഉണ്ടെങ്കിൽ പറയണം എന്നു നോട്ടീസു അയക്കാൻ നിശ്ചയിച്ചു.

മതവിഷയം ആയും ധർമ്മവിഷയം ആയും ഉള്ള കാര്യങ്ങൾക്കു സർക്കാർ സ്ഥലത്തെ ഉപയോഗിക്കുന്ന സംഗതികളിൽ ലൈസൻസു ഫീസു കൊടുക്കേണ്ടതില്ലെന്നു കല്പിക്കണം എന്നു മെഡിക്കൽ ആഫീസർ അഭിപ്രായപ്പെട്ടു

ഭാവിയായ ഒരു യോഗത്തിൽ ഈ വിഷയത്തെപ്പററി പര്യാലോചിക്കാം എന്നു നിശ്ചയിച്ചു.

൪. കൊപ്രാ കയറു മുതലായവയെ ലൈസൻസു കൂടാതെ വിൽക്കുന്നതിനെപ്പററി സാനിട്ടറി ഇൻസ്പെക്ടർ മഹസർ അയച്ച …… നമ്പരിൽ എഴുതിയ റിപ്പോർട്ടു വായിച്ചു.

റെഗുലേഷൻ ൫൩-ാം വകുപ്പനുസരിച്ചു പ്രാസിക്യൂട്ടു ചെയ്യാതിരിക്കുന്നതിലേക്കു കാരണം ഉണ്ടെങ്കിൽ പറയണം എന്നു നോട്ടീസു അയക്കാൻ നിശ്ചയിച്ചു.

൫. മാട്ടുമാംസം വിൽക്കുന്നതിന്നു ഏഴുപേർക്കു ലൈസൻസു കൊടുക്കാൻ ശിപാർശചെയ്തു കൊല്ലം മെഡിക്കൽ ആഫീസർ ഫെബ്രുവരി ൨൧-ം ൫൩-ാം നമ്പരായി എഴുതിയ ലററർ വായിച്ചു.

ശിപാർശ ചെയ്തപോലെ ലൈസൻസു കൊടുക്കാൻ നിശ്ചയിച്ചു.

൬. (൧) ഫാത്തുമ്മാൾ ഉണക്കമീൻ കുന്തം കത്തു വച്ചിരുന്നു വിൽക്കാനും (൨) അബ്ദുൽകാദർ റാവുത്തർ (൩) അബ്ദുൽഖാദർ സാഹിബ് ഇവർ ചെമ്പും ഓട്ടും വച്ചിരുന്നു വിൽക്കാനും (൪) വൈദിലിംഗം കാർത്തു തുകൽ വച്ചിരുന്നു വിൽക്കാനും (൫) കല്ലൻ പിള്ള വച്ചിരുന്നു വിൽക്കാനും (൬) വൈദിലിംഗം കാർത്തു തോൽ വച്ചിരുന്നു വിൽക്കാനും (൭) ജീവൻദാസ് ലീലാധർ കൊപ്രാ വച്ചിരുന്നു വിൽക്കാനും ലൈസൻസിന്നു അപേക്ഷിച്ചു എഴുതിയ ഹർജികളും വായിച്ചു. ഇവയിന്മേൽ സാനിട്ടറി ഇൻസ്പെക്ടർ എഴുതിയ റിപ്പോർട്ടുകളും വായിച്ചു.

൭-ം അപേക്ഷകന്മാർക്കെല്ലാം ലൈസൻസു കൊടുക്കാൻ നിശ്ചയിച്ചു.

യോഗം വൈകുന്നേരം ൭ മണിക്കു പിരിഞ്ഞു.

എൻ. രാജാരാമരായർ,
വൈസ് പ്രസിഡണ്ട്.

പട്ടണപരിഷ്കരണ കമ്മിറ്റി തിരുവനന്തപുരം.

൧൦൮൨ മീനം ൩൰ ശനിയാഴ്ച കൂടിയ അസാധാരണ യോഗത്തിലെ നടപടികൾ.

ഹാജർ :—

മ. രാ. രാ. സി. രാഘവാചാര്യർ അവർകൾ ബി. ഏ. വൈസ് പ്രസിഡണ്ട്.
„ എസ്. കൃഷ്ണമൂർത്തി അയ്യർ അവർകൾ എം. ബി. സി. എം.
„ വി. എ. രാമകൃഷ്ണയ്യർ അവർകൾ ബി. ഏ. ബി. എൽ.
„ കെ. നാരായണൻതമ്പി അവർകൾ.

൧. ഉദ്ദേശം ൩൫ രൂപാ വിലക്കു ൧൦൦ മൺവെട്ടികൾ വാങ്ങിക്കുന്നതിനും ൪൦ തുക അങ്ങനെ സ്റ്റോറിൽ "ആയുധ സാമാനങ്ങൾ" എന്ന ഇനത്തിൽ നിന്നു ചിലവു ചെയ്യുന്നതിനും അനുവദിച്ചു ഹജൂരിൽ നിന്നു എഴുതിയ ൧൦൮൨ ഫെബ്രുവരി ൯-ാം൹ യിലെ ൨൬൯൦-ാം നമ്പർ ലെട്ടർ വായിച്ചു.

അനുവദിച്ചിട്ടുള്ള തുകക്കു അകമായി വേണ്ട മൺവെട്ടികൾ ഹെൽത്താഫീസർ വാങ്ങിക്കണം എന്നു നിശ്ചയിച്ചു.

൨. കിള്ളിയാറ്റു നന്താവനത്തിൽ ഗോസായികൾക്കായി ഒരു കക്കൂസു കെട്ടുന്നതിനെപ്പറ്റി ൧൦൮൨ ഫെബ്രുവരി ൧൪-ാം൹ ഹജൂരിൽ നിന്നു എഴുതിയ $\frac{൨൭൭൭}{P. W.}$ നമ്പർ ലെട്ടർ വായിച്ചു.

ഇതിനു കുറച്ചുകൂടി ഉചിതമായ ഒരു സ്ഥലം ഹെൽത്താഫീസർ തിരിഞ്ഞെടുക്കണം എന്നു നിശ്ചയിച്ചു.

൩. ടൌണിൽ അത്യാവശ്യമായി തുറന്നു കിടക്കണം എന്നുള്ള സ്ഥലങ്ങളെ പരിശോധിച്ചു നൂതനമായ ഒരു ലിസ്റ്റു എഴുതണം എന്നു ഹജൂരിൽ നിന്നു എഴുതിയ ൧൦൮൨ ഫെബ്രുവരി ൧൩-ാം൹ യിലെ ൧൮൧൯-ാം നമ്പർ ലെട്ടർ വായിച്ചു.

൬ാം മാസം കഴിയുന്നതിനു മുമ്പു മേൽ വിവരിച്ച ലെട്ടറിലെ അഭിപ്രായം അനുസരിച്ചു ഒരു പുത്തൻ ലിസ്റ്റു ഹെൽത്താഫീസർ എഴുതി തയ്യാറാക്കണം എന്നു നിശ്ചയിച്ചു.

൪. താഴെ വിവരിക്കുന്ന ഹജൂർ ലെട്ടറുകളെ വായിച്ചു റിക്കാർട്ടു ചെയ്തു.

(൧) ടെൺനെകളിൽ വസൂരി കുറിവെക്കുന്നതിനെപ്പറ്റിയുള്ള ഗവൺമെണ്ടു പ്രൊസീഡിംഗ്സു അയച്ചു എഴുതിയ ൧൦൮൨ ഫെബ്രുവരി ൨൧-ാം൹ ലെ $\frac{൧൭൯൭}{G}$-ാം നമ്പർ.

(൨) പുത്തൻചന്ത പബ്ലിക്ക റോഡിൽ നാരായണൻരാജു എന്ന ആൾ സ്ഥലാതിക്രമണം ചെയ്തിരിക്കുന്നതിനെപ്പറ്റി ഉണ്ടായിട്ടുള്ള ഗവൺമെണ്ടു പ്രൊസീഡിംഗ്സു അയച്ചു ൧൦൮൧ നവംബർ ൧൭-ാം൹ എഴുതിയ $\frac{൧൬൯൭൭}{G.}$-ാം നമ്പർ ലെട്ടർ.

(൩) സാനിട്ടേരി കമ്മിഷണർ കാര്യം വിചാരിക്കുന്ന കാലത്തേക്കു മിസ്റ്റർ ബി. കൃഷ്ണരായർക്കു ഉള്ള അലവൻസിനെപ്പറ്റിവന്ന ൧൦൮൨ മാർച്ച് ൫-ാം൹ ലെ ൧൮൧൯-ാം നമ്പർ.

(൪) തിരുവനന്തപുരത്തു ഗവർണർ വരുന്ന സമയത്തു പ്രത്യേക ശുചീകരണ ഏർപ്പാടുകൾ ചെയ്യുന്ന വകക്കു ൫൦ രൂപ അനുവദിച്ചു എഴുതിയ ൧൦൮൨ ഫെബ്രുവരി ൯-ാം൹ യിലെ $\frac{൨൭൫}{Pol.}$-ാം നമ്പർ ലെട്ടർ.

(൫) പത്മതീർത്ഥത്തിലും പാത്രക്കുളത്തിലും ദിവസേന എത്ര വെള്ളം വന്നുചാടുന്നുണ്ടെന്നും എത്ര വെള്ളം വെളിയിൽ പോകുന്നുണ്ടെന്നും അറിയാൻ ഒരു അളവുകോൽ വെക്കുന്നതിനെപ്പറ്റി ചീഫ് എഞ്ചിനീയർക്കു അയച്ച ലെട്ടറിന്റെ ഒരു പ്രതി അയച്ചു ൧൦൮൨ ജാനുവരി ൨൯-ാം൹ എഴുതിയ ൩൨൨-ാം നമ്പർ ലെട്ടർ.

(൬) ഹെൽത്താഫീസിന്റെ ഉപയോഗത്തിനായി ൧൦൦ ചവറു തൊട്ടി വാങ്ങിക്കുന്നതിനു ൭൨൧ രൂപ അനുവദിച്ചു എഴുതിയ ൧൦൮൨ ഫെബ്രുവരി ൯-ാം൹ ലെ $\frac{൨൭}{G}$ നമ്പർ ലെട്ടർ.

(൭) പള്ളിക്കെട്ടു സംബന്ധിച്ചു മേടം ൧൨-ാം൹ വിജയവിലാസത്തു സദ്യക്കാർക്കുള്ള സത്രത്തിൽ മേൽ അന്വേഷണത്തിനായി കൺസർവൻസി സിബ്ബന്തികളെ നിയമിക്കുന്നതിനെപ്പറ്റി ൧൦൮൨ മാർച്ച് ൫-ാം൹ ലെ ൩൨൭൭-ാം നമ്പർ ലെട്ടർ.

൯. കാണിമാറാ മാർക്കറ്റിനടുത്തു ഈരാണ്മവിളാകം പുരയിടത്തിൽ മീൻ കച്ചവടം ചെയ്യുന്നതു കഴിയുന്നതും ക്രമിച്ചിട്ടും (൧൯൦൭ ഫെബ്രുവരി ൨൮-ാം കൂടിയ യോഗത്തിലെ I നിശ്ചയം നോക്കുക) അവിടെ മീൻ കച്ചവടം നടന്നുവരുന്നു എന്ന ഹെൽത്താഫീസരുടെ ൧൦൮൨ മകരം ൨൨-യിലെ ൯൨൪-ാം നമ്പർ റിപ്പോർട്ട് വായിച്ചു.

ഇപ്പോഴത്തെ കണ്ട്രാക്ടർ അപ്പിച്ചൻപിള്ളയുടെ ഹർജിയും ഇതിനെ സംബന്ധിച്ചുള്ള റിപ്പോർട്ടുകളും വായിച്ചു.

കമ്മിററിയുടെ ലൈസൻസു കൂടാതെ മേൽപ്പറഞ്ഞ സ്ഥലത്തെ മീൻ കച്ചവടത്തിനു ഉപയോഗിച്ചു ദുർഗ്ഗന്ധം ഉണ്ടാക്കുന്നതിനു ഈരാണ്മവിളാകം പുരയിടം ഉടമസ്ഥൻ എം. ടി. ശങ്കരൻ പിള്ളയേയും പാട്ടക്കാരൻ സുന്ദരൻ അന്തോനിയെയും ഹെൽത്താഫീസരുടെ ൧൯൦൭ ജനുവരി ൨൪-ാം-ലെ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള അവിടെ മീൻ കച്ചവടം ചെയ്യുന്നവരെയും ൩൨-ാം വകുപ്പു ൫-ാം ഖണ്ഡത്തിൻപ്രകാരം പ്രാസിക്യൂട്ടു ചെയ്യണം എന്നു ഭൂരിപക്ഷക്കാർ (മിസ്റ്റർ കെ. നാരായണൻതമ്പി പ്രതികൂലം) അഭിപ്രായപ്പെട്ടു.

ആ പുരയിടത്തെ മീൻ കച്ചവടത്തിനു ഉപയോഗിച്ചുകൂടാ എന്നും നോട്ടീസു കിട്ടിയതിനു മേൽ ൨൪ മണിക്കൂറിനകം അതിനെ അടച്ചു കെട്ടണം എന്നും മേൽപ്പറഞ്ഞ ഉടമസ്ഥനും പാട്ടക്കാരനും കച്ചവടക്കാർക്കും നോട്ടീസു അയക്കണം എന്നു നിശ്ചയിച്ചു.

൧൦. പഴയ വള്ളക്കടവിനു സമീപത്തു പൊതുജനോപയോഗത്തിനായി ഒരു കിണറു കുഴിപ്പാൻ ൭൫൦ രൂപാ വകകൊള്ളിച്ചു ഒരു അടങ്കൽ അയച്ചു തരുന്നു എന്നു ഓവർസിയർ ൧൦൮൨ വൃശ്ചികം ൨൫-യ്ക്കു എഴുതിയ ൯൧-ാം നമ്പർ റിപ്പോർട്ടു വായിച്ചു.

കമ്മിററിയിലെ എഞ്ചിനീയർ ഡിപ്പാർട്ടുമെൻറു മെമ്പരോടു അടങ്കലിനെ പരിശോധിച്ചു അഭിപ്രായം പറയാൻ അപേക്ഷിക്കണം എന്നു നിശ്ചയിച്ചു.

൧൧. ടൌണിലെ ചവറു, മലം മുതലായവയെ കുഴിച്ചിടുന്നതിനു ഒരു സ്ഥലം കാണിച്ചു ൧൯൦൬ ഡിസംബർ ൨൦-ാം ഹെൽത്താഫീസർ എഴുതിയ ൯൪൫-ാം നമ്പർ റിപ്പോർട്ടു വായിച്ചു.

ഈ സംഗതിയെപ്പററി അഭിപ്രായം പറയാൻ സാനിട്ടേരി കമ്മിഷണരോടു അപേക്ഷിക്കണം എന്നു നിശ്ചയിച്ചു.

൧൨. കാണിമാറാ മാർക്കറ്റിൽ കടകൾ മുഴുവനും അളുകൾ കൂടുന്നതിനുള്ള വഴിയെപ്പററി ൧൯൦൬ അക്ടോബർ ൨൪-യ്ക്കു അവിടത്തെ സാർജൻറു എഴുതിയ ൪൧൯-ാം നമ്പർ റിപ്പോർട്ടു വായിച്ചു.

പിന്നീടു മാർക്കറ്റിൻെറ ഒരു സ്കെച്ചും കടകളിൽ വിററുവരുന്ന സാമാനങ്ങളുടെ വിവരത്തിനു ഒരു പട്ടികയും അയച്ചു സാർജൻറു ൧൯൦൭ മാർച്ചു ൯-ാം എഴുതിയ ൯൧-ാം നമ്പർ റിപ്പോർട്ടു വായിച്ചു.

കാണിമാറാ മാർക്കറ്റിനു അടുത്തുള്ള വീഥികളിൽ സാമാനങ്ങൾ വിററുകൂടാ എന്നു ൩൨-ാം വകുപ്പു ൭-ാം ഖണ്ഡം അനുസരിച്ചു ഒരു പരസ്യം ഗസെററിൽ പ്രസിദ്ധപ്പെടുത്തുന്നതിനു വേണ്ട വിവരങ്ങൾ ഹെൽത്താഫീസരോടു ചോദിക്കണം എന്നു നിശ്ചയിച്ചു.

൧൩. മലംകോരി ശുദ്ധി ചെയ്യുന്നതിനുള്ള ഫീസും ലൈസൻസു ഫീസും ഏർപ്പാടാക്കുന്നതിൽ ഉണ്ടാകുന്ന താമസത്തെയും ബുദ്ധിമുട്ടിനെയും ആലോചിച്ചും മേൽ ഇവയെ വേഗത്തിൽ ഏർപ്പാടാക്കുന്നതിനായും ഹെൽത്താഫീസർക്കു ൧൦൭൭-ാമാണ്ടത്തെ ൪-ാം റെഗുലേഷൻ അനുസരിച്ചു ഒരു തഹശീൽദാരുടെ അധികാരവും അസിസ്റ്റൻറു സാനിട്ടേരി ഇൻസ്പെക്ടർമാർക്കു ടി റെഗുലേഷൻപ്രകാരം പാർവ്വത്യകാരൻെറ അധികാരവും കൊടുക്കുന്നതിനെപ്പററി ഗവർമ്മെണ്ടു ചെയ്തിട്ടുള്ള തീരുമാനത്തെ വീണ്ടും ആലോചിക്കുന്നതിനായി ഗവർമ്മെണ്ടിനു എഴുതി അയക്കണം എന്നു നിശ്ചയിച്ചു.

൧൪. തൻെറ പുരയിടത്തെ അടച്ചുകെട്ടി വൃത്തിയാക്കണം എന്നു മാതേവൻ പരമേശ്വരനു അയച്ചിട്ടുള്ള നോട്ടീസിനെപ്പററി അയാൾ അയച്ച ഹർജിയും അതിന്മേൽ ഹെൽത്താഫീസരുടെ ൧൦൮൨ ധനു ൭-യിലെ ൧൦൩-ാം നമ്പർ റിപ്പോർട്ടും വായിച്ചു.

കമ്മിററിയുടെ നോട്ടീസിനെ അനുസരിക്കാത്തതിനു അയാളെ പ്രാസിക്യൂട്ടു ചെയ്യണം എന്നു നിശ്ചയിച്ചു.

൧൫. ഒരു മരത്തെ മുറിച്ചു മാററുന്നതിനെപ്പററി ചെട്ടികുളങ്ങര അയ്യപ്പൻ പത്മനാഭൻെറ ഹർജിയും അതിന്മേൽ ഹെൽത്താഫീസരുടെ ൧൦൮൨ വൃശ്ചികം ൨൬-ലെ ൧൨൪-ാം നമ്പർ റിപ്പോർട്ടും വായിച്ചു.

ഹെൽത്താഫീസർ ശിപാൎശ ചെയ്തിരിക്കുന്നപോലെ ഒരു നോട്ടീസു അയക്കണം എന്നു നിശ്ചയിച്ചു.

൧൨. റിപ്പോൎട്ടിൽ പറഞ്ഞിട്ടുള്ള ആളുകൾക്കു അവരുടെ വാടക വണ്ടിസ്ഥലത്തെ വൃത്തിയാക്കി വെച്ചുകൊള്ളുവാൻ നോട്ടീസു അയക്കണം എന്നു ശിപാൎശ ചെയ്തു ഹെൽത്താഫീസർ എഴുതിയ ൧൦൮൨ കുംഭം ൨൩൲ലെ ൧൮൩ാം നമ്പർ റിപ്പോൎട്ടു വായിച്ചു.

അപ്രകാരം നോട്ടീസു അയക്കണം എന്നു നിശ്ചയിച്ചു.

൧൩. ലൈസൻസു കൂടാതെ മഞ്ഞൾ ശേഖരിച്ചു വില്ക്കുന്നതിനു റിപ്പോൎട്ടിൽ പറഞ്ഞിട്ടുള്ള ആളുകളെ പ്രാസിക്യൂട്ടു ചെയ്വാൻ അനുവാദം അപേക്ഷിച്ചു ഹെൽത്താഫീസർ എഴുതിയ ൨൩൲ലെ ൧൮൧ാം ൧൮൨ാം നമ്പർ റിപ്പോൎട്ടുകൾ വായിച്ചു.

പ്രാസിക്യൂഷൻ അനുവദിച്ചു.

൧൪. റിപ്പോൎട്ടിൽ പറഞ്ഞിട്ടുള്ള ആളുകൾക്കു അവരുടെ പുരയിടത്തെ മറച്ചുകെട്ടി വൃത്തിയാക്കി വെച്ചുകൊള്ളുവാൻ നോട്ടീസു അയക്കണം എന്നു ശിപാൎശ ചെയ്തു ഹെൽത്താഫീസർ എഴുതിയ ൧൦൮൨ കുംഭം ൧൨൲ലെ ൧൬൭ാം നമ്പർ റിപ്പോൎട്ടു വായിച്ചു.

അപ്രകാരം നോട്ടീസു അയക്കണം എന്നു നിശ്ചയിച്ചു.

൧൫. റിപ്പോൎട്ടിൽ പറഞ്ഞിട്ടുള്ള ആൾക്കു കമ്മിട്ടിയിൽ നിന്നു കൊടുത്ത നോട്ടീസിനെ അയാൾ അനുസരിച്ചിട്ടില്ലെന്നു ഹെൽത്താഫീസരുടെ ൨൩൲ലെ ൧൭൯ാം നമ്പർ റിപ്പോൎട്ടു വായിച്ചു.

റിപ്പോൎട്ടിൽ പറഞ്ഞിട്ടുള്ള വിഷ്ണുപോറ്റിയാരെ കമ്മിട്ടിയുടെ നോട്ടീസിനെ അനുസരിക്കാത്തതിനു പ്രാസിക്യൂട്ടു ചെയ്യണം എന്നു നിശ്ചയിച്ചു.

സി. രാഘവാചാൎയ്യർ,
വൈസ് പ്രെസിഡണ്ടു.

പട്ടണ പരിഷ്കരണ കമ്മിററി കോട്ടയം

൧൦൮൨ കുംഭം ൨൩൲ ബുധനാഴ്ച കൂടിയ അസാധാരണ യോഗത്തിലെ നടപടികൾ.

ഹാജർ.

മ. രാ. രാ. കെ. അനന്തനാരായണയ്യർ അവർകൾ ബി. എ. ബി. എൽ.
വൈസ് പ്രസിഡണ്ടു.

" ആർ. വേലുപ്പിള്ള അവർകൾ.

മിസ്റ്റർ സി. ചെറിയാൻ.

൧. ഹജൂരിൽ നിന്നു വന്ന താഴെ വിവരിക്കുന്ന പേപ്പറുകൾ വായിച്ചു റെക്കാൎഡു ചെയ്തു.

(൧) മാൎക്കറ്റിനെ കരാറുകൂടി വലുതാക്കണം എന്നു ഗവൎമ്മെണ്ടു നിശ്ചയിച്ചിരിക്കുന്നു എന്നും അതിനെപ്പററി പുത്തനായി ഒരു ഉത്തരവു കൊടുക്കാൻ ഇപ്പോൾ മാൎഗ്ഗമില്ലെന്നും ഉള്ള ൧൦൮൨ ഫെബ്രുവരി ൩൲യിലെ $\frac{൭൧൨}{G}$ നമ്പർ ലെറർ.

(൨) സാനിട്ടെറി ഇൻസ്പെക്ടർ പി. സി. ഇട്ടിയര ഉപയോഗപ്പെടുത്തി കഴിഞ്ഞ ഒരു മാസത്തെ പ്രിവിലെജ അവധിക്കും ഇൻസ്പെക്ടരുടെ ജോലി നോക്കിവന്നതിനു കമ്മിട്ടിക്കാൎക്കു ൫ രൂപാ അലവൻസും അനുവദിച്ചു എഴുതിയ ൧൦൮൨ ഫെബ്രുവരി ൫൲യിലെ $\frac{൭൫൭}{G}$ നമ്പർ.

(൩) സാനിട്ടറി ഇൻസ്പെക്ടൎക്കു കൊടുത്ത ഒരു മാസത്തെ പ്രിവിലെജ അവധിക്കു ഇടച്ചയായി ആറു ദിവസത്തെ പ്രിവിലെജ അവധികൂടി അനുവദിച്ചുവന്ന ൧൦൮൨ ഫെബ്രുവരി ൧൩൲യിലെ $\frac{൮൦൫൦}{G}$ നമ്പർ.

(൪) ൭ാം ആണ്ടത്തെക്കു സാനിട്ടറി ഇൻസ്പെക്ടരുടെ ആഫീസിനു വാടക വകക്കു ൩൦ രൂപാ ടൌൺ ഫണ്ടിൽനിന്നു അനുവദിച്ചു ൧൦൮൨ ഫെബ്രുവരി ൭൲ എഴുതിയ $\frac{൭൯൫}{G}$ നമ്പർ ലെറർ.

(൫) ൧൦൮൨മാണ്ടു ആദ്യത്തെ മൂന്നു മാസങ്ങളിൽ വസൂരി കീറിവെക്കൽ നടന്നിട്ടുള്ളതിനെപ്പററി ഉണ്ടായ ഗവൎമ്മെണ്ടു പ്രൊസീഡിങ്ങിൻെറ ഒരു പ്രതി അയച്ചു എഴുതിയ ൧൦൮൨ ഫെബ്രുവരി ൨൧൲യിലെ $\frac{൮൭൦}{G}$ നമ്പർ.

൫. ഊരൂട്ടമ്പലം പകർച്ചരോഗ ആസ്പത്രിക്കു രോഗികളെ കൂട്ടിക്കൊണ്ടു പോകുന്ന വകക്കു എത്ര തുക നിശ്ചയിക്കേണ്ടതാണെന്നു ചോദിച്ചു ഗവർമ്മെണ്ടു ചീഫ സെക്രട്ടറി ൧൯൦൭ ഫെബ്രുവരി ൧൬-ാം- എഴുതിയ ൩൬൭ നമ്പർ ലെറ്റർ വായിച്ചു.

ഈ സംഗതിയിൽ വേണ്ട നടപടികൾ ദിവാൻപേഷ്കാർ ചെയ്തുകഴിഞ്ഞു എന്നു കമ്മിട്ടി അറിയുന്നു.

അതിനാൽ ഈ വകക്കു പ്രത്യേകം തുക നീക്കിവെക്കേണ്ടെന്നും ഇപ്രകാരം വിവരിച്ചു ഒരു മറുപടി അയക്കണം എന്നും കമ്മിട്ടി നിശ്ചയിച്ചു.

൬. ജനനമരണ കണക്കുകളെ പററിയും ചവറു വില്ക്കുന്നതിനെപ്പററിയും ഉണ്ടായിട്ടുള്ള ഗവർമ്മെണ്ടു പ്രൊസീഡിങ്സിന്റെ ചില ഭാഗങ്ങൾ അയച്ചു ഗവർമ്മെണ്ടു ചീഫ സെക്രട്ടറി എഴുതിയ ൧൯൦൭ ഫെബ്രുവരി ൫-ാം-ലെ ൩൬൭ നമ്പർ ലെറ്റർ വായിച്ചു.

പ്രൊസീഡിങ്സിന്റെ അയച്ചുതന്ന ഭാഗങ്ങളും വായിച്ചു.

നിർബന്ധമായി ജനനമരണ കണക്കു നടപ്പാക്കുന്നതിനെപ്പററി അധികം മെമ്പർമാർ ഉള്ള മറെറാരു യോഗത്തിൽ ആലോചിച്ചു കൊള്ളാം എന്നു നിശ്ചയിച്ചു.

൭. ഈ ടൌണിൽ ജോലിക്കു നിയമിച്ചിരിക്കുന്ന വാക്സിനേട്ടരോടു (വസൂരി കീറിവെക്കുന്ന ആൾ) കൂടി ഒരു ശിപായിയെ വിട്ടുകൊടുക്കണം എന്നു അപേക്ഷിച്ചു ഗവർമ്മെണ്ടു ചീഫ് സെക്രട്ടറി എഴുതിയ ൧൯൦൭ ഫെബ്രുവരി ൧൬-ലെ ൩൬൭ നമ്പർ ലെറ്റർ വായിച്ചു.

ഈ സംഗതിയെപ്പററി സാനിട്ടറി കമ്മിഷണർ ഗവർമ്മെണ്ടു ചീഫ് സെക്രട്ടറിക്കു എഴുതിയ ലെററും വായിച്ചു.

കൺസർവൻസി ജോലി തടസ്ഥപ്പെടും എന്നുള്ളതിനാൽ സ്ഥിരം സിബ്ബന്തിയിൽ നിന്നു ഒരു ശിപായിയെ വിട്ടുകൊടുക്കാൻ കമ്മിട്ടിക്കു കഴിവില്ലാതിരിക്കുന്നു. അതുകൊണ്ടു മാസം ഒന്നിനു ൭ രൂപാ ശമ്പളത്തിൽ ഒരു വിശേഷാൽ ശിപായിയെ നിയമിക്കുന്നതിലേക്കു അനുവാദത്തിനു ഗവർമ്മെണ്ടിനോടു അപേക്ഷിക്കാൻ നിശ്ചയിച്ചു.

൮. ൧൦൮൨ തുലാമാസത്തേക്കു അയച്ചുതന്ന ജനനമരണ കണക്കിന്മേൽ തന്റെ അഭിപ്രായം അടങ്ങിയ ഒരു സ്റ്റേറ്റുമെണ്ടു അയച്ചു സാനിട്ടറി കമ്മിഷണർ ഡിസംബർ ൨൧-ാം- എഴുതിയ ൫൬൮൪-ാം നമ്പർ ലെറ്റർ വായിച്ചു.

സാനിട്ടറി കമ്മിഷണരുടെ അഭിപ്രായത്തിന്മേൽ ൨൭൦-ാം നമ്പരിൽ സാനിട്ടറി ഇൻസ്പെക്ടർ എഴുതിയ സ്റ്റേറ്റുമെണ്ടും റിപ്പോർട്ടും വായിച്ചു.

സാനിട്ടറി ഇൻസ്പെക്ടരുടെ റിപ്പോർട്ടിന്റെ ഒരു പ്രതി സാനിട്ടറി കമ്മിഷണർക്കു അയക്കണം എന്നും ജനനമരണ കണക്കിൽ വിട്ടുപോയതായി പറയുന്ന സംഗതിയിൽ കമ്മിഷണർ എഴുതിട്ടുള്ള വിവരം അപൂർണ്ണമാകുന്നു എന്നും കമ്മിഷണർ തന്റെ അനുമാനങ്ങളെ സ്ഥാപിക്കുന്നതിലേക്കു സ്വീകരിച്ചിട്ടുള്ള സംഗതികൾ സൂക്ഷ്മം അല്ലെന്നും അഭിപ്രായപ്പെട്ടു കമ്മിഷണർക്കു എഴുതണം എന്നും നിശ്ചയിച്ചു.

൯. സർക്കാർ സ്ഥലം ആയ ശ്മശാനത്തിൽ കാടുവെട്ടി തെളിക്കുന്നതു ആവശ്യം ആകുന്നു എന്നും അതിലേക്കു രണ്ടു രൂപാ അനുവദിക്കണം എന്നും പ്രസ്താവിച്ചു ൨൭൨-ാം നമ്പരിൽ സാനിട്ടറി ഇൻസ്പെക്ടർ എഴുതിയ റിപ്പോർട്ടു വായിച്ചു.

തഞ്ചിലവു എന്ന ഇനത്തിൽ നിന്നു ഈ സംഖ്യ അനുവദിക്കാൻ നിശ്ചയിച്ചു.

൰. റിപ്പോർട്ടിലെ വിഷയമായ കക്ഷൂസു നോട്ടീസിൻപ്രകാരം വൃത്തിയാക്കപ്പെട്ടിട്ടുണ്ടെന്നു പ്രസ്താവിച്ചു ൨൬൦-ാം നമ്പരിൽ ഇൻസ്പെക്ടർ എഴുതിയ റിപ്പോർട്ടു വായിച്ചു റെക്കാർഡു ചെയ്തു.

൰൧. റിപ്പോർട്ടിലെ വിഷയം ആയ ആൾ പുരയിടത്തെ വൃത്തിയാക്കി എങ്കിലും അടച്ചു കെട്ടീട്ടില്ലെന്നു പ്രസ്താവിച്ചു ഇൻസ്പെക്ടർ ൨൭൫-ാം നമ്പരിൽ എഴുതിയ റിപ്പോർട്ടു വായിച്ചു.

കമ്മിട്ടിയുടെ ഉത്തരവിനെ ലംഘിച്ചതിലേക്കു പ്രാസിക്യൂട്ടു ചെയ്യാതിരിക്കാൻ കാരണം ഉണ്ടെങ്കിൽ പറയണം എന്നു അയാൾക്കു നോട്ടീസു അയക്കാൻ നിശ്ചയിച്ചു.

൰൨. പട്ടണത്തിലെ അതിർത്തിക്കകത്തു മണ്ണെണ്ണ വെടിമരുന്നു മുതലായവ വില്ക്കുന്നതിനു റിപ്പോർട്ടിലെ ആളുകൾക്കു ലൈസൻസു കൊടുക്കാൻ ശിപാർശചെയ്തു ഇൻസ്പെക്ടർ എഴുതിയ ൩ റിപ്പോർട്ടുകൾ വായിച്ചു.

ലൈസൻസുകൾ കൊടുക്കാം എന്നും പ്രത്യേകമായ ഫാറത്തെ ൩-ാം റെഗുലേഷൻ അനുസരിച്ചു ലൈസൻസു വാങ്ങിക്കൊള്ളേണ്ടതാണെന്നു ഹർജിക്കാരെ തെര്യപ്പെടുത്തണം എന്നും നിശ്ചയിച്ചു.

൭൦. ഇനി മേലാൽ വിളക്കുകൾക്കു ചായം ഇടുന്നതിനു ഒരു രൂപായും (പഴയ രീതിയിൽ ഉള്ള) ഇനം വിളക്കുകൾക്കു ചായം ഇടുന്നതിനു ൯ രൂപാ ൭ ചക്രവും പുതിയ വിളക്കുകൾക്കു കീൽ അടിക്കുന്നതിനു ൧൧ രൂപാ ൧൪ ചക്രവും അനുവദിക്കുന്നതിനു സാനിട്ടറി ഇൻസ്പെക്ടർ എഴുതിയ ൩൩൧-ാം നമ്പർ റിപ്പോർട്ട് വായിച്ചു.

വിളക്കുകൾക്കു ചായം ഇടുന്നതിനു വേണ്ട ൩൭ രൂപാ ൭ ചക്രം സപ്ലൈ ഗ്രാന്റിൽ നിന്നു അനുവദിക്കാം എന്നും വിളക്കു കാലുകൾക്കു കീലിടിക്കുന്ന കാര്യം ഇപ്പോഴത്തേക്കു നിറുത്തിവെക്കാം എന്നും നിശ്ചയിച്ചു.

൭൧. മിസ്റ്റർ എ. എൻ. ഗോമസ്സിന്റെ കക്കൂസിനെ ഇപ്പോഴത്തെ സ്ഥലത്തിൽ നിന്നു ആ പുരയിടത്തിൽ ആക്ഷേപയോഗ്യം അല്ലാത്ത വല്ല ഒരു സ്ഥലത്തേക്കു മാറി ഇടണം എന്നു അയാൾക്കു നോട്ടീസു അയക്കാൻ നിശ്ചയിച്ചു.

൭൨. കോട്ടയത്തു കന്നുകാലി വാണിഭച്ചന്ത ഈ ആണ്ടിലും ചിറക്കുഴിപ്പാടത്തു വച്ചു നടത്തുന്നതിലേക്കു ആ സ്ഥലം ലഭിക്കുന്നതാണെന്നു പ്രസ്താവിച്ചു ഇൻസ്പെക്ടർ എഴുതിയ ൩൩൩-ാം നമ്പർ റിപ്പോർട്ട് വായിച്ചു.

ടി ആണ്ടിലും ചിറക്കുഴിപ്പാടത്തുവച്ചു കന്നുകാലിച്ചന്ത നടത്താം എന്നും മുമ്പിലത്തെപ്പോലെ അതിലേക്കു വേണ്ട ഏർപ്പാടുകൾ ചെയ്യണം എന്നും നിശ്ചയിച്ചു.

കെ. അനന്തനാരായണയ്യർ,
വൈസ് പ്രെസിഡണ്ടു.

പട്ടണപരിഷ്കരണകമ്മിട്ടി തിരുവനന്തപുരം.

൧൦൮൨ ഇടവം ൯-ം ശനിയാഴ്ച കൂടിയ യോഗത്തിലെ നടപടികൾ—

ഹാജർ:—

മ. രാ. രാ. ആർ. രംഗനാഥയ്യർ അവർകൾ ബി. എ. വൈസ് പ്രെസിഡണ്ടു.
" എം. തിരുഅമ്പലംപിള്ള അവർകൾ
" കെ. നാരായണൻതമ്പി

I. ഗവർമ്മെന്റിൽനിന്നു വന്ന താഴെ വിവരിക്കുന്ന ലെട്ടരുകൾ വായിച്ചു റിക്കാർഡു ചെയ്തു:—

(എ) കോട്ടക്കകത്തു തെരുവുകളിലെ ചാലുകൾ സംബന്ധിച്ചുള്ള ചില്ലറവേലകളെ കമ്മിട്ടിയിൽനിന്നു നടത്താം എന്നും എംജിനീയർ ഡിപ്പാർട്ടുമെണ്ടു ബഡ്ജറ്റിൽ വെച്ചിട്ടുള്ള തുകയെ കമ്മിട്ടിയുടെ അധീനത്തിൽ ആക്കാം എന്നു എഴുതിവന്ന ൧൦൮൨ മെ ൧൯-ലെ [illegible]/P. W. നമ്പർ ലെട്ടർ.

(ബി) കരപ്പട്ടിക്കടറോഡിൽ വിളക്കുകൾ ഇടുന്നതു ഇപ്പോൾ ആവശ്യമില്ലെന്നു എഴുതിവന്ന ൧൦൮൨ മെ ൧൫-നു [illegible]-ാം നമ്പർ ലെട്ടർ.

II. കാണിമാറാമാർക്കറ്റിൽ മീൻ ശരിയായി കിട്ടാത്തതിനെപ്പററി ഉണ്ടായ ഗവർമ്മെന്റു പ്രൊസീഡിംഗ്സ് അയച്ചു ൧൦൮൨ മെ ൧൪-ാം എഴുതിയ [illegible] നമ്പർ ലെട്ടർ വായിച്ചു.

ഇതു ഒരു മുഖ്യമായ സംഗതിയാകയാൽ പ്രെസിഡണ്ടുതന്നെ ഹാജരാകാൻ ഇടയുള്ള അടുത്തയോഗത്തിലേക്കു ടി സംഗതിയെ നീട്ടിവെക്കണം എന്നു നിശ്ചയിച്ചു.

III. കക്കൂസുകളിൽ മലം കോരി ശുദ്ധിചെയ്യുന്നതിനു ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള ഫീസിനെ അധികം ആക്കുന്നതിനെപ്പററി നിശ്ചയിച്ചു.

അധികം മെമ്പർമാർ ഹാജരുള്ള ഇനി ഒരു യോഗത്തിൽ ടി സംഗതിയെപ്പററി ആലോചിക്കണം എന്നു നിശ്ചയിച്ചു.

IV. കൊല്ലംപെരുവഴിക്കു സമീപത്തു ഒരു വയലിനെ കൃഷിതൊട്ടത്തിനു ഉപയോഗിക്കരുതെന്നു പട്ടണപരിഷ്കരണകമ്മിട്ടി റെഗുലെഷനിലെ ൧൫-ാം വകുപ്പനുസരിച്ചു തടുക്കുന്നതിനു ഏർപ്പാടുചെയ്യണമെന്നു അപേക്ഷിച്ചു ഹെല്ത്താഫീസർ എഴുതിയ ൧൦൮൨ മാർച്ച് ൨൭-ലെ മൂന്നൂറാം നമ്പർ റിപ്പോർട്ടു വായിച്ചു.

മിസ്റ്റർ കെ. നാരായണൻതമ്പിയും തിരുഅമ്പലംപിള്ളയും ഒരു സബ്കമ്മിട്ടിയായി ചെന്നു സ്ഥലം ചെന്നു പരിശോധിച്ചു അഭിപ്രായം പറയാനായി അവരോടു അപേക്ഷിക്കണം എന്നു നിശ്ചയിച്ചു.

V. തെക്കെനടക്കു സമീപം പാല്പ്പായസം വ്യാപാരം ഉള്ള ചിലരുടെ വക്കിലധം അയച്ച ഹെല്ത്താഫീസർ എഴുതിയ ൧൦൮൨ലെ ൫൩൦-ം ൫൩൧-ം നമ്പർ റിപ്പൊർട്ടുകൾ വായിച്ചു.

പട്ടണപരിഷ്കരണറെഗുലെഷനിലെ ൫-ം വകുപ്പിൽ ഉൾപ്പെടുത്താവുന്ന സ്ഥലങ്ങളുടെ ഒരു ലിസ്റ്റ അയച്ചു (൧൦൮൨ ജനുവരി ൧൫-നു കൂടിയ യൊഗത്തിലെ IV-ം നിശ്ചയം നൊക്കുക) ഹെല്ത്താഫീസർ എഴുതിയ ൧൦൮൨ ഫെബ്രുവരി ൨൩-നുലെ ൨൨൦-ം നമ്പർ റിപ്പൊർട്ട വായിച്ചു.

ഈ സംഗതിയെപ്പററി അധികം മെമ്പർമാർ ഹാജരുള്ള വെറെ ഒരു യൊഗത്തിൽ ആലൊചിക്കാം എന്നു നിശ്ചയിച്ചു.

VI. ടൌണിൽ റൊഡുകളിൽ തൂങ്ങിനില്ക്കുന്ന വൃക്ഷങ്ങളുടെ ലിസ്റ്റുകൾ അയച്ചു ഹെല്ത്താഫീസർ എഴുതിയ ൧൦൮൧ലെ ൩൨൫-ം നമ്പരും ൧൦൮൨ലെ ൧൩൯, ൧൭൯, ൨൦൨, ൨൧൭ ഈ നമ്പർകളും ആയ റിപ്പൊർട്ടുകൾ വായിച്ചു.

താഴെ എഴുതിയിരിക്കുന്ന മെംബർമാർ അവരവർക്ക നിശ്ചയിച്ചിട്ടുള്ള ഡിവിഷനിൽ വൃക്ഷങ്ങളെ ചെന്നുനൊക്കി അഭിപ്രായം എഴുതി അയക്കുന്നതിനായി അവരൊട അപെക്ഷിക്കണം എന്നു നിശ്ചയിച്ചു.

മിസ്റ്റർ കെ. നാരായണൻതമ്പി—ചെട്ട ഡിവിഷൻ
" എം. തിരുവമ്പലംപിള്ള —തൈക്കാട "
" ആർ. രംഗനാഥയ്യർ — ചാല "
" വി എ. രാമകൃഷ്ണയ്യർ—കൊട്ടയ്ക്കകവും മണക്കാടും ഡിവിഷനുകളും

VII. പാൽക്കുളങ്ങരക്കുസമീപം സർക്കാർസ്ഥലത്തെ അതിക്രമിച്ചു കെട്ടിട്ടുള്ള മൺചുവരിനെ എടുത്തുകളയാൻ റിപ്പൊർട്ടിൽ പറഞ്ഞിട്ടുള്ള ആൾക്കു നൊട്ടീസു അയക്കണം എന്നു ശിപാർശചെയ്തു ഹെല്ത്താഫീസർ എഴുതിയ ൧൦൮൨ മെടം ൯-നുലെ ൩൫൭-ം നമ്പർ റിപ്പൊർട്ടുവായിച്ചു.

അപ്രകാരം ഒരു നൊട്ടീസു അയക്കണം എന്നു നിശ്ചയിച്ചു.

VIII. കാണിമാറാമാക്കിട്ടിൽഉള്ള കിണററിനു ഒരു പമ്പ് വെക്കുന്നതിനു ഒരു പ്ലാൻ അയച്ചും ലെട്ടറിൽപറഞ്ഞിരിക്കുന്ന വെലകളെ നടത്തിക്കുന്നതിനു അനുവാദം അപെക്ഷിക്കണംഎന്നും എക്സിക്യൂട്ടിവ് എഞ്ജിനിയർ എഴുതിഅയച്ച ൧൦൮൨ ഫെബ്രുവരി ൨൭-നുയിലെ ൨൨൫൧-ം നമ്പർ ലെട്ടർവായിച്ചു.

ഈ സംഗതിയെപ്പററി ഗവർൻമെൻറിലെക്കു എഴുതിഅയക്കണം എന്നു നിശ്ചയിച്ചു

IX. ടൌണിലെ ചില കിണറുകളെ നന്നാക്കെണ്ടതിനെപ്പററി മരാമത്തു ഓവർസിയരുടെ ൧൦൮൨ാമാണ്ടത്തെ [illegible] ൨൦-ം നമ്പർ റിപ്പൊർട്ടുകൾ വായിച്ചു.

മരാമത്തു ഓവർസിയർ അയച്ചിട്ടുള്ള അടങ്കലുകളെ എല്ലാം മിസ്റ്റർ കെ നാരായണൻതമ്പിയും മിസ്റ്റർ എം. തിരുവമ്പലംപിള്ളയും പരിശൊധിച്ചു അവയിൽഉള്ള അറ്റകുററങ്ങളിൽ ഏതെല്ലാം അടിയന്തിരമായി ഈ ആണ്ടത്തെ ബഡ്ജററ അനുവാദത്തിൽ നിന്നു നടത്തിക്കണം എന്നു അവരുടെ അഭിപ്രായത്തെ കമ്മിററിക്കു അയച്ചുതരുവാൻ അവരൊട അപെക്ഷിക്കണം എന്നു നിശ്ചയിച്ചു.

X. റിപ്പൊർട്ടിൽ പറഞ്ഞിട്ടുള്ള ആളെ തന്റെ നായിനെ വായ്ക്കൂട്ടില്ലാതെ പൊതുജനൊപദ്രവകരമായവണ്ണം വിട്ടിരിക്കുന്നതിനു പ്രൊസിക്യൂട്ടചെയ്യാൻ അനുവാദം അപെക്ഷിച്ചു ഹെല്ത്താഫീസർ ൧൦൮൨ മീനം ൧൭-നു എഴുതിയ ൩൨൭-ം നമ്പർ റിപ്പൊർട്ടുവായിച്ചു.

അയാളെ പ്രൊസിക്യൂട്ടചെയ്യാതിരിക്കാൻ കാരണം വല്ലതും ഉണ്ടെങ്കിൽ കാണിക്കണം എന്നു അയാൾക്കു നൊട്ടീസു അയക്കണം എന്നു നിശ്ചയിച്ചു.

XI. റിപ്പൊർട്ടിൽപറഞ്ഞിട്ടുള്ള ആൾക്കു പൊതുജനങ്ങൾക്കു അപായകരമായസ്ഥിതിയിൽ ഇരിക്കുന്ന തന്റെ കെട്ടിടത്തെ പൊളിക്കയൊ വീണ്ടും കെട്ടുകയൊ ചെയ്യണം എന്നു ഒരു നൊട്ടീസു അയക്കാൻ ശിപാർശചെയ്തു ഹെല്ത്താഫീസർ എഴുതിയ ൧൦൮൨ ഏപ്രിൽ ൧൭-നുലെ ൫൫൭-ം നമ്പർ റിപ്പൊർട്ടു വായിച്ചു.

ഈ കെട്ടിടത്തെ പൊളിക്കയൊ അല്ലെങ്കിൽ അതിനെ പൊളിപ്പിക്കാതിരിക്കാൻ കാരണം കാണിക്കയൊ ചെയ്യണം എന്നു അയാൾക്കു ഒരു നൊട്ടീസു അയക്കണം എന്നു നിശ്ചയിച്ചു.

XII. ചാല അസിസ്റ്റണ്ട സാനിട്ടറി ഇൻസ്പെക്ടരുടെ ആഫീസു കെട്ടിടത്തിനു ഒരു അടങ്കൽ അയച്ചു (൧൦൮൨ മാച്ച് ൨൭ ലെ IV നിശ്ചയം നോക്കുക) മരാമത്ത ഓവർസിയർ ൧൦൮൨ മെ ൨൩ ലെ ൧൧൫ ാം നമ്പർ റിപ്പോൎട്ട വായിച്ചു.

പ്രവൃത്തികഴിച്ചു തീരുക ഒരു താല്ക്കെട്ടിടം ഉണ്ടാക്കിക്കൊടുത്തു ഹെല്ത്താഫീസരുടെ ൧൦൮൨ കംഭം ൨൮-യിലെ ൧൨൨ ാം നമ്പരിൽ വിവരിച്ചിട്ടുള്ള പട്ടണപരിഷ്കരണക്കമ്മിട്ടിവക സ്ഥലം തന്നെ കൊടുക്കുവാൻ സീനിയർ ദിവാൻപേഷ്കാരോടു അപേക്ഷിക്കണം എന്നു നിശ്ചയിച്ചു.

XIII. റിപ്പോൎട്ടിൽപറഞ്ഞിട്ടുള്ള ആളുകൾ തന്റെ വീട്ടിനടുത്തുള്ള ഇടവഴിയിൽ ദുഷിച്ച വെള്ളം വിടരുതെന്നു നോട്ടീസു അയക്കണം എന്നു ശിപാൎശചെയ്തു ഹെല്ത്താഫീസർ എഴുതിയ ൧൦൮൨ മെ ൨൯ ലെ ൧൧൬ ാം നമ്പർ റിപ്പോൎട്ട വായിച്ചു

ഹെല്ത്താഫീസർ ശിപാൎശചെയ്തിരിക്കുംപോലെ ഒരു നോട്ടീസു അയക്കണം എന്നു നിശ്ചയിച്ചു.

XIV. റിപ്പോൎട്ടിൽപറഞ്ഞിട്ടുള്ള ആളുകൾ ലൈസെൻസു കൂടാതെ എളുപ്പത്തിൽ തീ കത്തുന്ന സാധനങ്ങൾ കച്ചവടം ചെയ്യുന്നതിനു അയാളെ പ്രാസിക്യൂട്ടുചെയ്വാൻ അനുവാദം അപേക്ഷിച്ചു. ഹെല്ത്താഫീസർ എഴുതിയ ൧൦൮൨ മെടം ൨൭-ലെ റിപ്പോൎട്ട വായിച്ചു

പ്രാസിക്യൂഷൻ അനുവദിച്ചു.

XV. ലൈസൻസുകൂടാതെ മണ്ണെണ്ണക്കച്ചവടം ചെയ്യുന്നതിനു റിപ്പോൎട്ടിൽ പറഞ്ഞിട്ടുള്ള ആളുകളെ പ്രാസിക്യൂട്ടുചെയ്വാൻ അനുവാദം അപേക്ഷിച്ചു ഹെല്ത്താഫീസർ എഴുതിയ ൧൧൯-ം ൧൨൦-ം നമ്പർ റിപ്പോൎട്ടുകൾ വായിച്ചു

പ്രാസിക്യൂഷൻ അനുവദിച്ചു.

XVI. റിപ്പോൎട്ടിൽപറഞ്ഞിട്ടുള്ള ആളുകൾ തന്റെ വീട്ടിലുള്ള കക്കൂസിനെ ഇപ്പോൾ ഇരിക്കുന്ന സ്ഥലത്തിൽനിന്നു മാറ്റി ഹെല്ത്താഫീസർ കാണിക്കുന്ന മറെറാരു സ്ഥലത്തിലേക്കു മാറ്റുന്നതിനു നോട്ടീസു അയക്കണം എന്നു ശിപാൎശചെയ്തു ൧൦൮൨ മെടം ൩൧-ലെ ഹെല്ത്താഫീസർ എഴുതിയ ൧൨൧ ാം നമ്പർ റിപ്പോൎട്ട വായിച്ചു

അപ്രകാരം നോട്ടീസു അയക്കണം എന്നു നിശ്ചയിച്ചു.

XVII. കതിരവട്ടത്തിനു സമീപത്തുള്ള ഗ്രാൻറു ഇൻഎയിഡ് സ്കൂൾ ഹെഡ്മാസ്റ്റർ പത്മനാഭപിള്ള തന്റെ സ്കൂൾകുട്ടികളുടെ ഉപയോഗത്തിനു ഒരു മൂത്രപ്പുര കെട്ടണം എന്നു അയാൾക്കു ഒരു നോട്ടീസു അയക്കാൻ ശിപാൎശചെയ്തു ഹെല്ത്താഫീസർ എഴുതിയ ൧൦൮൨ മെടം ൨൭-ലെ ൧൧൮ ാം നമ്പർ റിപ്പോൎട്ട വായിച്ചു.

അപ്രകാരം നോട്ടീസു അയക്കണം എന്നു നിശ്ചയിച്ചു

XVIII. ൧൦൮൩ മാണ്ടത്തെ ബഡ്ജററു എസ്റ്റിമെററു വായിച്ചു.

അതിനെ ഗവൎമെണ്ടിലേക്കു അയക്കണം എന്നു നിശ്ചയിച്ചു.

XIX റിപ്പോൎട്ടിൽപറഞ്ഞിട്ടുള്ള ആളുകൾക്കു അവരുടെ പുരയിടങ്ങളെ മാപ്പിച്ചു വൃത്തിയാക്കി വെച്ചുകൊൾവാൻ നോട്ടീസു അയക്കണം എന്നു ശിപാൎശചെയ്തു ഹെല്ത്താഫീസർ എഴുതിയ ൧൦൮൨ മാണ്ടത്തെ ൧൨൫-ം ൧൨൭-ം നമ്പർ റിപ്പോൎട്ടുകൾ വായിച്ചു.

അപ്രകാരം നോട്ടീസു അയക്കണം എന്നു നിശ്ചയിച്ചു.

XX. റിപ്പോൎട്ടിൽപറഞ്ഞിട്ടുള്ള ആളുകളോടു വീഥിയിൽ ദുഷിച്ചവെള്ളം വിടരുതു എന്നു എത്രയൊ പ്രാവശ്യം പറഞ്ഞിട്ടും അങ്ങനെ ചെയ്യുന്നതിനു അവരെ പ്രാസിക്യൂട്ടു ചെയ്വാൻ അനുവാദം അപേക്ഷിച്ചു ഹെല്ത്താഫീസർ എഴുതിയ ൧൦൮൨ മെടം ൨൮-ലെ ൧൨൩ ാം നമ്പർ റിപ്പോൎട്ട വായിച്ചു.

ഇങ്ങനെ ചെയ്യുന്നതിനു പ്രാസിക്യൂട്ടുചെയ്യാതിരിക്കാൻ കാരണം ഉണ്ടെങ്കിൽ കാണിക്കണം എന്നു അവൎക്കു നോട്ടീസു അയക്കണം എന്നു നിശ്ചയിച്ചു.

ആർ. രംഗനാഥയ്യർ,
വൈസ് പ്രെസിഡണ്ട.

നാഗർകോവിൽ പട്ടണപരിഷ്കരണ കമ്മിററിയിൽ നിന്നു

പരസ്യം ചെയ്യുന്നതു എന്തെന്നാൽ

നാഗർകോവിൽ പട്ടണപരിഷ്കരണ കമ്മിററിയുടെ അധീനത്തിൽ വിട്ടിട്ടുള്ള വടശേരി കനകമൂല ചന്തയിലുള്ള കടകളെ വാടകയ്ക്കു കൊടുത്തിട്ടുള്ള അവധി ൧൦൮൨-ാമാണ്ടു കർക്കടകമാസം ൩൧-നുയൊടു അവസാനിക്കുന്നതും ൧൦൮൩-ാമാണ്ടു ഒന്നുകൂടി കടകളെ വാടകയ്ക്കായി ലേലം ചെയ്യുന്നതിനു നിശ്ചയിച്ചിരിക്കുന്നതുമാകയാൽ ലേലത്തിൽ ചേരുന്നതിനു മനസ്സുള്ള ആളുകൾ ൧൦൮൨ ആടിമാസം ൧൨-നു പകൽ ൧൧ മണിക്കു കമ്മിററിമുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളേണ്ടതാകുന്നു.

൧. മേൽപ്രകാരം കടകളെ വാടകയ്ക്കു കൊടുക്കുന്നതു പ്രത്യേകം പ്രത്യേകമായിട്ടോ കടവെവരമായിട്ടോ ആയിരിക്കും.

൨. ലേലത്തിൽ ചേരുന്ന ഓരോ ആളും ൫ രൂപാ വീതം ഡിപ്പാസിറ്റു വെക്കേണ്ടതും ഡിപ്പാസിറ്റു വെക്കാത്തവരെ ലേലത്തിൽ ചേർക്കുന്നതല്ലാത്തതുമാകുന്നു.

൩. കൂടുതൽ തുകക്കു വാടകയ്ക്കു എടുക്കുന്നവരുടെ പേരിൽ വല്ല ആക്ഷേപങ്ങളും ഇല്ലാത്തപക്ഷം ലേലം സ്ഥിരപ്പെടുത്തുന്നതും മററുള്ളവരുടെ ഡിപ്പാസിറ്റു ഉടനെ തിരിച്ചു കൊടുപ്പിക്കുന്നതുമാകുന്നു.

൪. ലേലം സ്ഥിരപ്പെട്ടവരുടെ ഡിപ്പാസിറ്റു വാടകയ്ക്കായി ഉപയോഗപ്പെടുത്തുന്നതും ശേഷം വാടക രണ്ടു മാസത്തിനകം കെട്ടിവച്ചു രസീതു വാങ്ങിച്ചുകൊള്ളേണ്ടതുമാകുന്നു.

൫. ലേലം സ്ഥിരപ്പെട്ട ആളും ഡിപ്പാസിറ്റു കഴിച്ചുള്ള വാടകപ്പണം അവധിക്കകം കെട്ടിവെക്കാതെയിരുന്നാൽ ഡിപ്പാസിറ്റുപ്പണം കമ്മിററിവകയ്ക്കായി മുതൽകൂട്ടുന്നതാകുന്നു.

൬. മേൽപ്രകാരം വാടകപ്പണം ഒടുക്കിയതിന്റെ ശേഷം ലേലക്കാരനു കടയിൽ കച്ചവടം ചെയ്യുന്നതിനു ലൈസൻസു കൊടുക്കുന്നതും ചന്തയേയോ കടകളെയോ കുറിച്ചു കമ്മിററിയിൽ നിന്നു ചെയ്യുന്ന നിബന്ധനകൾ പ്രകാരം ലൈസൻസുകാരൻ നടക്കാത്തപക്ഷം അയാൾക്കു കൊടുത്തിട്ടുള്ള ലൈസൻസിനെ അസാധുപ്പെടുത്തി കടകളെ അയാളുടെ പക്കൽ നിന്നും ഒഴിപ്പിക്കുന്നതും അവയെ വീണ്ടും ലേലത്തിലോ മററു വിധത്തിലോ ഏല്പിക്കുന്നതും അങ്ങനെ ചെയ്യുന്നതിൽ വല്ല നഷ്ടങ്ങളുണ്ടാകുന്നപക്ഷം ആദ്യലേലക്കാരൻ ഉത്തരവാദിയെന്നും ലാഭം ഉണ്ടായാൽ അതിലും അയാൾ കെട്ടിവച്ചിട്ടുള്ള വാടകയ്ക്കും യാതൊരു അവകാശം പറയുന്നതുകൂടാത്തതുമാകുന്നു.

൭. ലേലം സ്ഥിരപ്പെടുത്തുന്നതും നിരാകരിക്കുന്നതും കമ്മിററിയുടെ യുക്തംപോലെ ആയിരിക്കയും ചെയ്യും എന്നു

൧൦൮൨ ആനി ൨൨-നു

പ്രസിഡണ്ടു,

നാരായണയ്യൻ സുബ്രഹ്മണ്യയ്യൻ.

നമ്പർ ൧൩൨

നാഗർകോവിൽ പട്ടണ പരിഷ്കരണ കമ്മിററിയിൽ നിന്നും ൧൯൦൭ ലെ ൧൨-ാം ൫-ാം ക്ലാസ്സ് ൨൦-ാം വകുപ്പുപ്രകാരം പരസ്യം ചെയ്യുന്നതു എന്തെന്നാൽ

നാഗർകോവിൽ ടവുണിൽ ഉൾപ്പെട്ടതും താഴെ വിവരം പറയുന്നതുമായ തെരുവുകളിൽ വച്ചു മത്സ്യം വിററു വരുന്നതായും വഴി നടക്കുന്ന ആളുകൾക്കു അതു നിമിത്തം പോക്കുവരവിനു വളരെ ബുദ്ധിമുട്ടും അനാരോഗ്യതയും ഇടയാകുന്നു എന്നും അറിയുന്നതിനാൽ മേലാൽ ഈ തെരുവുകളിൽ വച്ചു ആരും മത്സ്യം വില്ക്കാൻ പാടില്ലാത്തതാകുന്നു എന്നു ഇതിനാൽ തെര്യപ്പെടുത്തിയിരിക്കുന്നു.

തെരുവുകളുടെ വിവരം

കോട്ടാറു മത്സ്യചന്തക്കു സമീപമായുള്ള തെരുവുകളും പുകയില പണ്ടകശാലക്കു കിഴക്കു വശമായുള്ള തെരുവു വടശ്ശേരിയിൽ ചവളക്കാരത്തെരുവിലേക്കു പോകുന്നതിനുള്ള തെരുവും തെരുവുകളാകുന്നു.

൧൦൮൨ ആനി ൧൩-നു

പ്രസിഡണ്ടു നാരായണയ്യൻ സുബ്രഹ്മണ്യയ്യൻ.

Town Improvement Committee, Nagercoil.

Proceedings of the meeting held on Saturday the 6-7-07 / 22-11-82

Present.

M. R. Ry. M. V. Subrahmanya Aiyar Avergal. B. A.
" S. Subrahmanya Aiyar Avergal.
" N. Rajangam Aiyar Avergal.
" S. V. E. Arunasalam Pandaram Avergal.

Mr. M. V. Subrahmanya Aiyar was voted to the chair.

I. Read Huzur letter No. G. 4066 dated 24th June 1907 conveying Government sanction for the permanent appointment of Mr. Rengaswami Aiyangar as Sanitary Inspector under the Committee.

Recorded.

II. Read Huzur letter No. G. 4108 dated 26th June 1907 stating that the Rules regarding the opening and working of public markets sanctioned by Government under date the 19th December 1906 do not call for any modification as suggested by the Committee in their Resolution No. 1 dated 16-1-07.

Noted for necessary action being taken

III Read Sanitary Inspector's report No. 325 dated 27-6-07 requesting further action in respect of 29 persons who have not provided privies as per notice issued to them from the Committee.

Resolved that a second notice be issued to two of the persons referred to in notices Nos 81 and 03 on whom personal service has not been made. With regard to the rest notices will be issued to show cause why they should not be prosecuted.

IV. Read Sanitary Inspector's reports Nos 212 and 217 dated 25th and 29th June respectively recommending the grant of licenses to A. S. Sundaram Pillai and Thanoo Chudalamuthu to trade in firewood.

Sanctioned accordingly.

V. Read Sanitary Inspector's reports Nos. 213 and 214 dated 29-6-07 recommending the grant of licenses to Chudalamadan Narayanan to slaughter sheep and sell meat in the places mentioned in his application.

Resolved that licenses be granted.

M. V. SUBRAHMANYA AIYAR,
Chairman.

Trivandrum Observatory Notices.

Meteorological Observations From 8th—14th July 1907.		Monday. 8th July.	Tues. 9th Do.	Wed. 10th Do.	Thurs. 11th Do.	Friday. 12th Do.	Sat. 13th Do.	Sun. 14th Do.	Total fall of rain. During the week.	Total fall of rain. From 1st Jan. 1907
		inch.	inch.	inch.	inch.	inch.	inch.	inch.	inches.	inches.
Reduced Atmospheric Pressure Maximum	9 A. M.......	29·652	29·669	29·716	29·672	29·639	29·653	—		
Id. Id. Minimum	3 P. M.......	·580	·597	·613	·593	·543	·566	—		
Temperature of Air	6 A. M.......	76·2°	76·0°	73·7°	75·0°	74·7°	74·3°	—		
Id. Id.	0 P. M.......	85·4	83·8	83·7	84·1	84·4	79·0	—		
Id. of Evaporation	6 A. M... ...	73·8	74·3	70·3	72·6	72·6	72·8	—		
Id. Id.	0 P. M.......	77·4	77·9	77·4	76·8	75·8	74·9	—		
Depth of Rain in inches (read at 8 A. M.)	....	—	—	1·35	—	0·12	0.50	1·10	3·07	37·77
Daily Velocity of wind in miles............	....	127·0	84·2	83·4	122·2	121·4	181·5	175·0		
* Mean Humidity............	....	·93	·95	·93	·93	·93	·96	—		
* Proportion of sky clouded (whole sky=10·0)......		4·8	10·0	7·6	7·8	7·4	10·0	—		
Daily amount of Evaporation in the shade in inches..		·072	·045	·030	·077	·043	·042	·025		

* Mean of 5 Observations made in the day time.

P. VALOO PILLAI,
Head Assistant,
In charge.

		1081.	1082
		Inches.	Inches
Rainfall from the 1st Chingom to the 14th of Edavam 1081 and 1082	...	37·02	48·08
Do. from 15th Edavom to the 29th of Mithunam	... ...	17·50	25·27
Do. on 30th Do.	... ...	0·26	1·10
Total.........		54·78	74·45

Observatory Time Notice.

The flash of the noon day gun has been noted as follows in Trivandrum Mean Time.

			h.	m.	s.
1907 July	8th	...	12	0	0
"	9th	...	12	0	0
"	10th	...	12	0	0
"	11th	...	12	0	0
"	12th	...	12	0	0
	13th	...	12	0	0

CALENDAR.

പഞ്ചാംഗം

൧൯൦൭ ജൂലായി തിയ്യതി	൧൦൮൨ കർക്കടകം തിയ്യതി	ആഴ്ച	നക്ഷത്രം	തിഥി	വിശേഷ ദിവസങ്ങൾ
൮	൧	ഞ	ഉ ൫൧ ¦=	ഷ ൫൪ ॥=	൮ന്- ദക്ഷിണായനപുണ്യകാലം മാസപ്പിറവി വ്രതം തിരുവനന്തപുരത്തു കർക്കടകശ്രീബലി
൯	൨	തി	അ ൫൨ ¦=	സ ൫൪	൧൧ന്- ശയനൈകാദശീവ്രതം അന്നു ൫൦ = നാഴികപ്പുലർന്നു മുതൽ ഷഷ്ടീ വാസരകാലം
൧൦	൩	ചൊ	ചി ൫൫ ॥=	അ ൫൨ ¦	൧൩ന്- പ്രദോഷവ്രതം
൧൧	൪	ബു	ചോതി ൫൮ ॥	ന ൪൮ ¦	
൧൨	൫	വ്യ	വി ൬൧ ॥=	ദ ൪൪ =	
൧൩	൬	വെ	അ ൬൨ ॥	ഏ ൩൯ ॥=	
൧൪	൭	ശ	കെ ൬൩	ദ്വാ ൩൩ ॥=	

PRICE LIST.

൧൦൮൨-ാമാണ്ടു മിഥുനമാസം ൧൭ന്- മുതൽ ൨൨ന്- വരെയുള്ള
തിരുവനന്തപുരത്തു കമ്പോളത്തിലെ നിരക്ക

ഇനം വിവരം	അളവു എണ്ണം	വില പണം
നെല്ല് ഒന്നാം തരം	പറ ഒന്നിനു	൫ ¦ - അരമാകാണി
ടി രണ്ടാം തരം	ടി	൫
കുത്താളം പാടി വെള്ള അരി	ടി	...
ഉഴുന്ന	ടി	൩ ॥ = അരമാകാണി
പയറ	ടി	൧൦ ॥ = അരമാകാണി
ചെറുപയറ	ടി	൧൧ ¦ = മുക്കാമാകാണി
എള്ള	ടി	൧൩ ¦ - കാമാകാണി
കടുക	ടി	൧൨ ¦ - കാമാകാണി
തെങ്ങ	ടി	൩൦
വെളിച്ചെണ്ണ	ടി	൫൫
കോഴി	ഒരു കെട്ട	൨൧ = അരമാകാണി
പഞ്ചസാര ഒന്നാം തരം	തുലാം ഒന്നിനു	൧൩ ¦ = അരമാകാണി
ടി രണ്ടാം തരം	ടി	൫൦
ശർക്കര	ടി	൨൦
കാപ്പിക്കുരു	ടി	൧൩ ¦ - കാമാകാണി
വെള്ളുള്ളി	ടി	൨൦൦
പുകയില ഒന്നാം തരം	ടി	ൻ - കാമാകാണി
ടി രണ്ടാം തരം	ടി	൩ ॥ =

SEASON REPORT

For the week ending 7th July 1907.

Water supply pasturage sufficient—Paddy growing—Prices stationary Condition cattle good—Public health satisfactory—Week's rainfall 0·95.

൧൯൦൭ ജൂലായി ൭ന്-യൊടുകൂടി അവസാനിക്കുന്ന ആഴ്ചവട്ടത്തിലെ കാലാവസ്ഥ റിപ്പോർട്ട്.

വെള്ളവും പുല്ലും ധാരാളം നെല്ല് വളർന്നുവരുന്നു വില ഒരേ സ്ഥിതിയിൽ ഇരിക്കുന്നു കന്നുകാലികളുടെ സ്ഥിതി നന്നു. ജനസൌഖ്യം തൃപ്തികരം. ആഴ്ചവട്ടത്തിലെ മഴ ൦.൯൫

Terms of Subscription to the Government Gazette from and after the 1st Chingom 1083/17th August 1907.

For one year ...	...	4 Bh. Rs.
For one month	...	10 Chuckrams.
Single copy ...	...	4 Chuckrams.

Postage to be added at the rate of Bh. Rs. 4¼ if the Gazette is to be sent by British Post.

The subscription is payable strictly in advance and payment by instalments or by deductions from pay will not be allowed. The rates of subscription of single copies and by the month refer only to ordinary issues of the Gazette, and do not apply to issues containing lengthy Legislative Enactments.

A. J. VIEYRA,

Chief Secretary to Government.

Huzur Cutcherry,
Trivandrum,
17th May, 1907.

Charges for Advertisements.

	Rs.	Ch.	C
Per column line, 1st insertion	,,	1	12
Do. subsequent insertions...	,,	1	8
For a full page of 50 lines 1st insertion ...	5	,,	,,
Do. Do. subsequent insertions	4	,,	,,

Standing advertisements will be charged at reduced rates. Information regarding such rates can be obtained from the Superintendent of the Government Press.

Tabular work will be charged according to the nature of work.

The above rates are for Pica type in English and Tamil and Malayalam type cast on English body.

Notice.

In supersession of the notice dated 23rd December 1905, it is hereby notified that all matter whether official or private intended for publication in the Government Gazette should be sent in diglott wherever necessary, plainly and legibly written on one side of the paper only so as to reach "the Chief Secretary to Government, Huzur Cutcherry, Trivandrum," not later than Friday previous to the issue of the Gazette in which they are meant to be published.

Lengthy papers should be sent even earlier and in sufficient time.

Notice.

With reference to the notice dated 23rd December 1905, it is hereby notified that the Superintendent, Government Press, is entrusted with the printing and issue of the Government Gazette and the receiving of subscriptions on account of the same.

All communications relating to the issue of the Gazette and remittances on account of subscription should be addressed to "the Superintendent, Government Press, Trivandrum."

A. J. VIEYRA,

Chief Secretary to Government.

Huzur Cutcherry,
Trivandrum,
16th April 1906.

പരസ്യം

[illegible]

ഒരു കൊല്ലത്തേക്ക്	൪ ബ്രിട്ടീഷ് രൂപാ
ഒരു മാസത്തേക്ക്	൧൦ ചക്രം
ഒരു പ്രതിക്ക്	൪ ചക്രം

[illegible]

[illegible]

ഹജൂർ കച്ചേരി
തിരുവനന്തപുരം
[illegible]

ഗവർന്മെന്റ ചീഫ് സിക്രട്ടറി
എ. ജെ. വീയറാ.

ഇതിൽ ചേർക്കുന്നതിനു കൊടുക്കേണ്ടുന്ന കൂലിയുടെ വിവരം.

[illegible]

പരസ്യം

[illegible]

പരസ്യം

[illegible]

ഗവർന്മെന്റ ചീഫ് സിക്രട്ടറി
എ. ജെ. വീയറാ.

ഹജൂർ കച്ചേരി
തിരുവനന്തപുരം
[illegible]

List of Holidays for the Huzur Cutcherry in the month of Karkadagom 1082.

English Month.	Date.	Malayalam Month.	Date.	Day of the week.	Nature of Holidays.
1907.		1082.			
July	16	Karkadagom.	1	Tuesday.	Karkadaga Seevali.
August	7	Do.	23	Wednesday	Vavu Orikal.
Do.	8	Do.	24	Thursday	New Moon.
Do	16	Do.	32	Friday	Adi Arouthi.

൧൦൮൨-ാമാണ്ട കർക്കടകമാസത്തിൽ ഹജൂർകച്ചേരി ഒഴിവുള്ള ദിവസങ്ങളുടെ വിവരം ലിസ്റ്റ്.

ഇംഗ്ലീഷ് മാസം	തിയ്യതി	മലയാള മാസം	തിയ്യതി	ആഴ്ച	ഒഴിവുള്ള ദിവസം
൧൯൦൭					
ജൂലായി	൧൬	കർക്കടകം	൧	ചൊവ്വാ	കർക്കടകശ്ശീവേലി
ആഗസ്റ്റ്	൭	ടി	൨൩	ബുധൻ	വാവിൻ്റെ ഒരിക്കൽ
ടി	൮	ടി	൨൪	വ്യാഴം	കറുത്ത വാവ്
ടി	൧൬	ടി	൩൨	വെള്ളി	ആടിയറുതി